PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Friday, the 6th August 1954.

Vol. XI.] **OFFICIAL REPORT.** [No. 21

The Assembly met in the Assembly Chamber at Eleven O' Clock on Friday, the 6th August 1954 with Mr. Speaker in the Chair.

Adjournment Motion.

Mr. Speaker: I have to dispose of an adjournment motion by Shri U. Nilacantan. As it is a continuing matter, it is not a matter for an adjournment motion and I rule it out.

Question of Procedure.

Shri R. Sankaranarayanan Tampi: Sir, the other day I wanted to raise a question of procedure. I looked into the parliamentary practices elsewhere, but I could not find any precedent to help me. Inasmuch as such practice has not till now obtained elsewhere, I present the case before the Speaker for his consideration and ruling. My case is this. Government have produced certain documents before the Legislature as the authentic documents of the Government. The Ministers have also made oral statements which were found to be contradictory to the information contained in the documents. The documents produced and the oral statements made are by the same authority, because the documents are issued under the authority of the Government and presented before this House as Government documents, and the statements made are made by the Ministers who represent Government in the House. Therefore, it leads to the conclusion that either the matter in the documents are false, or the oral statements of the Ministers are false. That being the case, the oral statements and the documents produced are made with the intention of deceiving the House. My submission is that the question may

[Shri. R. Sankaranarayanan Tampi]

be considered as one affecting the privilege of the House and a ruling may be made by the Chair. I am not pressing for it at present.

Shri P. S. Nataraja Pillai: Sir, I have to make an observation in this connection. The hon. Member seems to have taken it for granted that there is a contradiction. He read a portion which has not been subjected to the discussion of this House, and hence not explained fully. The inference of the hon. Member is not the inference accepted by the House. If, after reading the two statements, a discrepancy is found, the Chair may give a ruling on that. My feeling on the matter is that Appropriation Accounts and Audit Report which has been submitted by the Comptroller, after an examination of the accounts, (which is referred to by the hon. Member) is not an isolated document. It has to be gone into in relation to the facts which I have presented before the House. Therefore to draw an inference without affording an opportunity for explanation is, I feel, unwarranted.

Mr. Speaker: If the question is to be raised as a question of privilege, then notice has to be given previously. When it comes to me in that manner, I will give a considered ruling in the matter.

PRESENTATION OF THE REPORT OF THE ESTIMATES COMMITTEE.

Minister for Finance **(Shri P. S. Nataraja Pillai:)** Sir, as Chairman of the Estimates Committee for 1954-55, I beg to present the first report of the Committee on Education.

THE TRAVANCORE-COCHIN APPROPRIATION (No. 3) BILL, 1954.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I beg to introduce the Travancre-Cochin Appropriation (No. 3) Bill, 1954.

Minister for Works and Transport **(Shri A. Achuthan):** I second it.

Shri P. S. Nataraja Pillai: Sir, I move that the Travancore-Cochin Appropriation (No. 3) Bill, 1954, be taken up for consideration.

Shri A. Achuthan: I second it.

The question that the Travancore-Cochin Appropriation (No. 3) Bill be taken up for consideration, was put and carried.

Clauses 2 and 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Schedule.

The question that the Schedule stands part of the Bill, was put and carried.

The Schedule was added to the Bill.

Clause 1.

The question that Clause 1 stands part of the Bill, was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title of the Bill were added to the Bill.

Shri P. S. Nataraja Pillai: I move that the Bill may be finally passed.

Shri A. Achuthan: I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

THE TRAVANCORE-COCHIN PANCHAYATS (AMENDMENT) BILL.

Minister for Finance (**Shri P. S. Nataraja Pillai**): I beg to introduce the Travancore-Cochin Panchayats (Amendment) Bill.

Minister for Works and Transport (**Shri A. Achuthan**): I second it.

Mr. Speaker: The Travancore-Cochin Panchayats (Amendment) Bill stands introduced.

Shri P. S. Nataraja Pillai: I move the Travancore-Cochin Panchayats (Amendment) Bill be taken up for consideration.

Sir, this is a Bill to take power on the part of Government to provide more funds for the Panchayats, in order to enable them to discharge the responsibilities entrusted to them more effectively. It was the sense of the various sections of the House that financial facilities must be made available to the Panchayats to make them really effective institutions for the development of the country. This Bill contains only one section which is to the effect that the Government may contribute to the Panchayats such amounts as may be necessary for meeting the expenditure in connection with the management of the institutions or the execution or maintenance of any work or the performance of any duty which the Government may from time to time make over to the Panchayats under Section 46. Under Section 55, Government may contribute to the Panchayats an amount equal to that raised by the Panchayats by way of

[Shri P. S. Nataraja Pillai]

cess etc. subject to a maximum of Rs. 2,000. That is the provision under the existing law. It was urged on the floor of the House, that if the Panchayats are to be really effective, they must have more resources at their command in order to enable them to undertake useful work. The amendment gives Government the power to grant additional sums to the Panchayats to undertake additional responsibilities. Although the Government have the right to grant amounts to such institutions, it was thought better in the interests of every one concerned to have a specific provision made in this manner. It is with this purpose that the Bill is introduced. In the Financial Statement it will be seen that a sum of Rs. 56 lakhs has been set apart for distribution among the Panchayats to undertake local development works and minor irrigation works, Rs. 30·85 lakhs for local development and Rs. 25.1 lakhs for minor irrigation works. These works are to be done by the Panchayats. In the circumstances this amendment is very necessary, and I request that the House may be pleased to accept the Bill and pass it.

Shri V. V. Sebastian : May I know whether the provisions of this amendment will be given effect to before passing the rules to be prescribed under Section 46?

Shri P. S. Nataraja Pillai : The necessary rules will be issued.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പഞ്ചായത്തു ബില്ലിനെപ്പററി ഗവണ്മെൻറിൽനിന്നും ഹാജരാക്കിയിട്ടുള്ള ഭേദഗതിയുടെ പൊതുതത്വത്തോട് അനുകൂലിച്ചുകൊണ്ട്, ചില വസ്തുതകൾ ഈ സഭയിൽ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. നിലവിലിരിക്കുന്ന പഞ്ചായത്താക്ടനുസരിച്ച് ഈ സംസ്ഥാനത്തെ നാട്ടിൻപുറങ്ങളിലുള്ള 545-ൽപ്പരം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യമല്ലാതായിരിക്കുന്നുവെന്നുള്ളതാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഇതു കക്ഷിഭേദമെന്യേ ഈ സഭയിലുള്ള കാൺഗ്രസ്സു പാർട്ടിയും, സോഷ്യലിസ്ററു പാർട്ടിയും, കമ്മ്യൂണിസ്ററു പാർട്ടിയും എന്നല്ല, വിവിധ രാഷ്ട്രീയപാർട്ടികളിൽ വിശ്വസിച്ചുപോരുന്ന എല്ലാ പഞ്ചായത്തു പ്രസിഡൻറന്മാരും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥം മാത്രമാണ്. ഇതിനെപ്പററി നാട്ടിൻെറ പലഭാഗങ്ങളിൽ നിന്നും പല നിവേദനങ്ങളും ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ട്. ഇന്ന് ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ഭേദഗതി കൊണ്ട് പഞ്ചായത്തുകളുടെ പ്രവർത്തനം അർഹിക്കുന്നവിധത്തിൽ നാട്ടുകാർക്കു പ്രയോജനപ്രദമായവിധം തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയില്ലെന്നുള്ളതു് ഈ സഭയുടെ ഗർഹണീയമായ പരിചിന്തനയ്ക്കു് വിധേയമായിത്തീരേണ്ടതുണ്ട്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അമെൻഡ്മെൻറ് പഞ്ചായത്ത് ആക്ടിലെ 55-ാംവകുപ്പിനെയാണ് ബാധിക്കുന്നതു്. എന്നാൽ55(1)-ാം ഉപവകുപ്പ് പറയുന്നതു്, അതാതു പഞ്ചായത്തുകൾ പിരിക്കുന്ന നികുതിയുടെയും സെസ്സിൻെറയും ആകെ തുക എന്തുവരുന്നോ അത്രയും തുകകൂടി ഗവണ്മെൻറിൽനിന്നും കൊടുക്കുമെന്നും, എന്നാൽ ഒരു കാരണവശാലും ആ തുക രണ്ടായിരംരൂപയിൽ കവിയുന്നതല്ലെന്നുമാണ്, ഈ വകുപ്പ് ഭേദഗതി

ചെയ്യേണ്ടതു് ആവശ്യമാണു്. പ്രധാനമായും ഒന്നാം ഉപവകുപ്പിനു് ഭേദഗതി വരുത്തേണ്ടതു് പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു് അത്യന്താപേക്ഷിതമാണെന്നു് പഞ്ചായത്തുകളിൽ കാര്യക്ഷമമായി പ്രവൃത്തികൾ നടക്കണമെന്നാഗ്രഹിക്കുന്ന എല്ലാ പഞ്ചായത്തുകളും പൗരന്മാരും ഊന്നിപ്രസ്താവിച്ചിട്ടുള്ളതാണു്. ഈ വകുപ്പിൽ പഞ്ചായത്തുകൾക്കു് കൊടുക്കുന്ന ഗ്രാന്റ 2000 രൂപയിൽ കവിയുന്നതല്ല എന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്. ഇതിനെക്കാൾ ദോഷകരമായ ഒരു വ്യവസ്ഥ പഞ്ചായത്തുകൾക്കു് വേറെയില്ല. ഒരു പഞ്ചായത്തു് എത്ര രൂപയാണു് കരം ഇനത്തിലും മററുള്ള സെസ്സു് ഇനത്തിലും പിരിക്കുന്നതു് ആ തുകയുടെ സമമായ വീതാംശം മാത്രമെ ഗവണ്മെന്റ കൊടുക്കുകയുള്ളു എന്നുള്ള ഒരു നിർബന്ധമാണു് ഈ വകുപ്പിൽ ഉൾക്കൊള്ളുന്നതു്. ആ വകുപ്പിനെ അതേരീതിയിൽ സംരക്ഷിച്ചുകൊണ്ടുള്ള ഈ ഭേദഗതി നമ്മുടെ പഞ്ചായത്തുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുപകരം ഇന്നത്തെ രീതിയിൽ നിശ്ചലമാക്കി തീർക്കുകയേയുള്ളു. കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതികൊണ്ടു ഗവണ്മെന്റ ഉദ്ദേശിക്കുന്നതു് റൂറൽ ഡെവലപ്പുമെന്റ ഡിപ്പാർട്ടുമെന്റിനു് ചിലവു ചെയ്തിരുന്ന 6 ലക്ഷം രൂപയും G. M. F. വക്‌സിനു് ഉദ്ദേശിച്ചിരുന്ന 30 ലക്ഷം രൂപയും പഞ്ചായത്തുകളുടെ പേരിൽ മാററുന്നതിനും ആവക ജോലികൾ പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ചെയ്യുന്നതിനുമാണു്. ഈ സമ്പ്രദായംമൂലം കഴിഞ്ഞവർഷംവരെ പ്രത്യേകമായി പ്രവർത്തിച്ചുകൊണ്ടിരുന്ന G. M. F., റൂറൽഡവലപ്പ്‌മെന്റവകുപ്പുകളിലൂടെയുള്ള പ്രവർത്തനം നിശ്ചലമാക്കുന്നതിനോടൊപ്പം പഞ്ചായത്തുകളുടെ സ്റ്റാററ്യൂട്ടറി ഗ്രാന്റിനു് യാതൊരു മാററവും വരുത്തുന്നുമില്ല. പഞ്ചായത്തുകളുടെ ലേബലിൽ മററു ഡിപ്പാർട്ടുമെന്റുകൾ ചെയ്തിരുന്ന ജോലികൾ നടത്തുന്നൊന്നുമാത്രം. ഗവണ്മെന്റ ഒരു പ്രത്യേക ജോലി—പഞ്ചായത്തു് ആക്ററ 46-ാംവകുപ്പനുസരിച്ചു് പഞ്ചായത്തുകളെ ഏൽപ്പിച്ചു് അതിന്റെ നിർവഹണത്തിനു പ്രത്യേകം ചുമതലപ്പെടുത്തിയാൽ മാത്രമേ ആ പ്രത്യേകപഞ്ചായത്തുകൾക്കു ഈ തുക കിട്ടുവാൻ പോകുന്നുള്ളു. അതുകൊണ്ടാണു് രാഷ്ട്രീയമായ പരിഗണനകൾ ഇക്കാര്യത്തിൽ പ്രയോഗിക്കപ്പെടുമെന്നും തന്നിമിത്തം ഏതാനും ചില പഞ്ചായത്തുകൾക്കേ ഈ തുക ഉപകരിക്കുകയുള്ളു എന്നും ഞാൻ പറയുന്നതു്. ഇതിനെ നോക്കുമ്പോൾ പ്രധാനമായി ഒന്നു രണ്ടു കാര്യങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ടു്. നമ്മുടെ 545 പഞ്ചായത്തുകളിൽ വളരെ അധികം പഞ്ചായത്തുകളും സ്വയം പ്രവർത്തിച്ചു് മുന്നോട്ടുപോകുവാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തുകളാണു്. പഞ്ചായത്തുകളുടെ ഒരു സാമ്പത്തികസർവ്വേ എടുത്തതിനുശേഷമല്ല സർക്കാർ ഈ ഗ്രാന്റ കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. അരുവിക്കര, കടകംപള്ളി, വെള്ളനാടു്, വെമ്പായം, ഒററശ്ശേഖരമംഗലം, ഉള്ളൂർ മുതലായ പഞ്ചായത്തുകളിൽ ഒരു പബ്ലിക്ക്മാർക്കററൊ, സിനിമയൊ, എസ്റ്റേററുകളൊ, ഫാക്ടറികളൊ ഇല്ലാത്തതുകൊണ്ടു് അവിടത്തെ വരവു സ്വാഭാവികമായി വളരെ ചുരുങ്ങിയതാണു്. ആ പഞ്ചായത്തുകൾക്കു 55-ാംവകുപ്പനുസരിച്ചുള്ള ഗ്രാന്റു് മാത്രമേ കൊടുക്കുകയുള്ളു എങ്കിൽ അതുകൊണ്ടു അവരുടെ എസ്റ്റാബ്ലിഷ്‌മെന്റു് ചാർജ്ജുകൂടി നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലാതെ വരുന്നതാണു്.

മറെറാരുകാര്യംകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. ഗവണ്മെന്റിന്റെ പദ്ധതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

പഞ്ചായത്തുകളുണ്ടു്. അരുവിക്കര പഞ്ചായത്തിലും വെല്ലിംഗ്ടൺ വാട്ടർ വർക്ക്സ് സ്കീമിനുവേണ്ടിയും ഒററശ്ശേഖരമംഗലം പഞ്ചായത്തിൽ നെയ്യാർ ഡാം സ്കീമിനു് വേണ്ടിയും നൂറുകണക്കിനു ഏക്കർ ഭൂമി ഗവണ്മെൻറു പ്രത്യേകം നീക്കിവച്ചിട്ടുണ്ടു്. അങ്ങനെ നിരവധി പഞ്ചായത്തുകളിൽ നൂറുകണക്കിനു് ഏക്കർ സ്ഥലം പ്രത്യേകം നീക്കിവച്ചിട്ടുണ്ടു്. ഈ പഞ്ചായത്തുകൾക്കു സ്പെഷ്യൽഗ്രാൻറില്ല എന്നുള്ളതിനുപുറമെ ലാൻറു് ടാക്സുകൂടി കിട്ടുവാൻ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്. അങ്ങിനെയുള്ള പഞ്ചായത്തുകൾക്കു പ്രത്യേകമായി യാതൊരു സഹായവും ചെയ്തുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ഗവണ്മെൻറിനു് ഇല്ല.

കഴിഞ്ഞ പ്രാവശ്യം കഴക്കൂട്ടം എം. എൽ. എ. ശ്രീ. വി. ശ്രീധരൻ ഒരു അടിയന്തിരപ്രമേയം ഇവിടെ കൊണ്ടുവന്നു. 1954 മാർച്ച് 10-ാനു- പഞ്ചായത്തു ഡയറക്ടരുടെ ഒരു സർക്കുലർ എല്ലാ പഞ്ചായത്തുകൾക്കും കിട്ടുകയുണ്ടായി. 1954-ലെ നികുതിയിനങ്ങൾ പിരിക്കാത്തപക്ഷം ഗവണ്മെൻറിൽനിന്നു കിട്ടേണ്ട വീതാംശം കിട്ടുകയില്ല എന്നായിരുന്നു സർക്കുലർ. ഇവിടെയുള്ള പുതിയ പഞ്ചായത്തുകൾക്കു് അതു സാദ്ധ്യമല്ലാത്തതുകൊണ്ടു ഇതിനെക്കുറിച്ചു് ചർച്ചചെയ്യുന്നതിനുള്ള ഒരു അടിയന്തിരപ്രമേയമായിരുന്നു അതു്. അതിൽ അടിയന്തിരസ്വഭാവമില്ലെന്നു പറഞ്ഞു് അതുതള്ളിക്കളഞ്ഞു. അതിനു ശേഷം ഈ അസംബ്ലിയിൽ മാർച്ച് 30-ാംനു- ഉത്തരം കിട്ടത്തക്കവണ്ണം ശ്രീ. വി. ശ്രീധരൻ ഒരു ഷാർട്ടുനോട്ടീസ് ക്വസ്റ്റ്യൻ അയച്ചിരുന്നു. അതു ഇവിടെ അങ്ങു അനുവദിക്കുകയുംചെയ്തിട്ടുണ്ടു്. പഞ്ചായത്തുകൾക്കു് കരംഇനങ്ങളും മററും പിരിക്കുന്നതിനു് ആവശ്യമായ റിക്കാർഡുകളും മെറീരിയൽസും ഇല്ലാത്തതുകൊണ്ടു് ഒരു പഞ്ചായത്തിനും 1954-ൽ തന്നെ, ഈ വൈകിയവേളയിൽ പ്രസ്തുത വർഷത്തെ കരംപിരിക്കുവാൻ സാദ്ധ്യമല്ലെന്നും, ആ പരിതഃസ്ഥിതിയിൽ പഞ്ചായത്തുകൾക്കു് ഗവണ്മെൻറിൻനിന്നു കിട്ടേണ്ട 2000 ഉറുപ്പികഗ്രാൻറു കിട്ടുവാൻ സാദ്ധ്യമല്ലെന്നും, അതു നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കണമെന്നും മററുമായിരുന്നു ശ്രീ. വി. ശ്രീധരൻ അദ്ദേഹത്തിൻെറ ഷാർട്ടുനോട്ടീസു ക്വസ്റ്റ്യൻമുഖേന ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന സംഗതികൾ. അതിനു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു് ഒരിക്കലും അങ്ങനെയൊരു അപകടം ഉണ്ടാകുവാൻ പോകുന്നില്ലെന്നും, അതിനു വേണ്ട പരിരക്ഷാനടപടികൾ നടത്തുന്നതാണെന്നുമാണു്. ഇപ്പോൾ 1954-55-ലേക്കു് ഉള്ളൂർ പഞ്ചായത്തിലേക്കു അനുവദിച്ചിട്ടുള്ള ബഡ്ജററു എൻെറ കൈവശമുണ്ടു്. ഗവണ്മെൻറു കാൺട്രിബ്യൂഷൻ ഉൾപ്പെടെ ഏഴായിരംരൂപയുടെ ഒരു ബഡ്ജററാണു ഉള്ളൂർ പഞ്ചായത്തിൽനിന്നു് തയ്യാറാക്കിപഞ്ചായത്തു ഡയറക്ടറക്കു അയച്ചതു്. എന്നാൽ അദ്ദേഹം രണ്ടായിരത്തിഅഞ്ഞൂറു ഉറുപ്പികയുടെ ബഡ്ജററാണു അനുവദിച്ചിരിക്കുന്നതു്. കഴിഞ്ഞവർഷത്തെ നികുതിഇനങ്ങൾ പിരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഗവണ്മെൻറു കാൺട്രിബ്യൂഷൻ ഇല്ലെന്നാണു് വന്നിരിക്കുന്നതു്. ശ്രീകാര്യം പഞ്ചായത്തിനു് ഏഴു രൂപയാണു ഗവണ്മെൻറു ഗ്രാൻറുകൊടുത്തിരിക്കുന്നതു്. ആ പഞ്ചായത്തിൻെറ 1953-54-ലെ വരവു് 10 രൂപയായിരുന്നു. അതുകൊണ്ടാണു് ഏഴു രൂപ ഗ്രാൻറു കൊടുത്തിരിക്കുന്നതു്. ഈ കടുംകൈമൂലം മിക്ക പഞ്ചായത്തുകളുടേയും സാമ്പത്തികപരിതഃസ്ഥിതികൾ ശ്രീ. വി. ശ്രീധരൻ ചൂണ്ടിക്കാ

ണിച്ചിരുന്നതുപോലെതന്നെ സ്തംഭിച്ചുപോയിരിക്കുകയാണ്. ഈ ദുഃസ്ഥിതി ഒഴിവാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഷോർട്ട്നോട്ടീസ് ക്വസ്റ്റ്യന് മറുപടി പറഞ്ഞപ്പോൾ ഉറപ്പുനൽകിയത്. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പ്രസ്താവിച്ച ഉറപ്പിന് എട്ടുകാശിന്റെ വിലപോലുമില്ലെന്നുതന്നെയാണ് അനുഭവം തെളിയിക്കുന്നത്. പഞ്ചായത്തുകളുടെ ഭാവി വളരെ വിഷമകരമായ അവസ്ഥയിൽ കുടുങ്ങിപ്പോയിരിക്കുന്നു. ഈ ഭേദഗതി ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പഞ്ചായത്തുകളിൽനിന്നു വളരെ അധികം റെപ്രസന്റേഷൻ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ, 55-ാംവകുപ്പിലെ 1-ാം ഉപവകുപ്പിന് മാറ്റം വരുത്താത്തകാലത്തോളം പഞ്ചായത്തുകളുടെ സാമ്പത്തികപരാധീനതകളെ സംബന്ധിച്ച് യാതൊരു പരിഹാരങ്ങളും നടപ്പിൽ വരാനിടയില്ല. 1954 മാർച്ച് 22-ാംതീയതി ഈ നിയമസഭയിൽ രാജപ്രമുഖൻ ചെയ്ത നയപ്രഖ്യാപനത്തിൽ പഞ്ചായത്തുകളെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ പാളിസി പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ ഗ്രാമങ്ങളുടെ ജനാധിപത്യപരവും ധനപരവുമായ അഭിവൃദ്ധിക്കുള്ള ഏജൻസികളായിരിക്കുമെന്നു ആ നയപ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആ പ്രഖ്യാപനത്തിന് യാതൊരുവിലയും ഈ മന്ത്രിസഭ നൽകുന്നില്ല.

ഈ അടുത്തകാലത്ത് പഞ്ചായത്തുകളും അതതുസ്ഥലത്തെ പോലീസുമായി വലിയ ഉരസൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു മെമ്പറന്മാരോട് പഞ്ചായത്തിലുള്ള പാവപ്പെട്ട ആളുകൾ വന്നു പല പരാതികളും പറയാറുണ്ട്. ആ പരാതികളെല്ലാം അന്വേഷിക്കുവാൻ ബാദ്ധ്യസ്ഥരായിട്ടുള്ള പഞ്ചായത്തുമെമ്പറന്മാർ വാദിയേയും പ്രതിയേയും വിളിച്ച് പരാതികൾ അവസാനിപ്പിച്ച് അവരെ രഞ്ജിപ്പിച്ച് വിടുന്നുണ്ട്. ഇത് കാൺഗ്രസ്സ് പഞ്ചായത്തിലും പി. എസ്. പി.യുടെ പഞ്ചായത്തിലും സ്വതന്ത്രന്മാരുടെ പഞ്ചായത്തിലും സ്വീകരിച്ച് നടപ്പിൽവന്നിട്ടുള്ള ഒരു നടപടിയായിത്തീർന്നിരിക്കുകയാണ്. പഞ്ചായത്തുകാരുടെ ഈ രഞ്ജിപ്പിക്കൽ നയംമൂലം വളരെ അധികം പരാതികളും കേസുകളും കുറയുവാൻ തുടങ്ങിയപ്പോൾ പോലീസിന് പരിഭ്രാന്തി ഉണ്ടായിരിക്കുന്നു. ആണററിജോലിചെയ്യുന്ന പഞ്ചായത്തു പ്രസിഡന്റന്മാരെ പോലീസ് അനാവശ്യമായി ചീത്ത പറയുവാനും അവഹേളിക്കുവാനും തുടങ്ങിയിരിക്കുന്നു. ഉള്ളൂർ പഞ്ചായത്തുപ്രസിഡന്റായ ചെറുവയ്ക്കൽ ഭാസ്കരൻനായരെ, കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടർ ഒരു മി. ചെല്ലദുരരാജ്, അദ്ദേഹത്തിന്റെ വീട്ടിൽ ജീപ്പിൽ ചെന്നു് ഇറങ്ങി അധിക്ഷേപിക്കുകയും അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവിനെ ചീത്തപറയുകയും ഉണ്ടായി.

ശ്രീ. കെ. കൊച്ചുകുട്ടൻ: ബില്ലിനെപ്പറ്റിയുള്ള ചർച്ചയിൽ ഇതെല്ലാം റെലവന്റാണോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകളുടെ ശ്രേയസ്സിനും, ജനാധിപത്യ അവകാശങ്ങളുടെ വിപുലീകരണത്തിനുംവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. പഞ്ചായത്തുകളെ ശ്രേയസ്കരമാക്കി പ്രവർത്തിപ്പിക്കുന്നത് അതിലെ മെമ്പറന്മാരാണ്. അതുകൊണ്ട് അവരെ അവഹേളിക്കുന്ന ഈ പോലീസ് നടപടികളെപ്പറ്റി പ്രതിപാദിക്കാതെ നിവൃത്തിയില്ല. ഉള്ളൂർ പഞ്ചായത്തു പ്രസിഡന്റിനെ പോലീസ് ഇൻസ്പെക്ടർ അധിക്ഷേപിച്ച കാര്യം ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റ

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

രുടെ മുൻപാകെതന്നെ പോയിട്ടുള്ളതാണ്. എന്നാൽ അതിനെക്കുറിച്ച് ഇതേവരെ യാതൊരന്വേഷണവും ഉണ്ടായിട്ടില്ല. പോലീസ്സിനെപ്പററി എന്തെങ്കിലും പരാമർശിച്ചാലുടൻ ക്ഷുഭിതനായിക്കാണാറുള്ള മുഖ്യമന്ത്രിക്ക് എന്തു സമാധാനമാണിതിനു നൽകാനുള്ളതെന്നറിഞ്ഞാൽകൊള്ളാം. ആണററ് വക്കീന് ഇത്രയും കൂലി വേണമെന്നായിരിക്കാം ഗവണ്മെൻറിൻെറ തീരുമാനം. ഒരു പഞ്ചായത്തു പ്രസിഡൻറിൻെറ വീട്ടിൽ കയറി അദ്ദേഹത്തെ അധിക്ഷേപിക്കുകയും, അദ്ദേഹത്തിൻെറ വൃദ്ധനായ പിതാവിനെ ചീത്തപറയുകയും, അവഹേളിക്കുകയും ചെയ്തുവെന്നുള്ള പരാതിയെക്കുറിച്ച് യാതൊരു നടപടിയും ഇതേവരെ എടുത്തിട്ടില്ല എന്നു പറയേണ്ടിവന്നതിൽ ഞാൻ ലജ്ജിക്കുകയാണ്. ഇതുപോലെ പല പഞ്ചായത്തുകളിലും, പഞ്ചായത്തു പ്രസിഡൻറന്മാരും പോലീസ്സും തമ്മിൽ ഉരസലുകൾ നടക്കുന്നുണ്ട്. ഇതു ഉടനെ അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് ചാഴികാട്ട്: ഈ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ എന്തു അമൻഡുമെൻറു വന്നാൽ ആണ് പോലീസിൻെറ ഉരസൽ മാററി വയ്ക്കാൻ സാധിക്കുന്നതെന്നു പറയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കയറിൻെറ കാര്യം പറയുമ്പോൾ കാളയുടെ കാര്യമാണു മെംബർ പറയുന്നതു്.

ശ്രീ. മഞ്ജുനാഥപ്രഭു: പഞ്ചായത്തു നിയമമനുസരിച്ച് കേസ്സുകൾ തീർക്കാനും, കേൾക്കാനും പാടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നാട്ടുകാരുടെ പരാതികളെക്കുറിച്ചു കേൾക്കാതിരിക്കാൻ ഒരു പൊതുപ്രവർത്തകനും സാധിക്കുകയില്ല.

ചില ബഹുമാനപ്പെട്ട മെംബറന്മാരോട് ആരും പരാതി പറയുന്നില്ലായിരിക്കാം. ജനങ്ങളോട് ഉത്തരവാദപ്പെട്ട, പാവങ്ങളുടെ വോട്ടുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന, ആളുകൾക്ക് അവരുടെ പരാതികളെപ്പററി കേൾക്കാതിരിക്കാൻ നിവൃത്തിയില്ല. പഞ്ചായത്തു മെംബറന്മാരെ പിടിച്ചുനിർത്തി, പാവപ്പെട്ട ആളുകൾ അവരുടെ പരാതികൾ പറയാറുണ്ട്. ഈ സഭയിലെ അംഗങ്ങൾക്ക് അതു അനുഭവപ്പെടുന്ന കാര്യമായി ഞാൻ വിശ്വസിക്കുകയാണ്.

അതുപോലെതന്നെ പഞ്ചായത്തുകളുടെ ജനാധിപത്യസ്വഭാവത്തെപ്പററി മററു ചിലതു പറയാറുണ്ട്. പൂവച്ചൽ പഞ്ചായത്തിൽ ഒരു ആയുർവേദഡിസ്പെൻസറി അനുവദിച്ചു. ആ പഞ്ചായത്തിൽ 10 അംഗങ്ങൾ ഉണ്ട്. അതിൽ, പി. എസ്സ്. പി. കാൺഗ്രസ്സ്, ഗ്രാമസേവാസംഘം എന്നിങ്ങനെ കക്ഷിഭേദവുമുണ്ട്. ആ ഡിസ്പെൻസറികൊണ്ട് ജനങ്ങൾക്ക് കൂടുതൽ സൗകര്യവും ഉപകാരവും ഉണ്ടാകുന്നതിനു വേണ്ടി ആ പഞ്ചായത്തിൻെറ ഒരു സ്പെഷ്യൽ മീററിംഗ് വിളിച്ചുകൂട്ടി എല്ലാം കക്ഷികളുംകൂടി യോജിച്ച് ഐകകണ്ഠ്യേന ഒരു തീരുമാനം ചെയ്തു; അതായതു്, കൂടുതൽ ജനങ്ങൾക്ക് ഉപകരിക്കുന്നതിനു വേണ്ടി ആ ഡിസ്പെൻസറി കുററിച്ചൽ എന്ന സ്ഥലത്തു സ്ഥാപിക്കണമെന്നു്. പ്രസ്തുത പ്രമേയം പഞ്ചായത്തു ഡയറക്ടർക്കും, ആയുർവേദ ഡയറക്ടർക്കും, മന്ത്രിക്കും അയച്ചു. വിവിധ പാർട്ടികളിലുള്ള 10 അംഗങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി അയച്ച പ്രമേയത്തിനു് ഉദ്യോഗസ്ഥന്മാരും മന്ത്രിയും യാതൊരു വിലയും കല്പിച്ചിട്ടില്ല. നാട്ടിൽ സ്ഥാപി

കുവാൻപോകുന്ന ഒരു സ്ഥാപനം അതു് ജനങ്ങളുടെ സൗകര്യത്തെ കരുതി ഇന്ന സ്ഥലത്തു സ്ഥാപിക്കണമെന്നു പറഞ്ഞാൽ അതുപോലും ചെയ്യുന്നില്ലെങ്കിൽ—അംഗീകരിക്കാൻ തയ്യാറല്ലെങ്കിൽ പിന്നെ പഞ്ചായത്തുകളുടെ സ്ഥാനമെന്താണ്. മറെറാരു സംഭവത്തെപ്പററി എനിക്കു പറയാനുണ്ടു്. കാൺഗ്രസ്സ് ഗവണ്മെൻറുപോലും പഞ്ചായത്താഫീസറന്മാരുടെ തീരുമാനം നിറുത്തിവച്ചിരിക്കുകയായിരുന്നു. പിന്നെ പി. എസ്സ്. പി. ഗവണ്മെൻറ് ഉടനടി പഞ്ചായത്തു് ആഫീസറന്മാരുടെ നിയമനം നടത്തുവാൻ പോകുകയാണെന്നാണ് കേൾക്കുന്നതു്. ഇതു് ന്യായീകരിക്കാനാവാത്ത ഒരു നടപടിയായിട്ടുമാത്രമേ ശേഷിക്കുകയുള്ളു. സർ, ഇതു് ഭാരിച്ച മറെറാരു ചെലവുകൂടെ പഞ്ചായത്തുകളുടെ തോളിൽ കയററിക്കൊടുക്കുകയാണ്. പ്രവർത്തനങ്ങൾക്കുള്ള പരിശീലനം എല്ലാം പഞ്ചായത്തു പ്രസിഡൻറന്മാരും ഇതിനകം നേടിക്കഴിഞ്ഞിരിക്കുകയാണ്. പഞ്ചായത്തുകളിലെ ജോലികൾ വളരെയധികം വർദ്ധിച്ചിരിക്കുകയാണിന്നു്.

ഇപ്പോൾ പാർട്ടൈം ക്ലാർക്കന്മാരെമാത്രം അനുവദിച്ചുകൊടുക്കുന്നതുകൊണ്ടു് പഞ്ചായത്തു പ്രസിഡൻറന്മാക്കു് അവരുടെ ജോലികൾ നിർവ്വഹിക്കുന്നതിനുംമററും വലിയ വിഷമം ഉണ്ടാകുന്നു. ഇപ്പോൾ ഇവിടെ 545 പഞ്ചായത്തുകളുണ്ടു്. എക്സിക്യൂട്ടീവ് ആഫീസറന്മാരെ നിയമിച്ചാൽ പഞ്ചായത്തു പ്രസിഡൻറന്മാർ വെറും കൈപ്പൊക്കികളായി ശേഷിക്കുമെന്നല്ലാതെ മററു യാതൊരു ഗുണവും ഉണ്ടാകുകയില്ല. നേരേമറിച്ചു് ഫുൾടൈം ക്ലാർക്കന്മാരെ നിയമിക്കുകയും പ്രസിഡൻറന്മാക്കു് കൂടുതൽ അധികാരം നൽകുകയുമാണെങ്കിൽ കാര്യങ്ങൾ ശരിക്കു നടക്കും. മാത്രമല്ല, പഞ്ചായത്തുകളിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരെ എക്സിക്യൂട്ടീവ് അധികാരങ്ങളും നൽകി നിയമിക്കുകയാണെങ്കിൽ അഴിമതികൾ വളരെയേറെ വർദ്ധിക്കുന്നതാണ്. ഇവരുടെ കറപ്ഷൻ അവസാനിപ്പിക്കുന്നതിനു് വളരെയേറെ പാടുപെടേണ്ടിവരും. ജനാധിപത്യസ്വഭാവത്തെപ്പററി പറയുന്നവർ, അധികാരവികേന്ദ്രീകരണത്തെപ്പററി പ്രസംഗിക്കുന്നവർ, ജനകീയ സ്ഥാപനങ്ങളിലുള്ള ജനപ്രതിനിധികൾക്കു് അഭിപ്രായം പറയുന്നതിനും, ആ അഭിപ്രായങ്ങൾ നടപ്പിലാക്കുന്നതിനും തക്ക പരിതഃസ്ഥിതിയുണ്ടാക്കണം. അതുകൊണ്ടു് എനിക്കു് പറയുവാനുള്ളതു് പഞ്ചായത്തു ആഫീസറന്മാരുടെ നിയമനം മാററിവയ്ക്കുക, ഒരു സാമ്പത്തിക സർവ്വേ നടത്തുക, ഫുൾടൈം ക്ലാർക്കന്മാരെ നിയമിക്കുക, കുറഞ്ഞതു് 10,000 രൂപ ഗ്രാൻറും സ്പെഷ്യൽ ഗ്രാൻറിനങ്ങളും അനുവദിക്കുക, അതിനുവേണ്ടി പഞ്ചായത്തു ആക്ററ് 55-ാം വകുപ്പു് ഒന്നാം ഉപവകുപ്പു് ഭേദഗതി ചെയ്യുക, പോലീസിൻെറ പഞ്ചായത്തുകളോടുള്ള മനോഭാവം ജനാധിപത്യപരമായ മാന്യതയെ ബഹുമാനിക്കുന്നതായി മാററുക എന്നിവയാണ്. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഗവണ്മെൻറ് അവതരിപ്പിച്ച ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ജി. എം. എഫ്. വക്ക് നടത്തുന്നതിനും, മററ് മൈനർ ഇറിഗേഷനുവേണ്ടി സിവിൽ വർക്സിലും കൊള്ളിച്ചിരുന്ന ഉരുപ്പിക, പഞ്ചായത്തുകൾ മുഖേന ചെലവുചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതു്. അതു് നല്ലതുതന്നെയാണ്. ഇതു് കാര്യക്ഷമതയ്ക്കും ഉപകരിക്കും. എന്നാൽ ഈ ബിൽ പാസ്സാക്കിയെടുത്താൽ

[ശ്രീ. കെ. കൊച്ചുകുട്ടൻ]

തന്നെയും ഗവണ്മെൻറുദ്ദേശിക്കുന്നമാതിരി റോഡുകൾ, മൈനർ ഇറിഗേഷൻ ഇവയ്ക്കുവേണ്ടിയുള്ള പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ സാദ്ധ്യതയുണ്ടോ എന്നു് ഞാൻ സംശയിക്കുന്നു. സെക്ഷൻ 55 അനുസരിച്ചു് ഒരു പഞ്ചായത്തിനു് പരമാവധി ഗ്രാൻറായി കിട്ടാവുന്നതു് 2,000 രൂപയാണു്. ഈ രണ്ടായിരം രൂപതന്നെ എല്ലാ പഞ്ചായത്തിനും കൊടുക്കാമെന്നുവച്ചാൽത്തന്നെ പതിനൊന്നുലക്ഷം രൂപ ഗവണ്മെൻറു് ആ ഇനത്തിൽ ചെലവുചെയ്യേണ്ടതായിവരുന്നു. അതിനുംപുറമെ, അതാതു് പഞ്ചായത്തുകൾ ഉണ്ടാക്കുന്ന തുകയുടെ ആകെത്തുക നോക്കിയാൽ 30 ലക്ഷം രൂപ ഉണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ചില പഞ്ചായത്തുകൾ കൂടുതലും മററു ചിലതിനു് കുറവും ഉണ്ടാക്കിയേയ്ക്കാം. എന്നാലും ആകെ നോക്കിയാൽ ഗവണ്മെൻറു കൊടുക്കുന്ന കാൺട്രിബ്യൂഷനും പഞ്ചായത്തുകൾ പിരിച്ചുണ്ടാക്കുന്ന തുകയും ചേർത്താൽ 40 ലക്ഷം രൂപ പഞ്ചായത്തുകൾമുഖേന ചെലവുചെയ്യേണ്ടതാണു്. അതിനു് പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽ രണ്ടു ഇൻജിനീയർമാരും, ഏതാണ്ടു് 19 സെക്ഷൻ ആഫീസറന്മാരും ആണു് ഉണ്ടായിരുന്നതു്. ആദ്യത്തെ ബഡ്ജററിൽ രണ്ടു ഇൻജിനീയർമാരെയും, 11 സെക്ഷൻ ആഫീസറന്മാരെയും കൂടുതലായി കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ, ഇപ്പോൾ ഗവണ്മെൻറു് അവതരിപ്പിച്ച ബഡ്ജററനുസരിച്ചു് ഈ ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ നിറുത്തിയിരിക്കുകയാണു്. അതു് നിറുത്തിയിരിക്കുന്ന സ്ഥിതിക്കു് ഇതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമോ എന്നു എനിക്കു് സംശയമുണ്ടു്. അതു നടത്തുവാൻ സാധിക്കുകയില്ലെന്നാണു് എൻെറ വിശ്വാസം. ഗ്രോ മോർ ഫുഡ്ഡിനുവേണ്ടി ഗവണ്മെൻറു് ചെലവുചെയ്യാൻ നിശ്ചയിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതും പഞ്ചായത്തുമുഖേനയാണു്. അതിനു് നാലു ഇൻജിനീയർമാരും, 16 സെക്ഷൻ ആഫീസർമാരും ഉണ്ടു്. ഈ ആളുകൾ G. M. F.-ൽത്തന്നെ ജോലിചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് G. M. F. പ്രവർത്തനത്തിൽ കൂടുതലായി പ്രവർത്തിക്കുവാൻ അവർക്കു് സാധിക്കുകയില്ല. ആ സ്ഥിതിക്കു് എത്രതന്നെ സദുദ്ദേശത്തോടുകൂടി കൂടുതൽ തുക പഞ്ചായത്തുവഴി ചെലവുചെയ്യണമെന്നു് ആഗ്രഹിച്ചാലും ഗവണ്മെൻറിനു അതു് സാധിക്കുകയില്ലെന്നാണു് എൻെറ വിശ്വാസം. അതുകൊണ്ടു് പഞ്ചായത്തുകൾ മുഖാന്തിരം ഈ കാര്യങ്ങളെല്ലാം നടപ്പാക്കണമെന്നുണ്ടെങ്കിൽ ഈ ആഫീസറന്മാരെ അതായതു്, രണ്ടു് ഇൻജിനീയർമാരെയും, 11 ഓവർസീയർമാരെയുംകൂടി നിയമിക്കേണ്ടതാണു്. ആകപ്പാടെ ഇനി എട്ടുമാസങ്ങളാണു് ഈ ആണ്ടിലുള്ളതു്. ബഡ്ജററു് അംഗീകരിച്ചശേഷം ഈ ജോലി നടത്താൻ സാദ്ധ്യമല്ലാതെ വരരുതു്. പഞ്ചായത്തു ഡയറക്ടർക്കു് ഇന്നു് 10,000 രൂപ ചെലവുചെയ്യാനുള്ള അധികാരം നൽകുന്നുണ്ടു്. എന്നാൽത്തന്നെയും എസ്റ്റിമേററു് തയ്യാറാക്കി എല്ലാം ശരിയായ സമയത്തു് നടത്തുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഞാൻ മുൻപു പറഞ്ഞമാതിരി രണ്ടു ഇൻജിനീയർമാരും, 11 ഓവർസീയർമാരുംകൂടി ഈ ഡിപ്പാർട്ടുമെൻറിൽ വേണ്ടതാണു്. മറെറാരു കാര്യം എനിക്കു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് സെക്ഷൻ 55 അനുസരിച്ചു് ഗവണ്മെൻറിനു് നിയന്ത്രണാധികാരം ഉണ്ടായിരുന്നു. ഗവണ്മെൻറു് ഒരു പഞ്ചായത്തിനെയും പ്രത്യേകമായി പരിഗണിക്കേണ്ട ആവശ്യമില്ല. പഞ്ചായത്തുകൾ എത്ര തുക പിരിച്ചുണ്ടാക്കുന്നുവോ അത്രയും

തുക ഗവണ്മെൻറും കൊടുക്കണം. പക്ഷെ, എത്ര അവർ പിരിച്ചുണ്ടാക്കിയാലും ഗവണ്മെൻറിൻെറ കാൺട്രിബ്യൂഷൻ 2,000-ത്തിലധികമായി പോകുന്നതുമല്ല. എന്നാൽ, ഈ സെക്ഷൻ മാററുന്നതുകൊണ്ട് ഇങ്ങനെയുള്ള അവസ്ഥയുണ്ടാകുന്നതല്ല. ഗവണ്മെൻറിന് വേണമെങ്കിൽ ചില പഞ്ചായത്തുകൾക്ക് കൂടുതൽ കൊടുക്കുകയും ചില പഞ്ചായത്തുകൾക്ക് കുറച്ചുകൊടുക്കുകയും ചെയ്യാം. അങ്ങനെയാകുമ്പോൾ ഗവണ്മെൻറിൻെറ നിലപാടിനെപ്പററി ഒരു തെററിദ്ധാരണയ്ക്കു വകയുണ്ട്. അതൊരു അനീതിയായി വ്യാഖ്യാനിക്കുവാൻ അവസരമുണ്ട്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകൾക്കും ഒരേ രീതിയിൽ പ്രയോജനപ്രദമാകത്തക്ക ഒരു നിലപാട് ഗവണ്മെൻറ് സ്വീകരിക്കേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളാണ് ബില്ലിനെ പിൻതാങ്ങിക്കൊണ്ട് എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളത്.

ശ്രീ. ടി. പി. സീതാരാമൻ: സർ, ഞാൻ ഈ ഭേദഗതിബില്ലിനെ പൂർണ്ണമായി അനുകൂലിക്കുന്നു. ഏതാണ്ട് 60 ലക്ഷത്തോളം ഉറപ്പിക ജി. എം. എഫി-ലേയ്ക്കും, ലോക്കൽ ഡവലപ്മെൻറവർക്സിലേയ്ക്കും വച്ചിട്ടുള്ളത് പഞ്ചായത്തിനെക്കൊണ്ട് നടത്തിക്കുമ്പോൾ, വേണ്ടവിധം വേഗത്തിൽ നടത്തുവാനുള്ള അധികാരവും സൗകര്യവും കൊടുക്കണം. വേണ്ടിടത്തോളം ആഫീസർമാരില്ലാതെ ഈ കൊടുക്കുന്ന തുകപോലും ലാപ്സായിപ്പോകുമെന്ന ശ്രീ. കൊച്ചുകുട്ടൻ പറഞ്ഞതു ശരിയാണ്. കഴിഞ്ഞ ജൂൺ 25, 26 ഈ തീയതികളിൽ സിംലായിൽവച്ച് തദ്ദേശസ്വയംഭരണമന്ത്രിമാരുടെ ഒരു കാൺഫറൻസ് നടക്കുകയുണ്ടായി. അതിൽ ഇൻഡ്യൻ പാർലമെൻറിലെ സ്പീക്കർ ശ്രീ. മൗലങ്കറാണ് ഉൽഘാടനകർമ്മം നിർവ്വഹിച്ചതു്. അദ്ദേഹം പറഞ്ഞതു്, ഇവിടെയുള്ള എല്ലാ അസംബ്ലികൾക്കും, പാർലമെൻറിനും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടു നൽകുന്നതിനും, കൂടുതൽ അധികാരങ്ങൾ നൽകുന്നതിനും വൈമനസ്യമാണുള്ളതെന്നാണ്. അദ്ദേഹം പറഞ്ഞതു ശരിയാണ്. ഏതു വോട്ടറന്മാരുടെ പ്രാതിനിധ്യംകൊണ്ടു നാം ജയിച്ചുവന്നുവോ, അതേ വോട്ടറന്മാർതന്നെയാണ്, പഞ്ചായത്തുകളിൽ മെമ്പറന്മാരെയും തിരഞ്ഞെടുക്കുന്നതു്. അതുപോലെതന്നെ മുനിസിപ്പാലിററികളുടെയും കാര്യവും. അദ്ദേഹം ഈ മാതിരി കാര്യങ്ങളിൽ വളരെ നിപുണനായതുകൊണ്ട് ശരിയായ കാര്യങ്ങളാണു പറഞ്ഞതു്. അദ്ദേഹത്തിൻെറ വാക്കിനെ നാം അതു് അർഹിക്കുന്ന ഗൗരവത്തോടെ വീക്ഷിക്കണം. കാൺഗ്രസ്സിൻെറ ഭരണകാലത്തു പഞ്ചായത്തിന് ക്രമേണ കൂടുതൽ അധികാരങ്ങൾ കൊടുത്തുവരികയായിരുന്നു.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ ആക്ററ് കൊണ്ടുവന്നതു ആരാണ്?

ശ്രീ. ടി. പി. സീതാരാമൻ: കാൺഗ്രസ്സാണ്. പക്ഷേ നമ്മുടെ പരിചയംവച്ചുകൊണ്ടാണ് കൂടുതൽ മാററങ്ങൾ വേണമെന്നു നാം പറയുന്നതു്. അസംബ്ലിയേക്കാൾ കൂടുതൽ ജനപ്രാതിനിധ്യസ്വഭാവം പഞ്ചായത്തുകൾക്കാണ്. അസംബ്ലിമെമ്പറന്മാരെ തിരഞ്ഞെടുക്കുന്നവർക്ക് ആ മെമ്പറെ നല്ലവണ്ണം അറിയാമായിരിക്കുകയില്ല. എന്നാൽ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൽ മത്സരിക്കുന്നവരുമായി നേരിട്ടു പരിചയം ഉണ്ടാകും. അവൻെറ സ്വഭാവഗുണം, പാരമ്പര്യം,

[ശ്രീ. ടി. പി. സീതാരാമൻ]

തന്റേടം, സാമർത്ഥ്യം മുതലായവ അറിയാവുന്ന വോട്ടർമാരാണ് അവനെ തിരഞ്ഞെടുക്കുന്നത്. പകുതിയോളം വരുന്ന സ്ത്രീവോട്ടർമാർക്കുപോലും അവന്റെ നന്മതിന്മ പരിഗണിച്ചു വോട്ടു ചെയ്യുവാൻ സാധിക്കും. അങ്ങനെ ജയിച്ചുവരുന്ന പഞ്ചായത്തുമെമ്പർമാർ പരസ്പരം അറിവുള്ളവരായിരിക്കും. സമീപഗ്രാമങ്ങളിൽ താമസിക്കുന്നതുകൊണ്ട് നല്ലവണ്ണം ആലോചിച്ച്, അവർ വസിക്കുന്ന ഗ്രാമാന്തരങ്ങൾ ഭരിക്കുവാനുള്ള പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നു. അവിടെ വിവേചനബുദ്ധി കൂടുതൽ ഉപയോഗിക്കാം. അസംബ്ലിയിൽ മത്സരിക്കുന്ന മെമ്പർമാരെ സാമാന്യമായി വോട്ടർമാർ അറിയുകയില്ല. വിജയിച്ച മെമ്പർമാർക്ക് അതിന്റെ പ്രസിഡന്റിന്റെ ഗുണദോഷങ്ങൾ കൂടുതൽ അറിയുവാൻ ഇടയില്ല. ഭരണാധികാരത്തിനായി നിയോഗിക്കുന്നവരെയും അറിയുവാൻ ഇടയില്ല. അതുകൊണ്ടാണ് അസംബ്ലിയെ അപേക്ഷിച്ച് കൂടുതൽ ജനപ്രാതിനിധ്യസ്വഭാവം പഞ്ചായത്തുകൾക്കുണ്ടെന്നു ഞാൻ പറഞ്ഞത്.

ഇവിടെ പി. എസ്സ്. പി-യിലും, കാൺഗ്രസ്സിലും മററു കക്ഷികളിലുമുള്ള അസംബ്ലിമെമ്പർമാരിൽതന്നെ പഞ്ചായത്തുപ്രസിഡന്റന്മാരുണ്ട്. ഈ കാൺഗ്രസ്സുബെഞ്ചുകളിൽ ആറുപേർ പഞ്ചായത്തുപ്രസിഡന്റന്മാരാണ്. പി. എസ്സ്. പി-യിൽ മി. കേശവമേനോനും, മററു കക്ഷികളിൽ ഭാസ്കരൻനായർ, ചാത്തൻ മുതലായവരും ഇങ്ങനെ ആകെ ഒൻപതു പേരുണ്ട്. ഞങ്ങൾ ഈ കാര്യങ്ങളെല്ലാം പറഞ്ഞു, പഞ്ചായത്തുകളുടെ പ്രവർത്തനത്തിനുവേണ്ടി കൂടുതൽ ഫണ്ടുകൾ അനുവദിക്കണമെന്നു ഒരു നിവേദനം നടത്തിയിട്ടുണ്ട്. നാലു ദിവസം മുൻപ് പഞ്ചായത്തു പ്രസിഡന്റന്മാരെല്ലാം ഒപ്പിട്ട് ഒരു നിവേദനം കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രി അവധാനപൂർവ്വം കേൾക്കുകയും, അനുഭാവപൂർവ്വംമറുപടി പറയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ജോലിത്തിരക്കുള്ള സമയമാണെന്നും, എങ്കിലും ഈ കാര്യത്തിൽ വേണ്ട നടപടി എടുക്കാമെന്നും പറഞ്ഞിട്ടുണ്ട്. ഗവണ്മെൻറു വിചാരിച്ചാലും പഞ്ചായത്തിലേയ്ക്കാവശ്യമുള്ള പണം മുഴുവൻ കൊടുക്കാൻ സാദ്ധ്യമല്ലെന്ന് എനിക്കറിയാം. ഏതായാലും ഈ കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട് ലോക്കൽബാഡി ഫിനാൻസ് കാർപ്പൊറേഷൻ എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുന്നതു നന്ന്. വ്യവസായങ്ങളെ സഹായിക്കുവാൻ ഇപ്പോൾ ഒരു ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പൊറേഷനുണ്ട്. അതിൽ ഗവണ്മെൻറ് ഷെയർ എടുത്തും, ധനവാന്മാരെക്കൊണ്ട് നിക്ഷേപിച്ചിട്ടും മററും വ്യവസായങ്ങളെ സഹായിക്കുന്നുണ്ട്. അതുപോലെ ലോക്കൽ ബാഡി കാർപ്പൊറേഷനും സ്ഥാപിക്കേണ്ടതാണ്. തൃശ്ശൂരിൽ കോവാപ്പറേറീവ് സെൻട്രൽ ബാങ്കിൽനിന്നും 50 രൂപവീതം അടച്ച് ഒരു ഷെയർ എടുത്തിട്ടുള്ള എല്ലാ കോവാപ്പറേറീവ് സൊസൈററികൾക്കും അവിടെ 500 രൂപവരെ കടം വാങ്ങിക്കുവാനുള്ള അധികാരമുണ്ട്.

കോവാപ്പറേറീവ് സെൻട്രൽ ബാങ്കിന് ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്യുന്നുണ്ട്. അങ്ങനെ നടത്തുന്ന കേന്ദ്രസഹകരണ ബാങ്കുകൾ, ഗ്രാമാന്തരങ്ങളിൽ പത്തും, പന്ത്രണ്ടുംപേർ സംഘാംഗങ്ങളായി ചേർന്നുണ്ടാക്കുന്ന സഹകരണസംഘങ്ങൾക്ക് ഷെയർ സംഖ്യയുടെ പത്തി

രട്ടി കടം കൊടുക്കുവാൻ ഗവണ്മെൻറ പ്രോത്സാഹനവും, സഹകരണവും നൽകിയിരിക്കെ, ഗവണ്മെൻറിൻെറ ഒരു ഭാഗവും, ജനാധിപത്യതത്വത്തിൻെറ അടിസ്ഥാനവുമായ പഞ്ചായത്തുകളെ സഹായിക്കുവാനും ആവശ്യമനുസരിച്ചു കടം കൊടുക്കുവാനും തക്ക വ്യവസ്ഥകളോടുകൂടി ബാങ്കുകൾ ഉടൻ തുടങ്ങുവാൻ വേണ്ട നടപടികളെടുക്കണം. അങ്ങനെ ഷെയർവാല്യൂ നിശ്ചയിച്ചോ, മറേറതെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കിയോ ഇവിടെ ഒരു ഫൈനാൻസ് കാർപ്പറേഷൻ ഉണ്ടാക്കുന്നതു നന്നായിരിക്കും. അല്ലെങ്കിൽ ഗവണ്മെൻറിനെക്കൊണ്ട് പഞ്ചായത്തുകൾക്ക് ആവശ്യമുള്ള പണം കൊടുക്കുന്നതിനു സാധിക്കുന്നതല്ല.

കൊച്ചിയിലുള്ള പഞ്ചായത്തുകളെപ്പററി എനിക്കു രണ്ടു വാക്കു ഈയവസരത്തിൽ പറയേണ്ടതുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലങ്ങളായി സർക്കാരിൽനിന്നും കൊല്ലംതോറും നടത്തിവന്നിരുന്ന പണികൾപോലും കൊച്ചിയിൽ കഴിഞ്ഞ കൊല്ലത്തിൽ ചെയ്തില്ല. അതു കാരണം ജനങ്ങളുടെ ഇടയിൽ വലിയ ആക്ഷേപമുണ്ട്. ഗ്രാമീണറോഡുകൾ ശോചനീയാവസ്ഥയിൽ കിടക്കുന്നു. സാധാരണ അവിടെ ഇപ്പോൾ ജനങ്ങൾ കെട്ടുവന്നിരുന്ന നികുതികൊണ്ട് അവിടെയുള്ള റോഡിൻെറ സംരക്ഷണവും, തണ്ണീർപ്പന്തലും, വിളക്കുവയ്പും ഗവണ്മെൻറ നടത്തിവന്നിരുന്നു. ഇപ്പോൾ അഡീഷനൽ ടാക്സേഷനാണു വന്നിരിക്കുന്നതു്. ഹൗസ് ടാക്സ്, പ്രൊഫഷൻ ടാക്സ്, ലാൻഡ് സെസ്സ് മുതലായ പുതിയ ടാക്സേഷൻെറ പ്രിൻസിപ്പിൾ അനുസരിച്ചു കൂടുതൽ സൗകര്യങ്ങൾ ജനങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഈ അഡീഷനൽ ടാക്സ കൊണ്ട് അവിടത്തെ കാര്യങ്ങൾ ഇനി നടക്കണമെന്നു വന്നിട്ടുണ്ട്. കഴിഞ്ഞ കാലത്ത് അവിടെയുള്ള പഞ്ചായത്തുകൾക്ക് ഒരു പൈപോലും ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ യാതൊരു ജോലിയും ചെയ്യാതെ ഉറങ്ങുകയായിരുന്നെന്നുതന്നെ പറയാം. നിങ്ങൾ ഞങ്ങൾക്കു പ്രവർത്തിക്കാനുള്ള സൗകര്യവും, സാഹചര്യങ്ങളും ഉണ്ടാക്കിത്തന്നാൽ ഞങ്ങൾ ശരിക്കു പ്രവർത്തിക്കാൻ തയ്യാറാണ്. പഞ്ചായത്തു ആക്ററ് വന്നു. അതിൻെറ അടിസ്ഥാനത്തിൽ ബൈലാ പാസ്സാക്കി വേണ്ടിടത്തോളം സംഖ്യ പിരിച്ചാൽ, അത്രത്തോളം സംഖ്യ, ഗവണ്മെൻറിൽനിന്നും—2000 ക. വരെ—തരാമെന്നു പറയുന്നുണ്ട്. കഴിഞ്ഞ കൊല്ലം പഞ്ചായത്തുകൾക്ക് ബൈലാസ് പാസാക്കുവാനുള്ള താമസം കാരണം ഗവണ്മെൻറ കൊടുക്കേണ്ടുന്ന സ്റ്ററ്യൂട്ടറി ഗ്രാൻറ് കൊടുത്തിട്ടില്ല. കഴിഞ്ഞ ഗസററിൽ നാലു പഞ്ചായത്തുകളുടെ ബൈലാസ് പാസാക്കിയതായി കാണാൻ കഴിഞ്ഞു. ഇന്നു കിട്ടുന്ന നികുതികൊണ്ട് അവിടെയുള്ള കാര്യങ്ങൾ ശരിക്കു നിർവ്വഹിക്കപ്പെടുന്നില്ല. ജനങ്ങൾക്കു കൂടുതൽ ഫലമുണ്ടെന്നു കണ്ടാൽമാത്രമേ അവർ നികുതി കൊടുക്കുകയുള്ളു. അല്ലെങ്കിൽ നിർബന്ധിച്ചു വാങ്ങിക്കേണ്ടിവരും. അങ്ങനെ ചെയ്യുമ്പോൾ ഏതു പാർട്ടിയിൽപ്പെട്ടവരായാലും, പഞ്ചായത്തു മെംബറന്മാർ അതിൻെറ അപരാധം തലയിൽ ചുമക്കേണ്ടിവരും. ഇൻറിഗ്രേഷൻ കാരണം കൊച്ചിക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വളരെ ആശങ്കയും ഭീതിയുമുണ്ട്. ക്ലാർക്കന്മാരുടെ ന്യായമായ അവകാശങ്ങൾ തടയരുതു്. ആഫീസറന്മാർ ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ ഒരു കാര്യവും നടക്കുകയില്ല. മന്ത്രിമാർ ഇവിടെ ലഹള കൂട്ടിയാലും മെംബറന്മാർ ഉച്ചത്തിൽ ഉൽഘോഷിച്ചാലും കാര്യങ്ങൾ ഒന്നും നടക്കുകയില്ല. അത്രത്തോളം ചുണയുള്ള മന്ത്രിമാർ

[ശ്രീ. ടി. പി. സീതാരാമൻ]

ഇവിടെ ജനിച്ചിട്ടില്ല. ജനിക്കുമെന്നു തോന്നുന്നുമില്ല. പഞ്ചായത്തുകളിലെ കാര്യങ്ങൾ അവിടത്തെ ക്ലാർക്കന്മാരും മററുമാണു് നടത്തേണ്ടതു്. Integration-ൽ കൊച്ചീക്ലാർക്കന്മാരുടെ കാര്യത്തിൽ മന്ത്രിമാർ വളരെ ന്യായമായി പ്രത്യേകം ശ്രദ്ധിച്ചു് വേണ്ടതു ചെയ്യുമെന്നു് ഉറപ്പു് നൽകിയിട്ടുണ്ടു്. അതുകൊണ്ടു് അതിനെപ്പററി കൂടുതലൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ പഞ്ചായത്തുഡിപ്പാർട്ടുമെൻറു് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കേണ്ടതാണു്. ഭൂരിപക്ഷഭൂരിസുഖത്തിനുവേണ്ടിയാണു് ഡമോക്രസി നിലകൊള്ളുന്നതു്. ഇവിടെ ഡമോക്രസിയാണു് നടക്കുന്നതെന്നു് പറയുന്നുണ്ടു്. ഈ രാജ്യത്തുള്ള ഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നതു വില്ലേജുകളിലാണു്. പതിനേഴരക്കോടി രൂപ വരവുള്ളതിൽനിന്നു ഒരു ചെറിയ അംശമാണു് പഞ്ചായത്തുകൾക്കു വച്ചിട്ടുള്ളതു്. അതിൽതന്നെ കുറെ സെൻട്രൽഗവണ്മെൻറിൽനിന്നും തരുന്നതാണു്. പഞ്ചായത്തുകൾക്കു് ഇങ്ങനെ തുക കുറച്ചു നീക്കിവയ്ക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. കാൺഗ്രസ്സ്ഗവണ്മെൻറു് ഈ കാര്യത്തിൽ വളരെ വൈമുഖ്യം കാണിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഈ ഗവണ്മെൻറു് അതിനേക്കാൾ കൂടുതൽ പ്രവർത്തിക്കുന്നുണ്ടെന്നു എനിക്കു് ആത്മാർത്ഥമായ വിശ്വാസമുണ്ടു്. അതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർഡിപ്പാർട്ടുമെൻറാക്കി കൂടുതൽ തുകകൾ പഞ്ചായത്തിലേയ്ക്കു് നീക്കിവച്ചു് അതു കാര്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നു് നാം പ്രത്യേകം നോക്കണം. ഇന്നു എല്ലാ പഞ്ചായത്തുകളും നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ടെന്നു പറയാൻ പാടില്ല. എൻറെ നിയോജകമണ്ഡലത്തിൽത്തന്നെയുള്ള അളകപ്പനഗർ പഞ്ചായത്തിനെപ്പററി ഒരു നീണ്ട ലററർ എനിക്കു് കിട്ടിയിട്ടുണ്ടു്. അവിടെ വളരെ അധികം അക്രമങ്ങളും അനീതികളും നടക്കുന്നു. അവിടെയുള്ള എല്ലാ പഞ്ചായത്തുമെമ്പറന്മാർക്കും ശരിയായ പ്രാതിനിധ്യം കൊടുക്കുകയോ റിക്കാർഡുകൾ കാണിച്ചുകൊടുക്കുകയോ ചെയ്യുന്നില്ല. ഈ പഞ്ചായത്തിൻെറ കാര്യത്തിൽ ഉടനെ അന്വേഷണം നടത്തണം. ഇങ്ങനെയുള്ള പഞ്ചായത്തുകളുമുണ്ടു്. അവിടെ ഗവണ്മെൻറുദ്യോഗസ്ഥന്മാർ അശ്രദ്ധ കാണിക്കുന്നു. അവരെ പരിപൂർണ്ണമായി നിയന്ത്രിക്കുവാൻ പഞ്ചായത്തുകൾക്കു് കഴിയുന്നില്ല. എനിക്കു് ശ്രീ. മഴലങ്കർ പറഞ്ഞിട്ടുള്ള വാചകങ്ങളാണു് ഇപ്പോൾ ഓർമ്മ വരുന്നതു്. ഏതായാലും ഞാൻ കൂടുതലായി ഒന്നും ഇക്കാര്യത്തെപ്പററി ഇപ്പോൾ പറയുന്നില്ല. പഞ്ചായത്തുകൾക്കു് ഫണ്ടു് അലാട്ടുചെയ്യുന്നതുകൊണ്ടുമാത്രം പ്രയോജനം ഉണ്ടാകുകയില്ല. അതു വിനിയോഗിക്കത്തക്കവണ്ണമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചില്ലെങ്കിൽ കാര്യങ്ങൾ ഒന്നും നടക്കുകയില്ല. രണ്ടു ഡിവിഷനിലേയ്ക്കാണു് ഒരു അസിസ്റ്റൻറു് ഇൻജിനീയർ ഉള്ളതു്. കഴിഞ്ഞ കാൺഗ്രസ്സ്ഗവണ്മെൻറിൻെറ കാലത്തു പണമെല്ലാം ലാപ്സായിപ്പോയതായി പറയാറുണ്ടു്. അവർ കഴിഞ്ഞ പ്രിലിമിനറിബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്ന രണ്ടു് അസിസ്റ്റൻറു് ഇൻജിനീയറന്മാരെ നിയമിച്ചിട്ടില്ല. അതിൻെറ തുക വെട്ടിക്കുറച്ചിരിക്കുകയാണു്. ജി. എം. എഫിൻെറ പേരിൽ നാലു അസിസ്റ്റൻറു് ഇൻജിനീയറന്മാരെ വച്ചിട്ടുണ്ടു്. അവരെക്കൊണ്ടു് പഞ്ചായത്തിൻെറ കാര്യങ്ങൾ നടത്താൻ സാധിക്കയില്ല. പി. ഡബ്ല്യൂ. ഡി-യിൽ 5 ലക്ഷത്തിനു് ഒരു അസിസ്റ്റൻറു് ഇൻജിനീയർ വീതമുണ്ടു്. ഈ പഞ്ചാ

യത്തുകൾ പിരിച്ചെടുക്കുന്നതെല്ലാംകൂടി 80 ലക്ഷം രൂപയോളം വരുന്നുണ്ടു്. ആകെ 6 അസിസ്റ്റൻറ് ഇൻജിനീയറന്മാരാണു് ഇവിടെ ഉള്ളതു്. ഇവരെക്കൊണ്ടു് വർക്ക് മുഴവൻ നടത്താൻ സാധിക്കുന്നതല്ല. അതുകൊണ്ടു് ഇക്കാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. പ്രകാശം: സർ, ബില്ലിനെ അനുകൂലിക്കുന്നതോടൊപ്പം ലോക്കൽ ഫിനാൻഷ്യൽ എൻക്വയറി കമ്മിററി റിപ്പോർട്ടിനെക്കുറിച്ചും ഉടനടി ബില്ലിൽ ഉൾപ്പെടുത്താൻ കഴിവുള്ള കാര്യങ്ങളെക്കുറിച്ചും ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നിവിടെ ലോക്കൽ സെൽഫ് വകുപ്പുമന്ത്രി വന്നിട്ടില്ല. ആ മന്ത്രിയുടെ പാർട്ടിയുടെ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ചില കാര്യങ്ങൾ ആദ്യമായി ഇവിടെ നടപ്പിലാക്കാൻ ഒരു പി. എസ്സ്. പി. സർക്കാർ ഉടലെടുത്തിരിക്കയാണു്. പി. എസ്സ്. പി. യുടെ നയപരിപാടി തന്നെ അധികാരവികേന്ദ്രീകരണമാണു്. അങ്ങിനെയുള്ള ഈ സർക്കാർ പഞ്ചായത്തുബില്ലു് അമൻറുചെയ്യുമെന്നു കേട്ടപ്പോൾ പല കാര്യങ്ങളിലും വികേന്ദ്രീകരണതത്വം അംഗീകരിച്ചു് ബില്ലിൽ ഉൾക്കൊള്ളിക്കുമെന്നു പ്രതീക്ഷിച്ച ഒരാളാണു് ഞാൻ. എന്നാൽ നിരാശപ്പെടുത്തത്തക്കനിലയിൽ ഒരു ചെറിയ കാര്യം മാത്രമേ ഇപ്പോൾ അമൻറു ചെയ്തിട്ടുള്ളു. ഇതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം എനിക്കു് ഒരു കാര്യം ഗവണ്മെൻറിനെ അറിയിക്കാനുണ്ടു്. നമ്മുടെ നിയമസഭയിൽ ഒരംഗമായിരുന്നു്, മുമ്പു് ഒരു മന്ത്രിസഭയിൽ മന്ത്രിണിയായിരുന്ന കുമാരി മസ്ക്രീൻ ഒന്നാമത്തെ കാൺഗ്രസ്സ് മന്ത്രിസഭ നിലവിൽ വന്നപ്പോൾ പറഞ്ഞ ഒരു കഥയാണു് എൻെറ ഓർമ്മയിൽ വരുന്നതു്. ഒരു കുഷ്ഠരോഗിയുടെ പുറത്തു കിരീടം വച്ചിരിക്കുകയാണെന്നാണു് അന്നവർ പറഞ്ഞതു്. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥവൃന്ദത്തിൻെറ അഴിമതികളൊന്നും മാററാതെയും നിലവിലിരിക്കുന്ന ചട്ടക്കൂടുകൾ മാററാതെയും ഒരു മന്ത്രിസഭയാകുന്ന കിരീടം കുഷ്ഠരോഗിയുടെ തലയിൽ വച്ചിരിക്കുന്നു എന്നാണു് പറഞ്ഞതു്. ആ പ്രതീതിയാണു് എനിക്കിപ്പോൾ തോന്നിയതു്. ആ നിലയിൽ ഈ അമൻഡുമെൻറ യഥാർത്ഥത്തിൽ പഞ്ചായത്താക്ററാകുന്ന കുഷ്ഠരോഗിയുടെ തലയിലുള്ള ഒരു കിരീടംവയ്പാണു്. ഈ സഭയിൽത്തന്നെ ഒൻപതു പഞ്ചായത്തു പ്രസിഡൻറന്മാരുണ്ടെന്നു പുതുക്കോട്ട മെംബർ പറയുകയുണ്ടായി. ഞങ്ങളാരും പഞ്ചായത്തു പ്രസിഡൻറന്മാരല്ലെങ്കിലും ഈ കാര്യങ്ങളെല്ലാം ഞങ്ങൾക്കുമറിയാം. ഞങ്ങൾ പഞ്ചായത്തിനെക്കുറിച്ചു് പല ചോദ്യങ്ങളും ഇവിടെ ചോദിക്കുകയുണ്ടായി. ഒരു ദിവസം ഇവിടെ രണ്ടു ചോദ്യങ്ങൾ ചോദിച്ചു. ഒന്നു് പഞ്ചായത്തുകൾ ബഡ്ജററു പാസ്സാക്കി അയച്ചാൽ ഇത്രകണ്ടു് താമസം വരുന്നതു എന്തുകൊണ്ടാണെന്നായിരുന്നു. മറെറാന്നു് പഞ്ചായത്തുകൾ എസ്റ്റിമേററു് തയ്യാറാക്കി അയച്ചാൽ വരുന്ന താമസത്തെപ്പററിയുമായിരുന്നു. ഇതിൽ എന്താണു് തകരാറുകൾ ഉള്ളതെന്നു് ചോദിച്ചതിനു് ബഹുമാനപ്പെട്ട മന്ത്രി ഒഴിഞ്ഞുമാറി ഉത്തരം നൽകുകയാണു് ചെയ്തതു്. ഒരു അസിസ്റ്റൻറ ഇൻജിനീയരെക്കൊണ്ടു് ശരിയായി കാര്യങ്ങൾ നോക്കാൻ കഴിയുന്നില്ലെന്നുള്ളതു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു് ചോദിച്ചതിനു് അതിനെല്ലാം നടപടികൾ എടുക്കുന്നുണ്ടെന്നു പറഞ്ഞു് ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്. ഇന്നു് 56 ലക്ഷത്തോളം രൂപ വർക്സിൻെറ കാര്യത്തിനു നീക്കിവച്ചിട്ടുണ്ടു്. നിലവിലുള്ള ഫണ്ടുകൾ ചെലവാക്കി വർക്കുകൾ

[ശ്രീ. ആർ. പ്രകാശം]

നടത്തുന്നതിനുള്ള സൗകര്യം ഇന്നു നിഷേധിച്ചിരിക്കുന്ന സ്ഥിതിക്കു് കൂടുതൽ പണം പഞ്ചായത്തിനെ ഏൽപ്പിക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനമുണ്ടാകുക? ആക്ടിൽ അതിനുവേണ്ട വ്യത്യാസംവരുത്താതെ തുക കൊള്ളിച്ചു എന്നു് ആത്മസംതൃപ്തി അടയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുപോലെ തന്നെ ഈ തുക ഉപയോഗപ്പെടത്തക്കനിലയിലല്ല കൊള്ളിച്ചിട്ടുള്ളതു്. സപ്ലിമെൻററിഗ്രാൻറ് എടുത്തു നോക്കിയാൽ പഞ്ചായത്തു് ഡിപ്പാർട്ടുമെൻറിനെയാണു് തുക ഏൽപ്പിക്കുന്നതെന്നു കാണാം. പഞ്ചായത്തുകൾക്കു് ഇതിൽ പരമാധികാരമില്ല. ഇതിൻെറ വിനിയോഗത്തിൽ അഡൈ്വസറി രൂപത്തിലെങ്കിലും പഞ്ചായത്തുകൾക്കു് പ്രവർത്തിക്കാമെന്ന അവസരംവന്നപ്പോൾ മുൻമുഖ്യമന്ത്രിയായിരുന്ന ശ്രീ. ഏ. ജെ. ജോൺ ചോദിക്കുന്നു, അങ്ങിനെ ചെയ്യുന്നതു് നല്ലതാണോ എന്നു്. ഇങ്ങനെ അല്പമായ അവകാശമെങ്കിലും ജനപ്രതിനിധികൾക്കു് കിട്ടുന്നു എന്നു കണ്ടപ്പോൾ മുൻ മുഖ്യമന്ത്രിക്കു് അരിശംതോന്നുകയാണു്. കാൺഗ്രസ്സ്പോലും എന്നു പറഞ്ഞപ്പോൾ പനമ്പള്ളിയ്ക്കു് സംശയം ഉണ്ടായി. കാൺഗ്രസ്സ്പോലും എന്നു പറഞ്ഞാൽ ജനദ്രോഹികൾപോലും എന്നാണർത്ഥം. ജനങ്ങളുടെ പ്രതിനിധികളെ അല്പമെങ്കിലും ഇതിൽ കൊള്ളിക്കാമെന്നു മന്ത്രി തീരുമാനിച്ചതിനെപ്പോലും എതിർത്തുകൊണ്ടുള്ള അഭിപ്രായമാണു് ഇവിടെ പുറപ്പെടുവിക്കയുണ്ടായതു്. ശ്രീ. സീതാരാമൻ പറയുകയുണ്ടായി അദ്ദേഹത്തെപ്പോലെയുള്ള പഞ്ചായത്തു പ്രസിഡൻറന്മാർ ജോലിയൊന്നുമില്ലാതെ ഉറങ്ങുകയായിരുന്നുവെന്നു്. മാത്രമല്ല, ഉറക്കം വരുത്തുന്ന നയം എടുത്തതിൽ കാൺഗ്രസ്സ് ഗവൺമെൻറിനെ അപലപിക്കുകയും ചെയ്തു. അങ്ങിനെ പഞ്ചായത്തിനെ ഉറക്കിക്കിടത്തി ആ ഉറങ്ങിക്കിടക്കുന്ന ആളുകളുടെ മുമ്പിൽ ആഹാരം വിളമ്പിവച്ചാൽ അവർ അതാഹാരം കഴിക്കയില്ല. സിംലായിൽ എല്ലാം തദ്ദേശവകുപ്പു മന്ത്രിമാരുടെയും കാൺഫറൻസുകൂടിയെന്നും അതിൽ തീരുമാനങ്ങൾ എടുത്തെന്നും പഞ്ചായത്തു പ്രവർത്തനത്തിൽ കൂടുതൽ പരിചയം വരുന്ന വേളയിൽ പഴയ തകരാറുകൾ തീർക്കാമെന്നും കാൺഗ്രസ്സ് മെംബറായ ശ്രീ. സീതാരാമൻ പറയുകയുണ്ടായി. ശ്രീ. സീതാരാമനെപ്പോലുള്ള ജനാധിപത്യവാദികൾ കാൺഗ്രസ്സിൽ ഉണ്ടാകട്ടെ. പക്ഷെ പരിചയംകൊണ്ടു് ഇപ്പോൾ ഉപദ്രവം ഉണ്ടാക്കിവരികയാണു് ചെയ്യുന്നതു്. സർ, പരിചയത്തിൻെറ കാര്യം ഒന്നു നോക്കണം. എത്രയോ ലോക്കൽ സെൽഫ്ഗവൺമെൻറു വിദഗ്ദ്ധന്മാരുടെ പരിചയത്തിൻെറ ആധാരമായ, അന്വേഷണത്തിൻെറയും തീരുമാനത്തിൻെറയും ആകത്തുകയായ ലോക്കൽ ഫൈനാൻസ് എൻക്വയറികമ്മിററി റിപ്പോർട്ടു ഞാൻ ഇതാ മുഖ്യമന്ത്രിയുടെ മുൻപിൽവയ്ക്കുന്നു. അതൊന്നു വായിച്ചുനോക്കിയോ എന്നു് ശ്രീ. പി. എസ്സ്. നടരാജപിള്ളയോടു ഞാൻ ചോദിക്കുന്നു. ആ കമ്മിററി അംഗങ്ങൾ വളരെ പ്രസിദ്ധന്മാരായിരുന്ന ആളുകളായിരുന്നു. സർ, സിദ്ധാന്തം തുടങ്ങി പഞ്ചായത്തുകളെപ്പററി വളരെ പരിചയവും പ്രാവീണ്യവുമുള്ള ആളുകളാണു് ആ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതെന്നു മനസ്സിലാക്കി കാൺഗ്രസ്സ്ഗവൺമെൻറു അതനുസരിച്ചു് ഒരു ബിൽ പാസാക്കിയിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ആ റിപ്പോർട്ടിൽ പഞ്ചായത്തുകളെസംബന്ധിച്ചിടത്തോളം ഏതുതരത്തിലാണു് ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതെന്നു് വികേന്ദ്രീകരണമെന്നു് ഉരുവിട്ടുകൊണ്ടിരി

ക്കുന്ന നമ്മുടെ മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. കൂക്കുവിളിയല്ല, പരമാർത്ഥമാണ് ഞാൻ പറയുന്നതു്.

സർ, മറ്റൊന്നുകൂടിയുണ്ട്. ഇതിനെ സംബന്ധിച്ചുള്ള പ്രവർത്തനം കൂടി നാം മനസ്സിലാക്കുന്നതു നന്നായിരിക്കും. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിബില്ലിൽ "പഞ്ചായത്തുകൾക്കുള്ള അധികാരം വർദ്ധിപ്പിച്ചിട്ടുണ്ട്, അവകാശം വർദ്ധിപ്പിച്ചിട്ടുണ്ട്, ധനാഗമമാർഗ്ഗങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്." അതാണ് ഇങ്ങനെ ഒരു ബില്ല് അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശമെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഫലത്തിൽ ഒരു സ്പെസിഫിക്ക് ഗ്രാന്റ നൽകുന്നതാണിതു്. സർ, ഞാൻ ഈ ഗ്രാന്റ-ഇൻ-എയിഡ് മാത്രം സ്വയംഭരണസ്ഥാപനങ്ങൾക്കു നൽകുന്നതിന്റെ തത്വത്തെ എതിർക്കുന്നു. ലോക്കൽഫൈനാൻസ് എൻക്വയറി കമ്മിററി റിപ്പോർട്ടു വായിച്ചുനോക്കിയാൽ, ഇപ്പോൾ പഞ്ചായത്തുകൾക്കു ഗവണ്മെന്റ നൽകിവരുന്ന ഗ്രാന്റ ഇൻ എയിഡ് സംപ്രദായത്തെക്കാൾ അസസ്മെന്റ ഓഫ് റവന്യൂ ഏർപ്പെടുത്തുകയാണ് നല്ലതെന്നു ശുപാർശചെയ്തിട്ടുള്ളതായി കാണാം. അങ്ങനെയാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. ആ കമ്മിററിയിൽ സഖാവ് ടി. വി. തോമസ്സിനെപ്പോലെയോ ഞങ്ങളെപ്പോലെയോ ഉള്ളവരെ അല്ല നിയമിച്ചിരിക്കുന്നതു്. ഡാക്ടർ എ. ആർ. മേനോൻ പുകഴ്ത്തുന്ന ബ്യൂറോക്രസിയെ പ്രേമിക്കുന്ന അംഗങ്ങളാണ് അതിലുള്ളതു്. കമ്മിററിയിലെ ഒരു മെംബറായ ആർ. ഡി. കപിലാ ഈ കമ്മററിയുടെ സമീപനരീതി പഴയരീതിയാണെന്നു പോലും അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെ ശ്രീ. നടരാജപിള്ളയും ശ്രീ. പട്ടം താണുപിള്ളയും ഏതുകൊണ്ടും മാനിക്കാൻ കഴിയുന്ന ബ്യൂറോക്രസിയുടെ മുരച്ച പ്രതിനിധികൾ ഉൾപ്പെട്ട ഈ കമ്മിററിയുടെ റിപ്പോർട്ടിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടുതന്നെ അക്കാര്യം ഞാൻ മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാം. റിപ്പോർട്ടിൽ ശുപാർശചെയ്തിരിക്കുന്നരീതി അസസ്മെന്റ് ഓഫ് റവന്യൂ വർദ്ധിപ്പിക്കുന്നതിലേയ്ക്ക് എന്തുകൊണ്ട് ഈ ഗവണ്മെന്റ് നടപടികളെടുത്തില്ല എന്നു ഞാൻ ചോദിക്കുന്നു. കമ്മിററിയുടെ റിപ്പോർട്ടിൽ 499-ാം പേജിൽ Summary of recommendations-ൽ കൊടുത്തിരിക്കുന്നതിൽ മൂന്നുനാലു നിർദ്ദേശങ്ങളുണ്ട്. ഒന്ന്, ഗവണ്മെന്റിനു ലഭിക്കുന്ന ലാൻഡു റവന്യൂവിൽ 15 ശതമാനം പഞ്ചായത്തുകളിലേയ്ക്ക് വിട്ടുകൊടുക്കണമെന്നാണ്. അതിലേയ്ക്ക് വളരെ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്, മന്ത്രിക്ക് അതു വായിച്ചുനോക്കാൻ കഴിയും. മറ്റൊന്ന് ഓവർഹെഡ് ചാർജ്ജസിനെപ്പററിയാണ്. പഞ്ചായത്തുകളിലെയോ, അല്ലെങ്കിൽ മുനിസിപ്പാലിററികളിലെയോ ബഡ്ജററു നോക്കിയാൽ എസ്റ്റാബ്ലിഷ്മെന്റ ചാർജ്ജസാണ് കൂടുതലുള്ളതെന്നു കാണാം. അതുകൊണ്ടു പഞ്ചായത്തുജീവനക്കാരുടെ ശമ്പളത്തിൽ 75 ശതമാനം ബാംബെ ഗവണ്മെന്റ ചെലവാക്കുന്നതുപോലെ, ഗവണ്മെന്റ ചെലവാക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. അതും ഒരു നല്ലകാര്യമാണ്. ഇങ്ങനെ പല നല്ല നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ കാണാവുന്നതാണ്. അതിൽ ഒന്നുംതന്നെ നടപ്പിലാക്കുവാൻ പി. എസ്സ്. പി. മന്ത്രിസഭ തയ്യാറാകാഞ്ഞതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. പൊതുജനാഭിപ്രായത്തെ മാനിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു ഗവണ്മെന്റ് അവകാശപ്പെടുന്നു. പൊതുജനാഭിപ്രായം എന്നു പറയുന്ന

[ശ്രീ. ആർ. പ്രകാശം]

തിൽ ഞങ്ങളുടെ അഭിപ്രായത്തെ കണക്കാക്കേണ്ടു. ഞങ്ങൾ കൂക്കുവിളിക്കാരാണു് എന്നല്ലേ മുഖ്യമന്ത്രിയുടെ മുറവിളി. എന്നാൽ കൊള്ളാവുന്ന ആളുകൾ എന്നു ഗണിക്കപ്പെടുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞു് ഒരു കമ്മിററിയെ അധികാരപ്പെടുത്തിയതനുസരിച്ചു് ലഭിച്ച റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണോ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. 1949-ൽ രൂപീകരിച്ച ഈ കമ്മിററി ഒന്നര ലക്ഷം രൂപ ചെലവാക്കി 1950 ഡിസംബറിലാണു് കേന്ദ്രത്തിലേയ്ക്കു് റിപ്പോർട്ടയച്ചിരിക്കുന്നതു്. അതിനിടയിൽ ഭരിച്ച കാൺഗ്രസ്സു് ഗവണ്മെൻറു് അതു നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ വന്ന പി. എസ്സ്. പി. ഗവണ്മെൻറും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നാണു് കാണുന്നതു്.

1953 ഏപ്രിൽ മാസത്തിൽ മദ്രാസിൽ വച്ചുകൂടിയ ആൾ ഇൻഡ്യാ ഫെഡറേഷൻ ആഫ് ലോക്കൽ ബോഡീസ് ഒരു വർഷത്തിനകം അതാതു സ്റ്റേററുകളിൽ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അവിടെ ഹാജരായിട്ടുള്ള സ്റ്റേററുകളിലെ എം. എൽ. ഏ. മാർ പ്രത്യേകം ശ്രമിക്കണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇവിടെയുള്ള പി. എസ്സ്. പി. എം. എൽ. ഏ. മാരും പഞ്ചായത്തു പ്രതിനിധികളുമെല്ലാം ആ യോഗത്തിൽ ഹാജരുണ്ടായിരുന്നു. മറെറാരു ഗൗരവതരമായ കാര്യത്തിലേയ്ക്കു് ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട ചാലക്കുടി മെംബറോടു ഞാൻ ഒരു വെല്ലുവിളി നടത്തുകയാണു്. ഇന്നു് കാൺഗ്രസ്സു് മെംബറായ ശ്രീ. ടി. പി. സീതാരാമൻ പരാതിപ്പെട്ട തരത്തിൽ കാൺഗ്രസ്സിൻെറ പഞ്ചായത്തുകളോടുണ്ടായിരുന്ന വൈമുഖ്യത്തെപ്പററി അദ്ദേഹം ഗൗരവമായി ചിന്തിക്കണമെന്നതാണതു്. ചാലക്കുടി മെംബർ പഞ്ചായത്തു് തിരഞ്ഞെടുപ്പുകാലത്തു് ചിറയിൻകീഴ് താലൂക്കിൽ വന്നു് പല പ്രസംഗങ്ങളും നടത്തി. ഇന്നിപ്പോൾ ഞങ്ങൾ രണ്ടുപേരും ഇവിടെ ഉണ്ടു്. അതിനാൽ നമുക്കു് രണ്ടുപേർക്കും ഈ കാര്യത്തെക്കുറിച്ചു് അന്യോന്യം പറയാൻ സൗകര്യമുണ്ടല്ലോ. പഞ്ചായത്തുകളുടെ വിജയകരമായ പ്രവർത്തനത്തെക്കുറിച്ചു് ഭാവിയെനോക്കി അദ്ദേഹം അന്നുറപ്പുകൊടുത്തു; അദ്ദേഹം പറഞ്ഞതു് പഞ്ചായത്തു ഇവിടെ കൊണ്ടുവന്നതു് കമ്മ്യൂണിസ്ററുകാരല്ല കാൺഗ്രസ്സുകാർ ആണു് എന്നാണു്. ഗ്രാമസ്വരാജ് എന്ന ഗാന്ധിജിയുടെ ലക്ഷ്യം നടപ്പിലാക്കുവാൻ വേണ്ടിയാണു് അതു കൊണ്ടുവന്നിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വീണ്ടും ശ്രീ. പനമ്പിള്ളിയോടു ചോദിക്കുകയാണു്, അങ്ങു് ഭരണഘടനനോക്കിയിട്ടില്ലേ എന്നു്. അതിലെ 40-ാം വകുപ്പിൽ സ്റ്റേററുകളിൽ പഞ്ചായത്തുകൾ ഏർപ്പെടുത്തണമെന്നു് പറഞ്ഞിട്ടുണ്ടു്. പക്ഷെ പഞ്ചായത്തിനെ കാര്യക്ഷമമാക്കുന്ന വകുപ്പുകൾ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? കേന്ദ്രത്തിൻെറയും പ്രവിശ്യയുടെയും ഗവണ്മെൻറു ചെലവുകൾക്കു് സ്റ്റേററലിസ്റ്റെന്നും കേന്ദ്രലിസ്റ്റെന്നും കൺകറൻറു് ലിസ്ററുകളെന്നും വേർതിരിച്ചു് ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ പഞ്ചായത്തുകളും മുനിസിപ്പാലിററികളും നടത്തുന്നതിനു് സ്റ്റേററുഗവണ്മെൻറിനു് അധികാരം കൊടുത്തിട്ടുണ്ടെങ്കിൽത്തന്നെ ഏതെല്ലാം ധനാഗമമാർഗ്ഗങ്ങളിൽക്കൂടിയാണു് ഈ പഞ്ചായത്തുകൾ നടത്തപ്പെടേണ്ടതെന്നു് ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടില്ല. അതിനുവേണ്ടി Local finance-നു് പ്രത്യേക ലിസ്ററു് കൊള്ളിച്ചിട്ടില്ല. ഒരുപക്ഷെ ചാലക്കുടി മെംബർ

വിചാരിക്കുന്നുണ്ടാവാം നിയമം അറിയാൻ പാടില്ലാത്ത ഞാൻ ഇതൊക്കെ പറയുകയാണെന്നു്. എന്നാൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ധിക്കരിക്കുവാൻ ധൈര്യം കാണിക്കാത്ത ഒരു വ്യക്തിയാണല്ലോ സർ, സി. പി. രാമസ്വാമി അയ്യർ. അദ്ദേഹം ആൾ ഇൻഡ്യാ ലോക്കൽ ബോഡീസ് കാൺഫറൻസിൽ വച്ചു് ചോദിച്ച ഒരു ചോദ്യമാണു് എനിക്കും പനമ്പിള്ളിയോടു ചോദിക്കുവാനുള്ളതു്.

ശ്രീ. എം. വി. ചെറിയാൻ: സർ, ഒരു പായിന്റു ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെംബർ ശ്രീ. പനമ്പിള്ളി ഉത്തരം പറയേണ്ടതായിട്ടുള്ള പല ചോദ്യങ്ങളും ഇവിടെ ചോദിക്കുന്നുണ്ടു്. അങ്ങനെ ഉത്തരം പറയുന്നതിനു ബാദ്ധ്യസ്ഥനല്ലാതിരിക്കുന്ന ഒരു മെംബർ ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം പറയണമെന്നു നിർബ്ബന്ധിക്കുവാൻ ആർക്കെങ്കിലും അവകാശമുണ്ടോ?

മി. സ്പീക്കർ; തിരുവിതാംകൂർ-കൊച്ചി പഞ്ചായത്തു ഭേദഗതി ബില്ലാണു് ഇപ്പോൾ ഇവിടെ ചർച്ചാവിഷയമായിരിക്കുന്നതു്. ഈ സ്റ്റേജിൽ പഞ്ചായത്തുകളെപ്പററി വിപുലമായ ചർച്ച നടത്തേണ്ട അവസരമുണ്ടു്. അപ്പോൾ ആപ്പോസിഷൻ പാർട്ടി ചെയ്ത പ്രവൃത്തികളെപ്പററി പരാമർശിക്കുവാൻ ഏതു മെംബർക്കും അവകാശമുണ്ടു്. അതുപോലെ അതിനു മറുപടി പറയാൻ ആപ്പോസിഷൻ പാർട്ടിയുടെ ലീഡർക്കും ആഗ്രഹമുണ്ടെങ്കിൽ അതിനു അവകാശമുണ്ടു്.

ശ്രീ. ആർ. പ്രകാശം: സർ, ആ കാൺഫറൻസിൽ പ്രധാനമന്ത്രി നെഹ്റു ഇങ്ങനെ ഒരു സന്ദേശം അയയ്ക്കുകയുണ്ടായി.

> "I send my good wishes to the All India Local Bodies Conference which is going to be held in Madras. I have always felt that the basis of democracy is the proper functioning of our Local Bodies and indeed our Panchayats. It is important therefore that we should try to improve the functioning of our Local Bodies."

ബുദ്ധിമാനായ സർ സി. പി. രാമസ്വാമി അയ്യർ ആ സന്ദേശത്തിലെ ഒരു വാക്കിൽ കയറിപ്പിടിച്ചു. "basis of democracy is the proper functioning of our Local Bodies and indeed our Panchayat." എന്നു് നെഹ്റു പറഞ്ഞിരിക്കുന്നു. അപ്പോൾ ആ ബേസിസിനു് ആവശ്യമായ ധനാഗമമാർഗ്ഗങ്ങളെക്കുറിച്ചു് ഭരണഘടനയിൽ എന്തുകൊണ്ടു് ഒന്നും പറഞ്ഞില്ല എന്നു് അദ്ദേഹം ചോദിച്ചു. അങ്ങിനെയുള്ള ധനാഗമമാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ഈ പ്രസ്ഥാനത്തിന്റെ അസ്ഥിവാരത്തെത്തന്നെ തോണ്ടുന്ന ഒരു കാര്യമായിത്തീരുമെന്നു് സർ സി. പി. പറഞ്ഞു. ഇതിനു് ഭരണഘടനയെച്ചൊല്ലി പുകഴ്ത്തുന്ന ശ്രീ. ചാലക്കുടിമെംബർ മറുപടി പറഞ്ഞേതീരൂ, ഞാനതിനു് അദ്ദേഹത്തെ ക്ഷണിക്കുന്നു. ഈ ഭരണഘടന എഴുതി ഉണ്ടാക്കിയതു് കാൺഗ്രസ്സുകാരല്ലേ? അപ്പോൾ ഭരണഘടന പഞ്ചായത്തുകളെ സംബന്ധിച്ചു് ടത്തോളം കുഴപ്പങ്ങൾ സൃഷ്ടിക്കുകയല്ലേ ചെയ്തിരിക്കുന്നതു്? കാൺഗ്രസ്സ് മെംബറന്മാർ മുതലക്കണ്ണീർ പൊഴിക്കുന്നതിനു് നാം [illegible] ല്ലേ? ജനാധിപത്യത്തിന്റെ അടിത്തറ ഉറപ്പിക്കുവാൻ വന്ന കാൺഗ്രസ്സുകാർ പോയി. പിന്നെയാണു് പാവപ്പെട്ട പി. എസ്. പി. ഗവൺമെന്റു് ഇവിടെ വന്നതു്. കാൺഗ്രസ്സാണു് ഈ ഗവ

[ശ്രീ. ആർ. പ്രകാശം]

ണ്മെൻറിനെ ഇന്നും നിലനിറുത്തുന്നതു്. കുഞ്ഞേ ഭരിക്കൂ, ഭരിക്കൂ എന്നാണു അവർ പറയുന്നതു്. അങ്ങിനെ കാൺഗ്രസ്സു് പി. എസ്സ്. പി. യെക്കൊണ്ടു് ഭരണം നടത്തിക്കുന്ന ഈ സമയത്തു് ഭരണഘടനയിൽ പഞ്ചായത്തുകളുടെ അടിത്തറതോണ്ടുന്ന വ്യവസ്ഥയുണ്ടെങ്കിലും, പെട്ടെന്നു് സ്വയംഭരണസ്ഥാപനങ്ങൾ ഇളകിവീഴാതെ തൂണുകൊടുക്കുന്ന ഭേദഗതികൾകൂടി ആക്ററിൽ വരുത്തണമെന്നേ ഞങ്ങൾക്കു് അഭിപ്രായമുള്ളു. കാര്യക്ഷമമായ ഭേദഗതികൾ വരുത്തുവാനുള്ള സന്ദർഭം ഇനിയും ഉണ്ടു്. ആ സമയത്തു് അതിനെപ്പററി ആലോചിക്കാവുന്നതാണു്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ റൂൾസ്തന്നെ അപര്യാപ്തമായിട്ടാണിരിക്കുന്നതു്. ഇവിടത്തെ ഉദ്യോഗസ്ഥലോകത്തെ കിടുകിടെ വിറപ്പിച്ചുകൊണ്ടിരിക്കയാണെന്നു അവകാശപ്പെടുന്ന ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെൻറ് ഈ റൂളുകളിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തി പഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് കൂടുതൽ പ്രവർത്തനക്ഷമമായ നിലയിൽ ജോലി നടത്തിക്കുന്നതിൽകൂടി ശ്രദ്ധിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ വിരമിക്കുന്നു. ലോക്കൽ ഫൈനാൻസ് എൻക്വയറി കമ്മിററി റിപ്പോർട്ടു് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ എന്താണു് ഈ ഗവണ്മെൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു ശ്രീ. പി. എസ്സ്. നടരാജപിള്ള മറുപടി പ്രസംഗത്തിൽ വ്യക്തമാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, പ്രയോജനകരമായ ഈ ഭേദഗതിയെപ്പററി കാൺഗ്രസ്സ്, പി. എസ്. പി., ഇതുരണ്ടും അല്ലാത്ത പാർട്ടിക്കാർ എന്നിങ്ങനെ പാർട്ടിതിരിച്ചു് പരാമർശനം ഉണ്ടാകുമെന്നു് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. എൻെറ യുവസ്നേഹിതൻ ഒരുപക്ഷെ എന്നോടുള്ള പ്രത്യേക സ്നേഹംകൊണ്ടായിരിക്കാം, അദ്ദേഹത്തിൻെറ പ്രസംഗത്തിൽ എൻെറ പേർ ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായതു്. അതുകേട്ടപ്പോൾ എനിക്കു തോന്നി, പനമ്പിള്ളി എന്ന പേരു് വിഷ്ണുവിൻെറ പര്യായമായിരുന്നെങ്കിൽ അദ്ദേഹം ഇതിനുമുൻപുതന്നെ വൈകുണ്ഠത്തിൽ എത്തിയേനെ എന്നു്. അത്ര അധികം തവണ എൻെറ പേർ അദ്ദേഹം ആവർത്തിക്കുകയുണ്ടായി.

ഭരണഘടനയിലെ 40-ാം വകുപ്പിനെപ്പററി ശ്രീ. പ്രകാശം പറഞ്ഞു. ആ വകുപ്പു് വളരെയേറെ പ്രാധാന്യമുള്ള ഒരു വകുപ്പാണു്. ആ വകുപ്പിനെ ചൊല്ലി എല്ലാ ആളുകളും ശബ്ദം ചെയ്യുന്നുണ്ടു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിൻെറ പാർട്ടിയുടെയും പ്രഖ്യാപനങ്ങളുടെയും നയം വിശദീകരിക്കുന്ന അവസരത്തിൽ എല്ലാം നമ്മുടെ രാജ്യത്തു പഞ്ചായത്തുകൾക്കു് ഉണ്ടായിരിക്കേണ്ട പ്രാധാന്യത്തെപ്പററി ആവർത്തിച്ചു പറയാറുണ്ടു്. കാൺഗ്രസ്സും, പഞ്ചായത്തുരാജ് ഈ രാജ്യത്തുണ്ടാകേണ്ട ആവശ്യത്തെപ്പററി പറയുന്നുണ്ടു്. ഏതാനും ആഴ്ചകൾക്കു മുൻപാണു്, കാൺഗ്രസ്സിൻെറ വർക്കിംഗ് കമ്മിററി പഞ്ചായത്തുകൾക്കു് ഇന്നത്തെക്കാൾ കൂടുതൽ വിപുലമായ അധികാരങ്ങൾ കൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കുവാൻ ഒരു സബ്കമ്മിററിയെ നിയമിച്ചതു്. ആ സബ് കമ്മിററിയിൽ സംബന്ധിക്കുവാനുള്ള സന്ദർഭവും സൗകര്യവും എനിക്കുണ്ടായി. അതുപോലെതന്നെ പ്രകാശവും ശ്രീ. ബാലകൃഷ്ണനും ഈ നിയമ

സഭയിലെ എല്ലാ ഭാഗത്തുമുള്ള മാന്യസ്നേഹിതന്മാരും നമ്മുടെ രാജ്യത്തു പഞ്ചായത്തുകൾ വലുതാക്കണമെന്നും അവയ്ക്കു ശക്തിയുണ്ടാക്കണമെന്നും കൂടുതൽ അധികാരം കൊടുക്കണമെന്നും വാദിക്കുന്നവരാണ്. അങ്ങനെ നമ്മുടെ ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും ഒരുപോലെ പഞ്ചായത്തുകൾ വളരണമെന്നും ഉയരണമെന്നും വാദിക്കുന്ന അവസരത്തിൽ ഈ മാതിരിയുള്ള വൃഥാവാദങ്ങൾക്ക് സമയം ചെലവാക്കുന്നതു് എന്തിനെന്ന് എനിക്കു മനസ്സിലാകുന്നില്ല. 1946 ഡിസംബർമാസം മുതൽ 1950 ജനവരി 26-ാംതീയതിവരെ കൊണ്ടാണ് ഇൻഡ്യയുടെ ഭരണഘടന സമർപ്പിക്കപ്പെടുകയുണ്ടായതു്. ഈ നാലുമാസക്കാലം കാൺസ്റ്റിററ്യുവൻറ് അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. ആ വാദപ്രതിവാദങ്ങളിൽ ഓരോ സന്ദർഭത്തിലും 'ഗ്രാമസ്വരാജ്' എന്നുള്ളതിന്റെ പ്രാധാന്യത്തെപ്പററി ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ ശ്രീ. പ്രകാശം പറഞ്ഞതുപോലെ കാൺഗ്രസ്സ് ഭൂരിപക്ഷമുള്ള കോൺഗ്രസ്സ് മഹാഭൂരിപക്ഷമുള്ള—കാൺസ്റ്റിററ്യുവൻറ് അസംബ്ലിയിൽ ആവർത്തിച്ചാവർത്തിച്ചു പറയുകയും എല്ലാ കാര്യങ്ങളും കഴിവുള്ളിടത്തോളം പഞ്ചായത്തിനെക്കൊണ്ടു ചെയ്യിപ്പിക്കണമെന്നും പഞ്ചായത്തുകളെ സ്റ്റേററ്ഗവണ്മെൻറുകൾ പ്രോത്സാഹിപ്പിക്കണമെന്നും തീരുമാനിക്കയും ചെയ്തു. അതനുസരിച്ചാണ് ഡയറക്ടീവ് പ്രിൻസിപ്പിൾസ് ആഫ് സ്റ്റേററ് പാളിസിയിൽ ഈ 40-ാംവകുപ്പ് ഇങ്ങനെ ചേർത്തിട്ടുള്ളതും.

Article 40. " The State shall take steps to organise Village Panchayats and endow them with such powers and authority as may be necessary to enable them to function as units of self-government. "

ഈ വിധത്തിലുള്ള നയപ്രഖ്യാപനം കാൺസ്റ്റിററ്യൂഷൻപോലെയുള്ള മൗലികപ്രമാണഗ്രന്ഥത്തിൽ എഴുതിച്ചേർക്കാൻ ഇടവന്നതു് ഈ കാൺസ്റ്റിററ്യൂഷന്റെ നിർമ്മാതാക്കൾ എത്രമാത്രം പ്രാധാന്യം ഇതിനു നൽകിയിരിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ അറിയാവുന്നതാണ്. ഈ വിധത്തിലുള്ള ഒരു വകുപ്പ് ഒരു കാൺസ്റ്റിററ്യൂഷനിൽ എഴുതിയ അതിന്റെ നിർമ്മാതാക്കൾ ഗ്രാമസ്വരാജിന്റെ പ്രാധാന്യം വളരെ നല്ലവണ്ണം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് എന്നാണെന്റെ വിശ്വാസം.

ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ പറയുന്നു, ഈ വകുപ്പിൽ പഞ്ചായത്തുകൾക്ക് എവിടെനിന്നു പണം കിട്ടും എന്നൊക്കെ ചേർക്കാത്തതു് തെററായിപ്പോയി എന്ന്. അങ്ങിനെ ഒരു വകുപ്പ് അതിൽ യഥാർത്ഥത്തിൽ ചേർക്കാൻ നിവൃത്തിയില്ല, ഈ പഞ്ചായത്തു യൂണിററ്സ് ഉള്ളതായ സ്ഥലത്തു് സ്വയംഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാവിധത്തിലുമുള്ള അധികാരങ്ങളും എല്ലാവിധത്തിലുമുള്ള സൗകര്യങ്ങളും ഈ പഞ്ചായത്തുകൾക്ക് സ്റ്റേററ്ഗവണ്മെൻറുകൾ കൊടുക്കണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് ഈ 40ാംവകുപ്പ് എഴുതിച്ചേർക്കുവാൻ കാരണക്കാരായതു് ആരാണോ അവർ ഇതിൽ ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ പറഞ്ഞതുപോലെ അത്ര ദൂഷ്യമുണ്ടെന്നു വിചാരിച്ചില്ല. ഈ നിയമസഭയിലെ ഒരു പക്ഷത്തിരിക്കുന്ന സ്നേഹിതന്മാർ, പ്രത്യേകിച്ചും കമ്മ്യൂണിസ്ററ് പാർട്ടിയിൽപ്പെട്ടവർ, സ്ഥാനത്തും അസ്ഥാനത്തും കാൺഗ്രസ്സിനെ ആക്ഷേപിക്കുന്നതു അവരുടെ കടമയായി കരുതിയിട്ടുണ്ട്. അങ്ങിനെ ഒരു കടമ അവർ നിർവഹിക്കുന്നതിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എനിക്കു് വിരോധമൊന്നുമില്ല. പക്ഷേ, അവരുടെ രാഷ്ട്രീയപരിപാടികൾ പ്രചരിപ്പിക്കുവാൻവേണ്ടി കാൺഗ്രസ്സിനെപ്പററി ആക്ഷേപം ചെയ്യുന്നതു് ഈ നിയമസഭയ്ക്കകത്തു് വേണ്ടതിലധികം വേണമോ എന്നു തീരുമാനിക്കേണ്ടതു് അങ്ങാണു്. ഈ 40-ാംവകുപ്പു് കാൺസ്ററിററ്യൂഷനിൽ എഴുതിച്ചേർത്തതുകൊണ്ടു് കാൺഗ്രസ്സിനെ ജനദ്രോഹികൾ എന്നു അവർ പറയുന്നതു് ഈ അടിസ്ഥാനത്തിലാണു്.

ശ്രീ. ആർ. പ്രകാശം: ഞാൻ അങ്ങിനെ പറഞ്ഞില്ല. ഇങ്ങനെ അവ്യക്തമായ ഒരു വകുപ്പല്ലാ ആവശ്യം എന്നുമാത്രമേ പറഞ്ഞിട്ടുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടല്ല എങ്കിൽ വേറെ കാരണങ്ങൾകൊണ്ടു്. നമ്മുടെ പ്രമുഖ നേതാവും സംസ്കൃതചിത്തനുമായ ടി. വി. തോമസുപോലും കാൺഗ്രസ്സിനെപ്പററി പറയുമ്പോൾ ആ വിധത്തിലുള്ള മുഖവുരയോടും അവതാരികയോടും കൂടിയുള്ള ശബ്ദങ്ങൾ മലയാളഭാഷയിൽ പുറപ്പെടുവിക്കാറുണ്ടു്. ഈ തിരുവിതാംകൂർ-കൊച്ചിയിൽ കാൺഗ്രസ്സിന്റെ പ്രചാരം കെടുത്തുന്നതിനുവേണ്ടി ജനദ്രോഹികൾ എന്നും, നാടുമുടിച്ചവർ എന്നും ആക്ഷേപിക്കുന്നതിനു് കമ്മ്യൂണിസ്ററ്പാർട്ടിബ്യൂറോവിൽനിന്നും ഇവർക്കു് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നുംകൂടി ഞാൻ സംശയിക്കുന്നു. ഇവിടെ അവർ പ്രസംഗിച്ചിട്ടുള്ള പ്രസംഗങ്ങൾ എല്ലാം പാർട്ടി ബ്യൂറോ പരിശോധിക്കുകയും, ഓരോ സന്ദർഭത്തിലും അവർ പ്രസംഗിക്കുമ്പോൾ ഇങ്ങനെ പറഞ്ഞില്ലെങ്കിൽ അച്ചടക്കനടപടി എടുക്കും എന്നു പേടിപ്പിച്ചിട്ടല്ലേ ആവർത്തിച്ചാവർത്തിച്ചു ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തുന്നതു് എന്നു തോന്നിപ്പോകുന്നു. ഈ ജനദ്രോഹികൾ എന്നു് ആക്ഷേപിക്കുമ്പോൾ പലപ്പോഴും എന്നോടു് എന്റെ സ്നേഹിതന്മാർ ചോദിക്കാറുണ്ടു്, അതിനു് ആവശ്യമായ മറുപടി പറയാനുള്ളപ്പോൾ എന്തുകൊണ്ടു് പറയുന്നില്ല എന്നു്. അതിനു് ഞാൻ അവരോടു് പറഞ്ഞതു്, അതിനു ആവശ്യമായ മറുപടി പറയാനുള്ള വാക്കുകൾ ഇനിയും മലയാളഭാഷയിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല, കാലാന്തരത്തിൽ കാലത്തിന്റെ ആവശ്യമനുസരിച്ചുള്ള വികസന സാദ്ധ്യതകൾ ആ ഭാഷയ്ക്കു് ഉണ്ടെന്നു് എനിക്കറിയാം. കുറച്ചുകാലത്തിനകം അതിനു സാദ്ധ്യതവരും, അങ്ങനെ വരുമ്പോൾ മറുപടി പറഞ്ഞുകൊള്ളാം എന്നാണു്.

ഈ 40-ാംവകുപ്പു് ഈ കാൺസ്ററിററ്യൂഷനിൽ കൊള്ളിച്ചശേഷം ഈ സ്റ്റേററ് ഗവണ്മെൻറിന്റെ ചുമതല ഒരു പഞ്ചായത്തു് ആക്ററ് ഉണ്ടാക്കുക എന്നുള്ളതാണു്. ഇന്നു് മി. ബാലകൃഷ്ണപിള്ളയും, മി. പ്രകാശവും, മി. സീതാരാമനും പറയുകയുണ്ടായി, റവന്യൂ തന്നെ അസൈൻ ചെയ്യുകിട്ടുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നു്. ഇവിടെ പ്രായപൂർത്തിവോട്ടവകാശം ഈ രാജ്യത്തുണ്ടാകാൻ സഹായകമായതു ഈ പഞ്ചായത്തു് ആക്ററമൂലമാണു്. 1950-ൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുകയും അതു രണ്ടു കൊല്ലം മുമ്പു് പാസ്സാക്കുകയും ചെയ്തു. ഇന്നു് അതിന്റെ പ്രവർത്തനത്തിനു ബുദ്ധിമുട്ടുകളും വിഷമങ്ങളും കാണുന്നുണ്ടു്. അതേപ്പററിയാണു് ബഹുമാനപ്പെട്ട പുതുക്കാട്ടു് മെംബർ ഇവിടെ പറഞ്ഞതു്. മി. ബാലകൃഷ്ണപിള്ളയും പറയുകയുണ്ടായി. അതിനെ ഓർത്തു തന്നെയാണു് ഈ ഗവണ്മെൻറു് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

അതായതു് ഈ പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരം കൊടുക്കണം. കൂടുതൽ റവന്യു കൊടുക്കണം എന്നും മററമാണു്. ഈ ഭേദഗതി അതു മാത്രമേ ഉദ്ദേശിക്കുന്നുള്ളു. മുഖം തുടയ്ക്കാനുള്ള ഒരു തുവാലയെപ്പററി, അതുകൊണ്ടു് നാണം മറയ്ക്കാൻ കൊള്ളുകില്ലെന്നും അതു് തണുപ്പു മാററാൻ കൊള്ളുകില്ലെന്നും പറഞ്ഞു് ആക്ഷേപങ്ങൾ പറയുന്നതുപോലെയാണിതു്. സ്റ്റേററമെൻറ് ഓഫ് ഒബ്ജക്ററ്സ് ആൻഡ് റീസൺസ് പറയുന്നതു് ജി. എം. എഫ്. കാര്യങ്ങൾക്കായി പഞ്ചായത്തുകളെ ആ പണം ഏൽപിച്ചുകൊടുക്കുമെന്നാണു്. അങ്ങിനെ ഏൽപ്പിച്ചിരുന്നാൽത്തന്നെ അതിനുവേണ്ട വിഷമങ്ങൾ ഉണ്ടാകും. ഇന്നും അതിനു തടസ്സമായി റെഡ്ടേപ്പിസം നമ്മുടെ ഗവണ്മെൻറ കാര്യങ്ങളിൽ കിടന്നു കളിക്കുന്നുണ്ടു്. ഈ നിയമങ്ങളിൽ എന്തുകൊണ്ടതിനുവേണ്ടി വ്യവസ്ഥ ചെയ്തില്ല എന്നുള്ളതു ന്യായമായ ഒരു ചോദ്യമല്ലാ. ഇതു ക്രമേണ സാദ്ധ്യമാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ശ്രമങ്ങളാണു് യഥാർത്ഥത്തിൽ ഗവണ്മെൻറ ഇവിടെ ചെയ്യുന്നതു്. ഈ പഞ്ചായത്തുകൊണ്ടു് വളരെ ഏറെ കാര്യങ്ങൾ നിർവ്വഹിക്കണമെന്നുള്ളതാണു് ഈ ഗവണ്മെൻറിൻെറ ഉദ്ദേശമെന്നു് അവരുടെ നയപ്രഖ്യാപനപ്രസംഗത്തിൽ കാണുന്നുണ്ടു്. അതിനു പഞ്ചായത്തുകൾ ശക്തിപ്പെടുത്തണം. പഞ്ചായത്തുകൾക്കു് റവന്യു കൊടുക്കുന്നതു് ഏതുവിധത്തിൽ വേണം എന്നു തീരുമാനിക്കണം. ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ ഒട്ടേറെ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു. എന്നാൽ മാർച്ചുമാസത്തിൽ നമ്മുടെ നിയമസഭയിൽ നടന്ന ബഡ്ജററ് വാദപ്രതിവാദവേളയിൽ ഞാൻ പറഞ്ഞ ഒരു അഭിപ്രായം ഓർക്കാതിരുന്നതെന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുകയാണു്. എന്നെപ്പററി ഇത്രയേറെ സ്നേഹവും സഹതാപവുമുള്ള ആൾ അതു ഓർക്കാതിരുന്നതെന്താണു്? പഞ്ചായത്തുകൾക്കു് ലാൻഡ് റവന്യു അസൈൻ ചെയ്തുകൊടുക്കുന്നതു് നന്നായിരിക്കുമെന്നു് അന്നു ഞാൻ പറയുകയുണ്ടായി. നമ്മുടെ രാജ്യത്തു് ഈ മിച്ചകരം അതായതു ബേസിക്ക് ടാക്സ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുകയാണു്. ഒരേക്കറിനു് ഒരു രൂപ ഒൻപതണ മാത്രമാണു് ഇന്നു നികുതി. ഈ ലാൻഡ് റവന്യു പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുന്ന ഏർപ്പാടു് ബാംബെയിൽ ഉണ്ടെന്നു പറയുന്നമാതിരി വിട്ടുകൊടുക്കുകയാണെങ്കിൽ വേണ്ടിടത്തോളം പണം ചെലവുകൾക്കായി കിട്ടാതെ വരുകയില്ലേ. അതുകൊണ്ടു് ലാൻഡ് റവന്യുവിൻെറ മേൽ ഒരു സർച്ചാർജ്ജുംകൂടി ഏർപ്പെടുത്തിയാൽ ധനകാര്യമന്ത്രിക്കു് അതു സ്വീകാര്യമായ നയമാണെന്നു ഞാൻ വിശ്വസിക്കുന്നു. ചുരുങ്ങിയ ഒരു സർച്ചാർജ്ജ് ചുമത്തുന്നതായാൽ പഞ്ചായത്തുകൾക്കു് കൂടുതൽ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാകും. പഞ്ചായത്തുകൾ യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങൾ ആക്കാമെന്നുതന്നെയാണു് ഞങ്ങളുടെ അഭിപ്രായം. ആ അഭിപ്രായത്തിനു് തടസ്സമായി എന്തെങ്കിലും ഒന്നു ഞങ്ങൾ പറയുകയോ എന്തെങ്കിലും ഒന്നു പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അങ്ങിനെയിരിക്കെ ഈ അവസരത്തിൽ എടുത്തു പറഞ്ഞിട്ടില്ല എന്നും, പറഞ്ഞതൊന്നും ആവശ്യമായിരുന്നില്ല എന്നുംകൂടി പറയാനുണ്ടു്. ഇതിൽ കൂടുതലായി ഒന്നും—എൻെറ ചെറുപ്പക്കാരനായ സ്നേഹിതനാണു് മി. പ്രകാശം. ഇതിൽ കൂടുതലായ മറുപടി ഒന്നും പറയുന്നതും ഭംഗിയുമല്ലാ.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഈ പഞ്ചായത്തു ബില്ലിനെക്കുറിച്ചു അതിൻെറ ഭേദഗതിയെ അനുകൂലിക്കുന്നതോടൊപ്പംതന്നെ ഇവിടെ ചോദ്യരൂപേണ പലരും അതിൻെറ മേൽഭരണത്തെസംബന്ധിച്ചും പഞ്ചാ

[ശ്രീ. പ്രാക്കുളം ഭാസി]

യത്തിന്റെ ഇന്നത്തെ നടത്തിപ്പിനെ സംബന്ധിച്ചും, ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റിന്റേതായാലും, ഇന്നലെവരെ നിലവിലിരുന്ന ഗവണ്മെന്റിന്റേതായാലും ഈ സഭയിൽ വളരെ ചർച്ചകളുണ്ടായിട്ടുണ്ടു്.

ഈ വേളയിൽ രാഷ്ട്രീയമായ പരിഗണനകൾ വളരെയധികം പഞ്ചായത്തിന്റെ പ്രവൎത്തനങ്ങളിൽ കാണുന്നുണ്ടു്. കരംപിരിവുപോലും രാഷ്ട്രീയപരിഗണനകൾ അനുസരിച്ചാണു നടത്തിവരുന്നതു്. ഇതു സംബന്ധിച്ചു് നാട്ടുകാരുടെ ഇടയിൽ വളരെ അധികം പരാതികളുണ്ടു്. ഇക്കാൎയ്യത്തെക്കുറിച്ചു പറയുന്നതോടൊപ്പംതന്നെ ഈ ബില്ലിന്റെ 55-ാം വകുപ്പിനു ഒരു ഭേദഗതി പി. എസ്സ്. പി. ഗവണ്മെന്റു കൊണ്ടുവന്നിരിക്കുന്നതിനെ സംബന്ധിച്ചും എനിക്കു് പറയുവാനുണ്ടു്. ഈ 55-ാം വകുപ്പു മാത്രം ഭേദഗതി ചെയ്യുമെന്നുള്ള വിശ്വാസമല്ല, ഞങ്ങൾക്കു ഇതുവരെ ഉണ്ടായിരുന്നതു്. എന്തെന്നാൽ കാൺഗ്രസ്സ് ഗവണ്മെന്റു പഞ്ചായത്തുകൾ രൂപീകരിക്കുകയും, അതിനുശേഷം പി. എസ്സ്. പി. ഗവണ്മെന്റ് വികേന്ദ്രീകരണം നയപരിപാടിയായി സ്വീകരിച്ചിരിക്കുന്ന നിലയ്ക്കു് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ടു നാട്ടുകാൎക്കു പ്രയോജനകരമായവിധം അവയെക്കൊണ്ടു് ഭരണം നടത്തത്തക്കവണ്ണമുള്ള ഭേദഗതികളും അവതരിപ്പിക്കുമെന്നാണു ഞങ്ങൾ വിശ്വസിച്ചിരുന്നതു്. എന്നാൽ താൽക്കാലികമായി ചെയ്തതു്, പി. ഡബ്ലിയു. ഡി. വകുപ്പിൽനിന്നും ചെലവാക്കിക്കൊണ്ടിരുന്ന തുകകൾ പഞ്ചായത്തു മുഖാന്തിരം ചെലവാക്കിക്കുന്നതിനായി 56 ലക്ഷം രൂപ കൊള്ളിക്കുക എന്നുള്ളതു മാത്രമാണു്. അതാണു് ഈ ഭേദഗതിയുടെ ഉദ്ദേശം.

The House rose for lunch at 12-30 P. M. and reassembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. പ്രാക്കുളം ഭാസി: (തുടർച്ച) സർ, ഇന്നത്തെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം നാട്ടുകാൎക്കു കാൎയ്യമായ പ്രയോജനം ഉണ്ടാകുന്നതായിട്ടു് അനുഭവമില്ല. പഞ്ചായത്തുകളെ സംബന്ധിച്ചു പല കുഴപ്പങ്ങളും പരാതികളും ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. പ്രായപൂൎത്തി വോട്ടവകാശാടിസ്ഥാനത്തിൽ പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നപ്പോൾ ഈ നാട്ടിലെ ജനങ്ങൾക്കു് വളരെയധികം പ്രതീക്ഷകളുണ്ടായിരുന്നു. ഓരോ സ്ഥലത്തും രാഷ്ട്രീയപാർട്ടികളായിരുന്നു സ്ഥാനാൎത്ഥികളെ നിറുത്തി പ്രചരണങ്ങൾ നടത്തിയതു്. ഓരോ സ്ഥലത്തുമുള്ള രാഷ്ട്രീയപാർട്ടികളുടെ ഭൂരിപക്ഷം അനുസരിച്ചാണു പഞ്ചായത്തു തിരഞ്ഞെടുപ്പിൽ സ്ഥാനാൎത്ഥികൾ വിജയിച്ചിട്ടുള്ളതു്. ഇതു് എത്രമാത്രം ശരിയാണെന്നു പഞ്ചായത്തുകളുമായി ഇടപെടാൻ കഴിഞ്ഞിട്ടുള്ള സകലൎക്കും അറിയാവുന്നതാണു്. പാർട്ടികളുടെ പേരിൽ മാത്രം ഭരണം നടത്തുന്ന പഞ്ചായത്തുകൾ ഒരു പക്ഷപാതനിലയാണു് ഇന്നു അവലംബിച്ചിരിക്കുന്നതു്. സർ, അങ്ങുതന്നെ പി. എസ്സ്. പി. ടിക്കറ്റിൽ നിയമസഭയിൽ വരികയും, സ്പീക്കറായതിനുശേഷം, യാതൊരു കക്ഷിയിലും പെടാതെ ഈ സഭയെ നിയന്ത്രിക്കുകയും ചെയ്യുന്നതുപോലെ ആയിരിക്കണം പഞ്ചായത്തുകൾ, അവർ ഏതു പാർട്ടിയിൽപ്പെട്ടവരായാലും നാട്ടിനുവേണ്ടിയാണു് പ്രവൎത്തനം നടത്തേണ്ടതു്. അങ്ങനെ രാഷ്ട്രീയ

പരിഗണനകൾക്ക് അതീതമായ ഒരു ഭരണരീതി പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇന്നു നടക്കുന്നില്ലെന്നുവേണം അനുഭവംകൊണ്ടു മനസ്സിലാക്കേണ്ടതു്. കൊച്ചി ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചിടത്തോളം, മുൻപു മുതൽക്കുതന്നെ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടായിരുന്നു. തിരുവിതാംകൂറിലും ഏകദേശം നൂറിനുതാഴെ പഞ്ചായത്തുകൾ ഉണ്ടായിരുന്നു. പുതിയ തെരഞ്ഞെടുപ്പു ഫലമായി പഞ്ചായത്തുകളുടെ എണ്ണം 550 ആയി വർദ്ധിച്ചിരിക്കുകയാണു്. മുൻപുണ്ടായിരുന്ന പഞ്ചായത്തുകൾ വിഭജിച്ചുകൊണ്ടാണു് ഇപ്പോഴത്തെ മിക്ക പുതിയ പഞ്ചായത്തുകളും രൂപമെടുത്തിട്ടുള്ളതു്. രാഷ്ട്രീയപരിഗണനകളാൽ ഭരണം നടത്തുന്ന ഇപ്പോഴത്തെ പഞ്ചായത്തുകൾ, എന്റെ സ്നേഹിതൻ ശ്രീ. യശോധരൻ പറഞ്ഞതുപോലെ പഞ്ചായത്തുകളല്ല, പഞ്ചാപത്തുകളാണു്. നേരമ്പോക്കായി പറയുന്നതാണെങ്കിലും ഇതാണു് ഇന്നു നാട്ടിലെ അനുഭവവും സാധാരണ ജനങ്ങളുടെ ഇടയിലെ ഒരു സംസാരവും. നിഷ്പക്ഷനിലയിൽ കാര്യങ്ങൾ ശരിയായി നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനു പകരം, രാഷ്ട്രീയ വടംവലിയാണു് നടക്കുന്നതു്. പഞ്ചായത്തിൽക്കൂടിയും രാഷ്ട്രീയമുണ്ടെന്നു വിശ്വസിക്കുന്നവർ ഈ സഭയിൽത്തന്നെയുണ്ടു്. ഇപ്പോൾ ഇറിഗേഷനു വേണ്ടിയും ജി. എം. എഫ്-നു വേണ്ടിയും ചെലവാക്കിക്കൊണ്ടിരിക്കുന്ന തുകകൾ പഞ്ചായത്തു ഹെഡ്ഡിലേക്കു മാററിയിരിക്കുകയാണു്. പഞ്ചായത്തുകളുടെ ചാർജ്ജു വഹിക്കുന്ന ഇന്നത്തെ മെഡിക്കൽമന്ത്രി തന്നെ, വളരെയേറെ വാഗ്ദാനങ്ങൾ പൊതുജനങ്ങൾക്കു നൽകിയിട്ടുണ്ടു്. ഗ്രാമീണരുടെ സകല ആവശ്യങ്ങളും പഞ്ചായത്തുകളുടെ ആവിർഭാവത്തോടുകൂടി നിർവ്വഹിക്കപ്പെടുമെന്നു അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതാണു്. അങ്ങനെയുള്ള ആവശ്യങ്ങൾ നിലവിലിരിക്കുന്ന പഞ്ചായത്തിലുള്ള ഭരണംമൂലം ഉണ്ടാകുന്നുണ്ടോ എന്നു ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കേണ്ടതാണു്. പഞ്ചായത്തുകളുടെ ഭരണദൂഷ്യത്തെപ്പററി എന്തെങ്കിലും നിവേദനങ്ങളോ, പരാതികളോ ഗവണ്മെൻറിലേക്കു സമർപ്പിച്ചാൽതന്നെയും അവയ്ക്കു മറുപടി കിട്ടാൻ വളരെ കാലതാമസമുണ്ടാകുന്നുണ്ടു്. അതുപോലെതന്നെ, പഞ്ചായത്തുകളുടെ ബഡ്ജററു ഗവണ്മെൻറിനു സമർപ്പിച്ചിട്ടു നാലുമാസമായിട്ടും ഇതുവരെ പാസ്സാക്കിയിട്ടില്ല. ഇങ്ങനെ ഭരണപരമായി പഞ്ചായത്തു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു വേണ്ട ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. സർ, ചില പഞ്ചായത്തുകൾ 1952-ലെ പകുതി വർഷത്തെ നികുതി കൂടി ഈടാക്കിവരുന്നതായി എനിക്കറിയാം. അതുകൊണ്ടു് 1953 മുതൽ ഈടാക്കിയാൽ മതിയെന്നു നിർദ്ദേശിക്കേണ്ടതാണു്. ചില പഞ്ചായത്തുകൾ തങ്ങളുടെ ഇഷ്ടമനുസരിച്ചുള്ള നികുതിയാണു് പിരിച്ചുവരുന്നതു്. സർ, ഈവിധമുള്ള അനീതികൾ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കാതെ, നികുതിയുടെ നിശ്ചിതമായ ഒരു റേററു നിജപ്പെടുത്തി അതനുസരിച്ചു വസൂലാക്കണമെന്നു കർശനമായി നിർദ്ദേശിക്കേണ്ടതാണു്.

മറെറാരു കാര്യം, അഗ്രികൾച്ചറൽ ഇൻകംടാക്സു പിരിക്കുന്നതിൽ കാണിക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ചാണു എനിക്കു പറയാനുള്ളതു്. 3000 രൂപ വരെ കാർഷികാദായമില്ലാത്തവരെക്കൂടി ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വം ലിസ്റ്റിൽപ്പെടുത്തി നികുതിക്കു വിധേയരാക്കുന്നുണ്ടു്. നേരെമറിച്ചു് യഥാർത്ഥത്തിൽ നികുതി കൊടുക്കാൻ അർഹതയുള്ളവരെ, അവരുടെ പക്കൽനിന്നും ചില്ലറ കൈമടക്കുകൾ വാങ്ങിയിട്ടു്

[ശ്രീ. പ്രാക്കുളം ഭാസി]

വേണ്ടിവന്നാൽ ഒരു നോട്ടീസുമാത്രം കൊടുത്തു അവസാനിപ്പിക്കുകയുമാണു് ചെയ്യുന്നതു്. ഈ വിധത്തിലുള്ള അനീതികൾ പരിഹരിക്കണമെങ്കിൽ അഗ്രികൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളമുള്ള ചുമതലകൾ അതതു പഞ്ചായത്തുകളെ ഏല്പിക്കേണ്ടതാണു്. അതോടൊപ്പം കാൎയ്യക്ഷമമായി പഞ്ചായത്തുകൾ പ്രവൎത്തിക്കണമെന്നു നിൎദ്ദേശിക്കേണ്ടതുമാണു്. സർ, ലാൻഡ് ടാക്സിനെ സംബന്ധിച്ചിടത്തോളം അതാതു പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കണമെന്നു ഞാൻ പറഞ്ഞതു് എന്തുകൊണ്ടെന്നാൽ, ഓരോ സ്ഥലത്തും നിവസിക്കുന്ന ജനങ്ങൾ ആരെല്ലാമാണെന്നും, ടാക്സ് കൊടുക്കാൻ അൎഹതയുള്ളതു അവരിൽ എത്രപേരുണ്ടെന്നും മററും പഞ്ചായത്തു മെമ്പറന്മാൎക്കു് അവർ സ്ഥലത്തുള്ളവരായതുകൊണ്ടു അറിയാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു്. അതുപോലെ തന്നെ ഗ്രാമപ്രദേശങ്ങളിലുള്ള വായനശാലകൾക്കു് എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറു് മുഖാന്തിരമാണു് ഇന്നു ഗ്രാൻറു നൽകുന്നതു്. ഇങ്ങനെ നൽകുന്ന തുകയും വായനശാലകളുടെ കാൎയ്യക്ഷമമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തുകൾവഴി കൊടുക്കുന്നതു് നന്നായിരിക്കും.

മി. സ്പീക്കർ: പഞ്ചായത്തുകളുടെ വർക്കിംഗിനെ സംബന്ധിച്ചുള്ള പോരായ്മകളും മററും പറയാമെന്നല്ലാതെ, മററു കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കാനുള്ള അവസരമല്ല ഇതു്.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഞാൻ റൂളിംഗിനു വിപരീതമായി പറയുകയല്ല, പഞ്ചായത്തിൻെറ കാൎയ്യങ്ങൾ പറയുന്നതിനിടയിൽ മററു ചിലതുകൂടി വന്നുപോയതാണു്.

സർ, ഇറിഗേഷൻജോലികളും, അതുപോലെ ജി. എം. എഫ്. പ്രവൎത്തനങ്ങളും പഞ്ചായത്തുകളെക്കൊണ്ടു നടത്തുന്നതിനായിട്ടാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇപ്പോൾത്തന്നെ പഞ്ചായത്തുകൾ നടത്തുന്ന ജോലികളുടെ നടത്തിപ്പിനുവേണ്ടിയുള്ള എസ്റ്റിമേററുകൾ തയ്യാറാക്കുന്നതിനു തന്നെ ഏകദേശം ഒരു കൊല്ലത്തോളം ആയിട്ടും സാധിച്ചിട്ടില്ലെന്നാണറിയുന്നതു്. എസ്റ്റിമേററനുസരിച്ചു ജോലികൾ ചെയ്തിച്ചാൽത്തന്നെ പണം കിട്ടുന്നതിനു വളരെ കാലതാമസം നേരിടുന്നുണ്ടു്. പല പഞ്ചായത്തുകളിലെ പ്രസിഡൻറന്മാരും ഈ കാൎയ്യത്തിൽ പരാതികൾ പറയാറുണ്ടു്. ഈ ഭേദഗതിയനുസരിച്ചു് ഇപ്പോൾ ഇറിഗേഷൻ തുടങ്ങിയ ജോലികൾ നടത്തുന്നതിനു് കുറെ ഉദ്യോഗസ്ഥന്മാരെ പി. ഡബ്ലിയു. ഡി. യിൽ നിന്നും പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടു്. ആ വകയ്ക്കു വേണ്ടിയുള്ള തുകയും പഞ്ചായത്തു ബഡ്ജററിലാണു കൊള്ളിച്ചിരിക്കുന്നതു്. അതേസമയം രണ്ടായിരം രൂപയിൽ ഒരു കാശുപോലും കൂടുതലായി ഓരോ പഞ്ചായത്തിനും കൊടുക്കുന്നുമില്ല. ഒരു പഞ്ചായത്തു പൊതുജനങ്ങൾക്കു ഉപകാരമായവിധത്തിൽ പ്രവൎത്തിക്കണമെങ്കിൽ ഈ രണ്ടായിരം രൂപ കൊണ്ടുമാത്രം സാധിക്കുമോ എന്നു് ചിന്തിക്കേണ്ടതാണു്. ഗവണ്മെൻറു ഈ കാൎയ്യം ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടായിരിക്കാം പഞ്ചായത്തിലേക്കു കൂടുതൽ തുക കൊള്ളിക്കാമെന്നു വിചാരിച്ചിരിക്കുന്നതു്. ആ ഒരു കാരണത്താലാണു് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നതു്. സർ, മറെറാരു കാൎയ്യം ഇവിടെ ലാൻഡു കാളനൈസേഷൻ സ്കീം എന്നൊന്നുണ്ടു്; ഈ പദ്ധതിയും പഞ്ചായത്തുകളിലേക്കു വിട്ടുകൊടുക്കുന്നതിനെ

ച്ചുററി കാര്യമായി ആലോചിക്കേണ്ടതാണ്. ഇപ്പോൾ പുറമ്പോക്കുകളിൽ അനധികൃതമായി കുടിയേറിപ്പാർക്കുന്നവരെ ഒഴിപ്പിച്ചിട്ട് ആ സ്ഥലങ്ങൾ കാളനൈസേഷനുവേണ്ടി അതതു പഞ്ചായത്തുകളെ ഏല്പിക്കണമെന്നാണ് എന്റെ അഭിപ്രായം. സർ, യഥാർത്ഥത്തിൽ ഭൂമിയില്ലാത്ത ആളുകൾ ആരെല്ലാമാണെന്നുള്ളത് പഞ്ചായത്തു മെംബറന്മാർക്ക് അറിയാൻ സാധിക്കുന്നതുകൊണ്ടു അതതു പഞ്ചായത്തുകളെത്തന്നെ ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. ഓരോ പഞ്ചായത്തിലും ഭൂമിയില്ലാത്തവരും, ഭൂമിയുള്ളവരിൽത്തന്നെ പുറമ്പോക്കുസ്ഥലങ്ങൾ കയ്യേറി താമസിക്കുന്നവരും ആരെല്ലാമാണെന്നു പഞ്ചായത്തു മെംബറന്മാർക്കു വേണ്ടവിധം അറിയാൻ സാധിക്കുന്നതുകൊണ്ട്, ഭൂമിയുള്ളവരിൽനിന്നും കയ്യേറിയിട്ടുള്ള ഭൂമി വീണ്ടെടുക്കുന്നതിനും, ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തുകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്തു പ്രസിഡന്റന്മാരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും പ്രതിനിധികളും, പഞ്ചായത്തുഡയറക്ടറും, തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയും ഉൾപ്പെടുന്ന ഒരു അഡൈ്വസറിബോർഡു രൂപവൽക്കരിക്കുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കും. ഈ കാര്യത്തിൽ പഞ്ചായത്തു പ്രസിഡന്റന്മാർ ഏതു രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരായിരുന്നാലും ശരി, അവരുടെ നിർദ്ദേശങ്ങൾ ന്യായമായി അംഗീകരിക്കേണ്ടതാണ്. പഞ്ചായത്തുകൾക്കു അനുവദിച്ചിട്ടുള്ള ഗ്രാന്റു മുഴുവനും ഈ വർഷത്തിൽ അടുത്ത എട്ടുമാസക്കാലംകൊണ്ടു വിതരണംചെയ്യ ഉദ്ദേശിക്കുന്ന ഫലം ഉളവാക്കാൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. പഞ്ചായത്തുകൾക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും എത്രയും വേഗം വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പഞ്ചായത്തുകളുടെ നടത്തിപ്പിനുവേണ്ടി ആഫീസറന്മാരെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവർക്കു ഗവൺമെന്റിനോടുമാത്രം ഉത്തരവാദിത്വമുള്ളവരായിരുന്നാൽ മതിയാകയില്ലെന്നും, അവർക്കു പഞ്ചായത്തുകളോടും ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ടതുമാണ്.

Shri Joseph Chazikattu : stood up to speak.

Shri M. P. Menon : I move that the question may now be put.

Shri Joseph Chazhikattu : Sir, I am on my legs.

Mr. Speaker : Order, order. I will give you chance. Mr. M. P. Menon, do you press for closure ?

Shri M. P. Menon : No.

Mr. Speaker : Then I shall call upon Mr. Joseph Chazhikattu to speak.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, കഴിഞ്ഞ 26 ദിവസങ്ങളായി ഈ നിയമസഭയിൽ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾ എല്ലാം തന്നെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുകയാണെങ്കിൽ, മുൻ ഗവൺമെന്റ് തുടങ്ങിയിരുന്നവയെ ഇപ്പോഴത്തെ ഗവൺമെന്റു തുടർന്നു പൂർത്തീകരിക്കയും നവീകരിക്കയുമാണ് ചെയ്യുകയാണെന്നു് കാണാവുന്നതാണ്. ഇന്നത്തെ എല്ലാ നിയമങ്ങളും കോൺഗ്രസ്സിന്റെയും പി. എസ്സ്. പി. യുടെയും ചേർന്നുള്ളതാണ്. ഇപ്പോൾ അവതരിപ്പിച്ച നിയമംതന്നെ കാളിംഗസൻ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ശാകുന്തളത്തിൽ "കാകലിയേ പികവധൂടി വളർത്തീടുന്നു" എന്നു പറഞ്ഞതുപോലെയാണ്. അതായതു് കാക്കക്കൂട്ടിലിട്ട കുയിൽമുട്ടപോലെയാണ് ഈ ഭേദഗതികൾ എന്നു തെളിയുന്നതാണ്. സർ, മുൻപു ഇവിടെ ഒരു വില്ലേജ് അപ്പ്ലിഫ്റ്റ് ആക്റ്റ് നടപ്പാക്കിയിരുന്നു. നാട്ടുകാർക്ക് ആ വില്ലേജ് അപ്പ്ലിഫ്റ്റ് ആക്റ്റുകൊണ്ടു് പറയത്തക്ക മേന്മകളൊന്നും ഉണ്ടായിട്ടില്ലെന്നു് കണ്ടതുകൊണ്ടാണ് കോൺഗ്രസ്സിന്റെ ഭരണകാലത്തു പഞ്ചായത്തു ബിൽ എന്ന നാമധേയത്തിൽ ഒരു നിയമം കൊണ്ടുവന്നതു്. മുൻനിയമത്തിൽ പഞ്ചായത്തു കമ്മിറ്റിയിൽ ഏതാനും പേർ തിരഞ്ഞെടുക്കപ്പെടുന്നവരും ഏതാനും അംഗങ്ങൾ നോമിനേറ്റു ചെയ്യപ്പെടുന്നവരുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ നിയമത്തിൽ പ്രായപൂർത്തി വോട്ടവകാശം അനുസരിച്ചുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന സമിതികൾ ഉൾക്കൊള്ളുന്ന ഓരോ പഞ്ചായത്തും, മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുകയും, വില്ലേജുകളെ സംബന്ധിച്ചിടത്തോളം അവയ്ക്കു് സ്വയംഭരണാവകാശം വിട്ടുകൊടുക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തിന്റെ മുന്നോടിയായി കോൺഗ്രസ്സു രൂപീകരിച്ചിട്ടുള്ള നിയമത്തിൽ വരുത്താനുള്ള ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. കോൺഗ്രസ്സു ഗവണ്മെന്റ് ഉണ്ടാക്കിവച്ചിരിക്കുന്ന നിയമത്തിന്റെ ഉള്ളിൽ താൽക്കാലികമായ ഒരു ഭേദഗതിവരുത്തുന്നതിനു വേണ്ടി, പി. എസ്സ്. പി. ഗവണ്മെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

കോൺഗ്രസ്സു ഗവണ്മെന്റു കൊണ്ടുവന്ന നിയമമാണ് ഇപ്പോൾ നിലവിലിരിക്കുന്നതു്. അന്നു് പ്രാരംഭദശയിൽ ഇരുന്ന ഈ നിയമം പൂർണ്ണമാക്കുന്നതിനു് അവർക്കു് സാധിച്ചില്ല. അവർ അന്നു തന്നിട്ടുള്ള ഒരു നിയമം വച്ചുകൊണ്ടാണ് ഇന്നു് പി. എസ്സ്. പി. ഗവണ്മെന്റ് പ്രവർത്തിക്കുന്നതു് എന്നു നാം ധരിക്കണം. അതുപോലെ കോൺഗ്രസ്സ് ഗവണ്മെന്റ് ഇങ്ങനെയുള്ള ഒരു നിയമം ഉണ്ടാക്കിത്തന്നല്ലോ എന്ന ഒരു കൃതജ്ഞതയും അവരോടു വേണം. പി. എസ്സ്. പി. കുയിൽ മുട്ടയിടുന്നതു് കോൺഗ്രസ്സുകാക്കക്കൂട്ടിലാണ്. കോൺഗ്രസ്സിന്റെ സഹായമില്ലാതെ പി. എസ്സ്. പി. മുട്ട വിരിഞ്ഞു് "ആകാശദേശഗമനത്തിനു്" സാദ്ധ്യമല്ല. ഇപ്പോഴത്തെ പഞ്ചായത്തു നിയമത്തിൽ ഗവണ്മെന്റിൽനിന്നും രണ്ടായിരം രൂപയ്ക്കുമേൽ ഒരു സംഖ്യയും കൊടുക്കുന്നതിനു് അവകാശമില്ലായിരുന്നു. അതുമൂലം ഗവണ്മെന്റിനു് പഞ്ചായത്തിനെ സഹായിക്കാൻ നിവൃത്തിയില്ലായിരുന്നു. ഇപ്പോൾ വന്നിരിക്കുന്ന പുതിയ നിയമംമൂലം ഗവണ്മെന്റിനു് ഓരോ പഞ്ചായത്തിനും എത്രപണം വേണമെങ്കിലും കൊടുക്കാം. ഈ നിയമത്തിനു എതിരായും അനുകൂലമായും ഇവിടെ അഭിപ്രായം ഉണ്ടായിട്ടുണ്ടു്. വേണ്ടിവന്നാൽ ഓരോ നിയമവും ഇവിടെ നമുക്കു ഭേദഗതി ചെയ്യാം. പഞ്ചായത്തിന്റെ പ്രവർത്തനം മുന്നോട്ടു ചെല്ലുമ്പോൾ ഇപ്പോൾ നിലവിലിരിക്കുന്ന പഞ്ചായത്തു് ആക്റ്റുതന്നെ അലകും പിടിയും മാറ്റി എഴുതേണ്ടിവരും. അങ്ങനെയുള്ള ഒരു സന്ദർഭം ഉണ്ടാകുന്നതിനു് ഇപ്പോൾ കിട്ടിയിരിക്കുന്ന അധികാരംവച്ചുകൊണ്ടു് പ്രവൃത്തിനടത്തിയിരുന്നാൽ മാത്രമേ സാധിക്കുകയുള്ളു. ഇന്നത്തെ അമെൻഡ്മെന്റ് ഇന്നത്തെ സ്ഥിതിക്കു് ആവശ്യമായതും നാമെല്ലാവരും അനുകൂലിക്കേണ്ടതും ആയ ഒരു നിയമമാണ്. ഏതാനും ചില സ്നേഹിതന്മാർ പറകയുണ്ടായി

പഞ്ചായത്തു് ആഫീസറന്മാരെ വയ്ക്കേണ്ടെന്നു്. ഏതാനും സ്നേഹിതന്മാർ പഞ്ചായത്തു് ആഫീസറന്മാരെ വയ്ക്കണമെന്നും പറഞ്ഞു. പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കണമെന്നു് പഴയ കാൺഗ്രസ്സു ഗവണ്മെന്റു തീരുമാനം ചെയ്തതാണു്. പക്ഷെ പഞ്ചായത്തുകാർ അവിടെയും ഇവിടെയും യോഗംചേർന്നു് പഞ്ചായത്തു് ആഫീസറന്മാരെ വയ്ക്കരുതു് എന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് കാൺഗ്രസ്സു ഗവണ്മെന്റു് പഞ്ചായത്തു് ആഫീസറുടെ നിയമനം തടഞ്ഞു വയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. ഇപ്പോൾ ഒരു പഞ്ചായത്തിൽ ഒരു പാർട്ടൈം ക്ലാർക്കും ഒരു പ്യൂണുമാണുള്ളതു്. അവർക്കുവേണ്ടി 1000 രൂപവരെ ചെലവാകും. അവർക്കുമേൽ ഒരു പഞ്ചായത്തു് ആഫീസറെക്കൂടി വയ്ക്കുന്നുവെങ്കിൽ 2000 രൂപ ശമ്പളയിനത്തിൽത്തന്നെയാകും. അപ്പോൾ നാട്ടിലെ ജനങ്ങളുടെ ആവശ്യത്തിനു വേണ്ട ജോലി ചെയ്യുന്നതിനും പണികൾ നടത്തുന്നതിനും പഞ്ചായത്തിനു് പണം പോരാതെവരുകയും മൂന്നു് ആളുകളെ പോററുന്നതിനുള്ള ഒരു സ്ഥാപനമായി പഞ്ചായത്തു് അധഃപതിക്കുകയും ചെയ്യും. അതുകൊണ്ടു് പഞ്ചായത്തു് ആഫീസറന്മാരെ ഇപ്പോൾ നിയമിക്കുവാൻ പാടില്ല. അഥവാ പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കണമെങ്കിൽ ഏതെങ്കിലും പഞ്ചായത്തിൽനിന്നു് തങ്ങളെക്കൊണ്ടു് പഞ്ചായത്തുഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിനു് സാദ്ധ്യമല്ലെന്നും അതുകൊണ്ടു് പഞ്ചായത്തുഭരണം നടത്തുന്നതിനു് ഒരാഫീസറെ നിയമിക്കണമെന്നും പറഞ്ഞുകൊണ്ടു് ഒരു സ്പെഷ്യൽ മീററിംഗ് വിളിച്ചുകൂട്ടി ആ സ്പെഷ്യൽ മീററിംഗിൽ റസല്യൂഷൻ പാസ്സാക്കി അയച്ചാൽ അവർക്കു് ഒരു ആഫീസറെ നിയമിച്ചുകൊടുക്കാവുന്നതാണു്. ഇങ്ങനെ ആവശ്യപ്പെടാത്ത പഞ്ചായത്തുകളിൽ പഞ്ചായത്തു് ആഫീസറന്മാരെ നിയമിക്കരുതെന്നും പഞ്ചായത്തു് ആഫീസറന്മാരെ നിയമിച്ചു് രാജ്യത്തെ ജനങ്ങളുടെ അഭിവൃദ്ധിക്കു് വിഘാതമുണ്ടാക്കരുതെന്നുമാണു് എനിക്കു് ഗവണ്മെന്റിനോടു പറയാനുള്ളതു്. ഭരിക്കുവാൻ സാധിക്കുകയില്ല എന്നു പറയുന്ന ചില പഞ്ചായത്തുകൾ ഉണ്ടു്. അതായതു് കക്ഷിപിടിത്തവും മററുംകൊണ്ടു് ഭരണം നടത്തുവാൻ വിഷമിച്ചുകൊണ്ടിരിക്കുന്ന ചില പഞ്ചായത്തുകളുണ്ടു്. കമ്മ്യൂണിസ്ററുകാർ പ്രസിഡന്റായും, കാൺഗ്രസ്സുകാർ പ്രസിഡന്റായും, സ്വതന്ത്രർ പ്രസിഡന്റായും പഞ്ചായത്തുകളുണ്ടു്. അതിലെല്ലാം കക്ഷിമത്സരം ശക്തിയായി ഉണ്ടാകാറുണ്ടു്. ഭരണം നടത്താതിരിക്കത്തക്കവണ്ണം വഴക്കുകളും ഉണ്ടാകുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ബഹുമാനപ്പെട്ട മെംബർ പഞ്ചായത്തു് പ്രസിഡന്റു് ആണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: പഞ്ചായത്തു പ്രസിഡന്റു ആകുവാനുള്ള നിർഭാഗ്യം എനിക്കുണ്ടായിട്ടില്ല. ഒരു മെംബറാണു്. പാർട്ടികൾ പഞ്ചായത്തിനകത്തു് വളരെയുണ്ടു്. ഒരു പഞ്ചായത്തിലെ പ്രസിഡന്റും മൂന്നു നാലു മെംബറന്മാരും ഒരു കക്ഷിയിൽപ്പെട്ടവരാണെങ്കിൽ കുറെ മെംബറന്മാർ മററു പല കക്ഷികളിൽപ്പെട്ടവരായിരിക്കും. അങ്ങനെയുള്ള പഞ്ചായത്തുകളിൽ ഭരണംമുന്നോട്ടുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതെവരും. അങ്ങനെയുള്ള സ്ഥലത്തു് പഞ്ചായത്തു് ആഫീസറെ നിയമിക്കാവുന്നതാണു്. അല്ലാതെ ഗ്രാമത്തിന്റെ കാര്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറുള്ള ആളുകൾ ഭരിക്കുന്ന യാതൊരു പഞ്ചായത്തിലും ആഫീസറന്മാരെ വയ്ക്കരുതു്.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പഞ്ചായത്തിന്റെ നടത്തിപ്പിൽ ഇന്നു് പല പ്രതിബന്ധങ്ങളും ഉണ്ടു്. പഞ്ചായത്തിൽനിന്നു് ബൈലാ പാസ്സാക്കി അയച്ചാൽ അതിൽ പല ഭേദഗതികളും ചെയ്തു തിരിയെ അയച്ചുവരുന്നുണ്ടു്. അങ്ങനെ തിരിച്ചു വരുന്നതിനു വളരെ കാലതാമസവും നേരിടുന്നു. ഗവണ്മെന്റിൽനിന്നു വരുത്തുന്ന ഭേദഗതിയോടുകൂടി ബൈലാ പാസ്സാക്കി അയച്ചില്ലെങ്കിൽ ആ ബൈലാ പാസാകുന്നതിനു് വളരെ താമസം നേരിടും. ഇങ്ങനെ വളരെക്കാലം ബൈലാ പാസ്സാകാതിരിക്കുന്നതുകൊണ്ടു് പഞ്ചായത്തുകൾക്കു് വലിയ ദുരിതം നേരിടുന്നുണ്ടു്. അതുകൊണ്ടു് പഞ്ചായത്തുകളിൽ നിന്നും പാസ്സാക്കി അയയ്ക്കുന്ന ബൈലാ വേഗം പാസ്സാക്കി കൊടുക്കേണ്ടതിലേയ്ക്കുവേണ്ടി എന്തുവേണമോ അതു് ഉടനെ ഗവണ്മെന്റു ചെയ്യണം എന്നു് എനിക്കു അപേക്ഷയുണ്ടു്.

പിന്നെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റു് പഞ്ചായത്തിനു് വളരെ ഉപദ്രവം ചെയ്യുന്നുണ്ടു്. എനിക്കു അനുഭവമുള്ള ഒരു കാര്യം ഇവിടെ പറയാം.

മി. സ്പീക്കർ: തികച്ചും അസംഗതങ്ങളായ കാര്യങ്ങൾ പറഞ്ഞു് പ്രസംഗം നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതു് തടയേണ്ടതായി വരും. അതുകൊണ്ടു് ബില്ലുമായിട്ടു ബന്ധമുള്ള കാര്യങ്ങൾ പറയണം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അതായതു് ഒരു വഴിക്കു കേടുവന്നതു കേടു് തീർക്കുന്നതിനു് 70 രൂപ അനുവദിക്കണമെന്നു് ഞാൻ എഴുതി അയച്ചു. 70 രൂപ അനുവദിക്കുവാൻ പാടില്ല; അതിനു് എസ്റ്റിമേറ്റു തയ്യാറാക്കി അയയ്ക്കണം എന്നു് ഡയറക്റ്റർ പറഞ്ഞു. പി. ഡബ്ലിയു. ഡി-യിൽനിന്നു ആഫീസർവന്നു് അതിനു് എസ്റ്റിമേറ്റു തയ്യാറാക്കിയപ്പോൾ അതിനു് 400 രൂപ വേണമെന്നു് എസ്റ്റിമേറ്റു ചെയ്യുകയും അതു് ഡയറക്റ്റർക്കു് എഴുതി അയയ്ക്കുകയും ചെയ്തു. ഇങ്ങനെ എസ്റ്റിമേറ്റിൽ അപ്രായോഗികത ധാരാളം കണ്ടുവരുന്നുണ്ടു്.

സൂപ്രവൈസറന്മാരുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിപ്പിക്കേണ്ടതു് വളരെ ആവശ്യമാണു്. ഒരാളെക്കൊണ്ടു് രണ്ടുമൂന്നു പഞ്ചായത്തിലെ ജോലികൾക്കു് എസ്റ്റിമേറ്റു ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഒരാൾതന്നെ എസ്റ്റിമേറ്റു ഉണ്ടാക്കുകയാണെങ്കിൽ കണ്ടമാനം എസ്റ്റിമേറ്റു തയ്യാറാക്കുവാൻ ഇടവരും. അതുകൊണ്ടു് എസ്റ്റിമേറ്റു തയ്യാറാക്കുവാൻ എന്തുവേണമോ അതിനുവേണ്ട വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണു് പഞ്ചായത്തുകൾക്കുള്ള പണം സമമായിട്ടു ഓരോ പഞ്ചായത്തിനും അനുവദിക്കണമെന്നു് പറഞ്ഞു. നാട്ടിലെ ജനങ്ങൾക്കു് ഉപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടി പണം ചെലവു ചെയ്യുന്ന ഓരോ പഞ്ചായത്തിനും കൂടുതൽ തുക അനുവദിക്കേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു് ഈ അമെന്റുമെന്റിനെ ഞാൻ അനുകൂലിക്കുന്നു.

Shri P. S. Nataraja Pillai: Sir, I move for closure.

The motion was put and carried.

Shri P. S. Nataraja Pillai: Sir, in the Bill before the House the only clause under consideration is a very simple one as I explained before. It gives authority to Government to give

additional grants to the Panchayats to carry on their responsibilities. One of the members who spoke on this was arguing at length that unless Section 55(1) is amended or taken away the present provision will not be useful. I fail to understand that argument. Section 55 (1) is a mandatory provision wherein it is said that Government shall contribute to the Panchayat Fund an amount equal to the amount collected by the Panchayat during a particular time fixing the limit of the contribution to Rs. 2,000. That is a statutory guarantee to the Panchayat. We have provision in the Panchayat Act itself where the right of levying cess or other fees is vested in the Panchayat. So, the upper limit of Rs. 2,000 was fixed. Also there was a consensus of public opinion that the amount provided under the Act was inadequate to meet the responsibilities of the Panchayats. So, Government thought that some additional provision should be made and drafted this clause which is now under discussion, which enables the Government to give additional grant for the works which the Panchayats want to undertake. Clause (1) of Section 55 does not, in any way, militate against the present provision. On the other hand, it is perhaps absolutely necessary in the structure of the Bill as it stands today.

Sir, another point was made by one of the hon. Members that Government, by taking this right would have a kind of discretionary power in fixing and granting funds to Panchayats which may lead to discrimination between the Panchayats. I concede, Sir, there may be a possibility of such a charge against the Government when the grant allowed by Government varies among the different Panchayats. That is inevitable too, because the grant will depend upon the needs of each Panchayat. If you want to make the Panchayats more effective, more useful and active, Government will have to allow funds to the extent to which that Panchayat will be able to absorb funds. So, it will depend upon the conditions the capacity and the resources of each Panchayat. Legitimately, a charge of discrimination may be levelled against the sanctioning authority: but Government thought it a lesser evil to face the charge of discrimination than allow the Panchayats to starve. Certainly it will be better if, as suggested by some hon. Members, an assignment of revenue by way of tax, is made. It may be put on a statutory basis so that the Panchayats may have the finances to carry on their legitimate activities. But that would necessitate a thorough revision of the Act and this has got to be considered in greater detail also. More time and attention will have to be given before a thorough revision of the Act can be undertaken. I do not want to go further into the matter. But I would suggest, because I feel that it is very much germane to the issue under discussion at present, that the sources of taxation of the Panchayats or the revenue of the Panchayats ought to have been fixed earlier even from the commencement of the idea of organising the Panchayats. But I may point out that the Indian Taxation Enquiry Committee that is now at work has for its terms of reference, not only Central taxation, but State tax-

[Shri P. S. Nataraja Pillai]

ation and taxation for local bodies, and we can legitimately expect that that body will give a lead in the way in which we may build up the tax structure in India as a whole So. the Government thought they need not go into these details at present, but leave it as it is.

There is another position taken up by some of my hon. friends, namely of assigning land tax of about twenty-five per cent. to the Panchayats. In that case, in Travancore, with our basic tax system in vogue today, and after having abolished the land tax based on Settlement, we get only rupees thirty-five lakhs. Inclusive of the Cochin area, after introducing the basic tax system there, the revenue will be somewhere about rupees fifty lakhs. Even if that whole revenue is assigned to the Panchayats, it will not be possible to expect the finances sufficient to meet all their commitments effectively.

There is also another difficulty. A portion of the land tax or the basic tax revenue has to be earmarked for the land revenue records and the survey records which are intimately connected with land ownership and land preservation. Therefore, the whole revenue that may be available from the basic tax scheme cannot be legitimately be set apart for the Panchayats. The question is one which has to be studied carefully and comprehensively, the sources of revenue for these local bodies have to be examined and we will have to evolve a system of assignment of revenue which will meet the legitimate needs of the local bodies and at the same time, will not in any way upset the general tax structure of the State. Therefore, the Government thought that at the present moment it may be better not to touch the broad questions of taxation but to meet the immediate urgency by taking power to allow increased grants to these Panchayats according to their proved necessities. Hence it is that in this clause it has been worded:

> "It shall be lawful for the Government to contribute to the Panchayat Fund such amount as may, in their opinion, be necessary for meeting the expenditure in connection with the management of any institution or the execution or maintenance of any work or the performance of any duty within the Panchayat area which the Government may, from time to time, make over to the Panchayat under Section 46."

It was thought that, in the limited and restricted sphere of taxation available for the Panchayats, it would be better for the Government to assign the management or execution of certain works to the Panchayats and the money earmarked in the General Budget also to be handed over to the Panchayats so that the Panchayats may get themselves trained in actual management and execution of the works. It is not a question of grants being given and the Panchayats being asked to spend them as a spending agency or department of the Government. On the other hand, this amount is made available to the Panchayat Department and the Department is to earmark the amount

for certain works. And what is generally expected of the Panchayats is that they will be able to execute these minor works with the help of local enterprise. They will do the work with the co-operation and help of the general public and under the leadership of the Panchayats which constitute the elected representatives of the area. Then it could reasonably be expected that these works would be carried on with efficiency and with the minimum delay. The necessary assistance will be given to these Panchayats through the Panchayat Department.

Government thought that development works like minor irrigation works or Grow More Food Schemes and Local Development works earmarked in each area, could be handed over to the local Panchayat to be got done by it and the finances needed for that would be met as a contribution. Thus if the Panchayat takes advantage of that opportunity, it would be able to get the co-operation of the people and be of real use to the country. That is, after all, the primary function and the reason that lies behind the amendment.

Then, as to a specific criticism that was made, I find, Sir, that the Director of Panchayats is given power to pass estimates for works up to ten thousand rupees and to pass the Panchayat Budget. Therefore, we need not expect the delay that has been complained of to continue hereafter. As regards the Panchayat Officers, the clerks and others, whoever they may be, they will look into the details as paid servants of the Panchayat.

Sir, in respect of public works, it is pointed out that the staff of Engineers and Supervisors under the Panchayats is insufficient and that the Panchayats do not get such expert service as is necessary to spend the money that is now allotted. I may say that steps are being taken to get that state of affairs remedied.

I have nothing more to add. I request your indulgence and appeal to you to allow the Bill to be passed.

The question that the Travancore-Cochin Panchayats (Amendment) Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stands part of the Bill was put and carried.

The Clause was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

The Clause was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai: I beg to move that the Bill be finally passed.

The question that the Bill be passed was put and carried.

The Bill was finally passed.

THE TRAVANCORE-COCHIN CIVIL COURTS (AMENDMENT) BILL.

Chief Minister (**Shri A. Thanu Pillai**): Sir, I beg to introduce the Travancore-Cochin Civil Courts (Amendment) Bill.

Minister for Works and Transport (**Shri A. Achuthan**) : I second it.

Mr. Speaker: The Bill stands introduced.

Shri A. Thanu Pillai: Sir, I move that the Bill be taken into consideration. Sir, I shall briefly submit to this House what this Bill is intended for and what its provisions are. There is a provision in the Civil Courts Act for constituting Subordinate Judges' Courts. Now, we have one Subordinate Judge's Court at Chittoor. That Court has only original jurisdiction. Now, the High Court has recommended with a view to ensuring speedy disposal of cases that more Subordinate Judges should be appointed and that these Subordinate Judges should also be given appellate jurisdiction. All cases of appeal that are with the District Court or the jurisdiction within which the Subordinate Court is situated may be transferred to the Subordinate Judge and he may dispose of those appeals. The District Judge is also given the right to withdraw any case that is so transferred. Appeals from the decisions of the Subordinate Judges will lie to the High Court. With a view to bringing about these changes in the existing law this Bill is now introduced.

ശ്രീ. കുളത്തിൽ വേലായുധൻനായർ: സർ, ഈ ബില്ല് സെലക്റ്റ്കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ ഭേദഗതി നിർദ്ദേശിക്കുകയാണ്. ഈ സബാർഡിനേറ്റ് ജഡ്ജസ് കോർട്ട് എന്നു പറയുന്നത് തിരുവിതാംകൂർ-കൊച്ചിയിൽ ഒരെണ്ണം മാത്രമേ നിലവിലുള്ളു. ഇതിനു മുമ്പ് തിരുവിതാംകൂറിൽ ഇങ്ങനെയുള്ള കോടതി ഉണ്ടായിരുന്നില്ല. കൊച്ചിയിൽ ചിറ്റൂർ പ്രദേശത്തു മാത്രം ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറയുകയുണ്ടായി ചിറ്റൂർ സബാർഡിനേറ്റ് ജഡ്ജസ് കോട്ടിന് അപ്പീലുകൾ കേൾക്കുന്നതിനുള്ള അധികാരമില്ലെന്ന്. അതു ശരിയാണ്. അവിടെ ഒരു മുൻസിഫ് കോടതിയില്ല. മുൻസിഫിനുള്ള അധികാരവും സബാർഡിനേറ്റ് ജഡ്ജിയാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് അപ്പീലധികാരത്തിന്റെ ആവശ്യമില്ലായിരുന്നു.

ശ്രീ. എ. താണുപിള്ള: അവിടത്തെ സബാർഡിനേറ്റ് ജഡ്ജിയുടെ പിക്യൂനിയറി ജൂറിസ്ഡിക്ഷൻ മുൻസിഫിന്റെയല്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല, പക്ഷെ മുൻസിഫ് കോടതിയിൽ വിസ്തരിക്കേണ്ട കേസുകളും അവിടെയാണ് വിസ്തരിക്കുന്നത്. സ്മാൾകാസും മററു കേസുകളും അവിടെ വിസ്തരിക്കുന്നുണ്ട്. എന്നാൽ ഇവിടത്തെ സിവിൽകോർട്ട് ആക്ററിൽ കൂടുതൽ സബോർഡിനേററ് ജഡ്ജസ് കോടതികൾ ഉണ്ടാക്കാനുള്ള അധികാരം ഗവണ്മെൻറിനു കൊടുത്തിട്ടുണ്ട്. അങ്ങനെ കൂടുതൽ കോടതികൾ ഉണ്ടാകുമ്പോൾ ആ കോടതികൾക്ക് അപ്പീലധികാരംകൂടി നൽകുന്ന ഒരു ഭേദഗതിയാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. ആദ്യമായി ഞാൻ പറയുന്നത് ഇത് ഗൗരവമായി ആലോചിക്കേണ്ട ഒരു പ്രശ്നമാണ് എന്നാണ്. ഇന്നത്തെ കോടതികളുടെ ഘടനതന്നെ മാററണമെന്ന് കേന്ദ്രത്തിലെ ഹോംമിനിസ്റ്റർ അഭിപ്രായപ്പെട്ടിരിക്കുന്ന ഈ ഘട്ടത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ ഇതുവരെ ആളുകൾക്കു പരിചയമില്ലാതിരുന്ന ഒരു പുതിയതരം കോടതി കൂടി സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ എന്ന് ഗാഢമായി ആലോചിക്കണം. 1951-ൽ സബോർഡിനേററ കോടതികൾ ഏർപ്പെടുത്തുന്ന കാര്യം ഇവിടെ പാസ്സാക്കിയെങ്കിലും ഇതുവരെ കൂടുതലായി ഒരു കോടതിയും ഉണ്ടാക്കിയിട്ടില്ല. ആ നിയമത്തിൽത്തന്നെ സബോർഡിനേററ കോടതികൾ ഉണ്ടാക്കുന്നതിന് അധികാരം വച്ചത് കൊച്ചിയിൽ ഒരു കോടതി ഉണ്ടായിരുന്നത് ഉൾപ്പെടുത്തേണ്ടിവന്നതുകൊണ്ടാണ്. അതുപോലെതന്നെ 1951-നു ശേഷം നമ്മുടെ രാജ്യത്ത് വ്യവഹാരങ്ങൾ വർദ്ധിച്ചുവരികയാണോ എന്നും കാലതാമസം വർദ്ധമാനമായി വരുന്നുണ്ടോ എന്നും ആലോചിക്കണം. എന്റെ അനുഭവംവച്ചു പറയുകയാണെങ്കിൽ വ്യവഹാരങ്ങൾ കുറഞ്ഞുവരികയാണെന്നു പറയാം. ഹൈക്കോടതിയിലായാലും ജില്ലാക്കോടതികളിലായാലും നാലഞ്ചുകൊല്ലങ്ങളിലായി വ്യവഹാരങ്ങൾ തുടരെ കുറഞ്ഞുവരികയാണ്. നമ്മുടെ ലാൻഡ്ബിൽ പാസ്സായാൽ പിന്നെ വസ്തു ഒഴിപ്പിക്കേണ്ട ആവശ്യമില്ലാതെ വന്നാൽ വ്യവഹാരങ്ങൾ ഇനിയും വളരെ കുറയും. അങ്ങനെയിരിക്കുമ്പോൾ ഈ രാജ്യത്ത് കൂടുതലായി കോടതികൾ ഉണ്ടാക്കണമോ എന്ന് കാര്യമായി ആലോചിക്കേണ്ടതാണ്.

സബോർഡിനേററ് ജഡ്ജസ് കോടതികൾക്ക് അപ്പീൽ അധികാരം കൂടി കൊടുക്കണമെന്നു പറയുന്നത് രണ്ടു കാരണങ്ങളെ അടിസ്ഥാനമാക്കിയാണ്. അസ്സൽ കേസുകൾ വിസ്തരിക്കുന്നതിനുള്ള അധികാരമാണ് ഈ ജഡ്ജിമാർക്ക് കൊടുക്കുന്നതെങ്കിൽ ഈ കോടതികൾക്ക് ആവശ്യമുള്ള കേസുകൾ കിട്ടുകയില്ല. മാത്രമല്ല, ഈ കോടതികൾക്ക് അപ്പീൽകേസുകൾ വിസ്തരിക്കുന്നതിനുള്ള അധികാരം കൊടുത്താൽ കക്ഷികൾക്ക് വളരെ സൗകര്യവും ഉണ്ടാകും. ഇന്നു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത് ഇങ്ങനെയാണ്. ഒരു മുൻസിഫ് കോടതി കഴിഞ്ഞ് അപ്പീൽ കൊടുക്കണമെങ്കിൽ ജില്ലാക്കോടതിയിലാണു വേണ്ടത്. ജില്ലാക്കോടതിയിൽ കൊടുത്തിട്ട് അപ്പീൽ സബോർഡിനേററ് ജഡ്ജിക്ക് അയക്കണം. ജില്ലാക്കോടതിയിൽ അപ്പീൽകൊടുക്കുന്ന വൈഷമ്യവും ചെലവും കൂടി കക്ഷി വഹിക്കേണ്ടിവരുന്നു. അങ്ങനെ വ്യവഹാരങ്ങൾക്ക് ചെലവു വർദ്ധിപ്പിക്കുന്നതു നല്ലതാണോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് സബോർഡിനേററ കോടതിയിൽ നേരിട്ട് അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരം കൊടുത്തുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്. മദ്രാസിൽ സബോർഡിനേററ് ജഡ്ജിമാർക്കുതന്നെ അപ്പീൽ സ്വീകരിക്കുന്നതിനധികാരം കൊടുത്തിട്ടുണ്ട്. ജില്ലാക്കോടതികളും കൊടു

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ത്തിട്ടു് അതു് സബോർഡിനേററ് കോർട്ടിൽ അയക്കണമെന്നും ജില്ലാ ജഡ്ജിമാർക്കു് ആവശ്യം തോന്നുകയാണെങ്കിൽ പിൻവലിക്കാമെന്നും വച്ചിരിക്കുന്ന നടപടി ആവശ്യമില്ലാത്തതാണു്. ജില്ലാ കോടതിയെക്കാൾ താണ ഒരു കോടതിയാണു് സബോർഡിനേററ് കോടതിയെന്നു കരുതാൻ യാതൊരു കാരണവുമില്ല. ആ നിലയ്ക്കു് കക്ഷികളെ സഹായിക്കുന്നതിനും വ്യവഹാരങ്ങൾ എളുപ്പം തീരുന്നതിനും ഈ സബോർഡിനേററ് കോടതികൾക്കു് നേരിട്ടു് അപ്പീൽ സ്വീകരിക്കുന്നതിനും കേൾക്കുന്നതിനുമുള്ള അധികാരം കൊടുക്കുന്നതിൽ യാതൊരു തെററുമില്ലെന്നാണു് ഞാൻ പറയുന്നതു്. ഇന്നു നാം സ്വീകരിക്കാൻ പോകുന്ന നിയമം ഈ തരത്തിൽ മററു പ്രാവിൻസുകളിൽ എങ്ങും ഇല്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അടുത്തപ്രദേശമായ മദ്രാസിൽ നേരിട്ടു് സബോർഡിനേററ് കോടതിക്കു് അപ്പീൽ കൊടുക്കാമെന്നാണു് വ്യവസ്ഥയുള്ളതു്. ഈ വക കാരണങ്ങളെ അടിസ്ഥാനമാക്കിയാണു് സെലക്ററുകമ്മിററിക്കു് അയക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നതു്. സാധാരണഗതിയിൽ സെലക്ററു കമ്മിററികൾ പോയാൽ ഈ ബില്ലിനകത്തു കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളെ മാത്രമേ പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കയുള്ളു. എന്നാൽ ഈ നിയമസഭ നിർദ്ദേശിക്കുന്നപക്ഷം ഈ ബില്ലുകൊണ്ടു് അമെൻഡു ചെയ്യാൻ ഉദ്ദേശിക്കുന്ന സിവിൾകോർട്ടാക്ററിൽ ആവശ്യമായ ഭേദഗതികൾ സെലക്ററുകമ്മിററിക്കു വരുത്താവുന്നതാണു്. അങ്ങനെ സെലക്ററുകമ്മിററിക്കയയ്ക്കുമ്പോൾ വളരെ അത്യാവശ്യമായി ഭേദപ്പെടുത്തേണ്ട ഒരു കാര്യം ഞാൻ നിർദ്ദേശിച്ചുകൊള്ളട്ടെ. തിരുവിതാംകൂർ-കൊച്ചിയിലുള്ള സ്മാൾകാസ് കേസുകൾ വിധിച്ചു കഴിഞ്ഞാൽ അപ്പീൽ അനുവദിച്ചിട്ടില്ലെങ്കിലും കീഴ്ക്കോടതി വിധി പരിശോധിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു നൽകിയിരുന്നു. ഇപ്പോൾ അതെടുത്തുകളഞ്ഞിരിക്കയാണു്. ഇപ്പോൾ സ്മാൾകാസ് കേസുകളുടെ പരിധി 200 രൂപവരെയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ഒരു കേസിൽ തെററായ ഒരു വിധിയുണ്ടായാൽ അതു തിരുത്താനോ അതു പരിശോധിക്കാനോ ഉള്ള അധികാരം ഹൈക്കോടതിക്കു് നൽകാത്ത ഒരു വ്യവസ്ഥയാണു് ഇന്നുള്ളതു്. ഈ രാജ്യത്തെ വ്യവഹാരങ്ങളെപ്പററിയും വിധികളെപ്പററിയും വളരെ നല്ലവണ്ണം അറിയാവുന്ന ചീഫ്മിനിസ്റ്ററോടു്, ആരു വിധിച്ചാലും തെററുവരാമെന്നു കരുതിയാണു് അപ്പീലുകൾ വച്ചിരിക്കുന്നതെന്നു് പറഞ്ഞുതരേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അങ്ങനെയുള്ള വിധിയിന്മേൽ പരിശോധന നടത്താൻ പാടില്ലാ എന്നു പറയുന്നതു് നീതിന്യായ നടത്തിപ്പിനു് ശരിയാണോ എന്നു് ആലോചിക്കണം. ഒരു പരിശോധനാധികാരമെങ്കിലും ഹൈക്കോടതിക്കു കൊടുത്തില്ലെങ്കിൽ നീതിന്യായം ശരിയായി നടക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. സെലക്ററുകമ്മിററിക്കു് ഈ ബിൽ അയക്കാനാണു് ചീഫ്മിനിസ്റ്റർ നിശ്ചയിക്കുന്നതെങ്കിൽ ഈ കാര്യങ്ങൾകൂടി ആലോചിക്കുന്നതിനു് സെലക്ററുകമ്മിററിക്കു് നിർദ്ദേശം കൊടുക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. എൻ. പരമേശ്വരൻ പിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അമെൻഡുമെൻറു ബിൽ സെലക്ററുകമ്മിററിക്കു് അയക്കേണ്ടതാ

ണെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിച്ചുകൊള്ളുന്നു. സിവിൽ കോർട്ട്സ് ആക്റ്റ് അമെൻഡു ചെയ്യുന്ന അവസരത്തിൽ സമഗ്രമായി ആ ആക്റ്റ് ഏതു തരത്തിൽ അമെൻഡുചെയ്യണമെന്ന് ആലോചിക്കേണ്ടതാണ്. 1951-ൽ ഉണ്ടാക്കിയ സിവിൽകോർട്ട് ആക്റ്റ് 1952-ൽ അമെൻഡുചെയ്തു. സ്മാൾകാസ് ജൂറിസ്ഡിക്ഷൻ മുൻസിഫ് കോടതിയുടെ Pecuniary Jurisdiction-നും വർദ്ധിപ്പിക്കുന്നതിനാണ് അമെൻഡു ചെയ്തതു്. അങ്ങനെ ചില്ലറ കാര്യങ്ങൾക്ക് അമെൻഡുമെന്റു വരുത്താതെ ഇന്നു് നീതിന്യായം നടത്തിപ്പ് എങ്ങനെയിരിക്കുന്നുവെന്നും ഈ രാജ്യത്തുള്ള ആളുകളെ അതെങ്ങനെ ബാധിക്കുന്നു എന്നുമുള്ള കാര്യങ്ങളെപ്പററി ഒരു സെലക്റ്റ്കമ്മിററി ശരിയായ രീതിയിൽ പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കേണ്ടതു് ആവശ്യമാണ്. സബോർഡിനേററ് ജഡ്ജസ് കോടതി എന്നുള്ള സ്ഥാപനം തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. കൊച്ചിയിൽ അങ്ങനെ ഉണ്ടു്. തിരുവിതാംകൂർ-കൊച്ചി സിവിൽകോർട്ട്സ് ആക്റ്റ് വന്നപ്പോഴാണ് ഇവിടെയും അതാകാമെന്നുവന്നതു്. മദ്രാസിൽ സബോർഡിനേററ് ജഡ്ജസ് കോർട്ടുകൾ ഉണ്ടു്. ബോംബെയിലാണെങ്കിൽ മുൻസിഫ്സ് കോടതികളില്ല. അവിടെ ഡിസ്ത്രിക്റ്റ്കോർട്ടുകളാണുള്ളതു്. അതുപോലെതന്നെ ഒന്നാം ക്ലാസ്സും രണ്ടാംക്ലാസ്സും സബോർഡിനേററ് ജഡ്ജികളുമുണ്ടു്. തിരുവിതാംകൂറിൽ ഡിസ്ത്രിക്റ്റ്കോടതിയും മുൻസിഫ്കോടതിയുമാണുള്ളതു്. മുൻസിഫ് കോടതികളെ സംബന്ധിച്ചിടത്തോളം 1952-53-ലെ അഡ്മിനിസ്ത്രേഷൻ റിപ്പോർട്ടു നോക്കുകയാണെങ്കിൽ സ്മാൾകാസ് കേസുകൾ കൂടിയിട്ടുണ്ടെന്നും മററു കേസുകൾ കുറഞ്ഞിട്ടുണ്ടെന്നും കാണാൻ കഴിയും. 200 രൂപവരെ മുൻസിഫിനും 500 രൂപവരെ ജില്ലാജഡ്ജിക്കും സ്മാൾകാസ് കേസുകൾ കേൾക്കാമെന്നുണ്ടു്. ചില്ലറ പണമിടപാടുകൾ കൊണ്ടുണ്ടാകുന്ന വ്യവഹാരങ്ങളുടെ സംഖ്യ വർദ്ധിച്ചുവരുന്ന ഈ സന്ദർഭത്തിൽ സ്മാൾകാസ് കോടതികൾ സ്ഥാപിക്കേണ്ടതു് ആവശ്യമാണെന്നു് ഞാൻ പറയുന്നു. മദ്രാസിലും മററും പ്രൊവിൻഷ്യൽ സ്മാൾകാസ് കോർട്ട്സ് ആക്റ്റുണ്ടു്. ഇവിടെ അങ്ങനെ ഒരു നിയമമില്ല. സിവിൽ കോർട്ട്സ് ആക്റ്റിൽ അങ്ങനെയുള്ള കോടതികളുണ്ടാക്കാൻ വ്യവസ്ഥയുണ്ടു്. സ്മാൾകാസ് കേസുകൾ വർദ്ധിച്ചുവരുന്ന അവസരത്തിൽ സ്മാൾകാസ് കോടതികൾ പ്രത്യേകം ഉണ്ടാക്കുന്നതു് നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ ബിൽ സബോർഡിനേററ് ജഡ്ജിമാരെ സംബന്ധിച്ചു മാത്രമുള്ളതാണ്. അല്ലാതെ സിവിൽകോർട്ട്സ് ആക്റ്റ് ആകപ്പാടെ ഭേദഗതി ചെയ്യുന്നതിനുള്ളതല്ല. അതുകൊണ്ടു് ഇതിനെ അങ്ങനെ പരിമിതപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്. സിവിൽക്കോടതി ആക്റ്റ് മുഴുവൻ ഭേദഗതി ചെയ്യണമെന്ന ആലോചനയ്ക്കു കാര്യമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സെലക്റ്റ്കമ്മിററിക്ക് ഈ ബിൽ അയക്കുന്നെങ്കിൽ സിവിൽകോർട്ടാക്റ്റ് സമഗ്രമായി പരിശോധിച്ചു് വേണ്ട ഭേദഗതികൾ ചെയ്യാവുന്ന അവസരമാണിതു്. അങ്ങനെ ഒരു നിർദ്ദേശത്തോടുകൂടി സഭ സെലക്റ്റ്കമ്മിററിക്ക് അയക്കുകയാണെങ്കിൽ ഇന്നു നിലവിലുള്ള കോടതികളുടെ ഘടനയെ സംബന്ധിച്ചും മററു

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

വേണ്ട ഭേദഗതികൾ വരുത്തുന്നതിനു് ആ സെലക്റ്റ്കമ്മിറ്റിക്കു് കഴിയും. മുൻസിഫ് കോടതിക്കുള്ള അധികാരം 3000 രൂപവരെയാണു വച്ചിട്ടുള്ളതു്. മദ്രാസിൽ 5000 രൂപയും ബോംബെയിൽ 7500 രൂപയും വരെ ആക്കാമെന്നുണ്ടു്. ഇവിടെയും ഒരു 7500 രൂ. വരെ ആക്കുന്നതിൽ തെറ്റില്ല. സബോർഡിനേറ്റ് ജഡ്ജസിനു് അപ്പീലധികാരം കൊടുക്കുകയാണെങ്കിൽ ജില്ല ജഡ്ജിമാരുടെ ജോലി വേഗം തീർക്കാൻ കഴിയും. എന്നാൽ അവിടെ കേസുകൾ കുറയുന്നതിനു് മുൻസിഫ്കോടതിയുടെ അധികാരപരിധി ഒരു 7500 രൂപ വരെ വർദ്ധിപ്പിക്കുന്നതിൽ തെറ്റില്ല. അങ്ങനെ വരുമ്പോൾ ജില്ലാക്കോർട്ടിൽ ഒറിജിനൽ സ്യൂട്ടുകൾ കുറയും. അപ്രകാരം പിക്യൂനിയറി ജൂറിസ്ഡിക്ഷൻ വർദ്ധിപ്പിച്ചാൽ ഇവിടെ സബോർഡിനേറ്റ്ജഡ്ജസ്കോർട്ടിന്റെ ആവശ്യം വരികയില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു് ഈ സബോർഡിനേറ്റ്ജഡ്ജസ് കോടതികൾ സ്ഥാപിക്കുന്നതുകൊണ്ടു് പുതിയതായി വരുന്ന വിശേഷം എന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഇവിടെ ഡിസ്ട്രിക്റ്റ് കോടതികളും മുൻസിഫ്സ് കോടതികളുമുണ്ടു്. ഇതിനിടക്കു് സബോർഡിനേറ്റുകോടതികൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. കേസുകളുടെ തീരുമാനത്തിനു് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനു് ഒറിജിനൽ ജൂറിസ്ഡിക്ഷനിൽ ഭേദഗതി വരുത്തിയാൽ മതിയാകുമെന്നാണു് തോന്നുന്നതു്. ഇവിടെ ഒറിജിനൽ ജൂറിസ്ഡിക്ഷനിൽപ്പെട്ട കേസുകൾ തീരുമാനിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ചില നിബന്ധനകൾ ഉണ്ടു്. ഇത്ര കേസുകൾ തീർക്കണം അതിന്റെ കാലാവധി ഇത്രയായിരിക്കണം എന്നും മറ്റും ഉണ്ടു്. അതുകൊണ്ടു് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം കേസുകൾ തീരുമാനിക്കുന്നതിനു് കാലവിളംബം ഉണ്ടാകാൻ പാടില്ലായെന്നുള്ള ആശയത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ സാധാരണക്കാർക്കു് നീതി നിഷേധിക്കുന്ന സമ്പ്രദായം മാറ്റേണ്ടതാണു്. ഇങ്ങനെയുള്ള നിബന്ധനകൾ കർശനമായി പ്രയോഗത്തിൽ വരുത്തുന്നപക്ഷം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പലപ്പോഴും നീതി നിഷേധിക്കപ്പെടുവാൻ ഇടവരും. ഒരു കോടതി നീതി നിഷേധിച്ചാൽ ഉടനെ അപ്പീൽ കൊടുക്കുവാൻ എല്ലാവർക്കും ഒക്കുകയില്ല, ഇംഗ്ലണ്ടിലാണെങ്കിൽ അതിലേയ്ക്കു് ലീഗൽ എയിഡ് സൊസൈറ്റീസ് ഉണ്ടു്. നിർദ്ധനന്മാരായ ആളുകൾക്കു് അപ്പീൽ കൊടുക്കുവാനും മറ്റും അവിടെ സ്ഥാപനങ്ങൾ ഉണ്ടു്. നമുക്കു് ഇനിയും അതു് ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഇക്കാര്യങ്ങളെക്കുറിച്ചു് ആലോചിക്കുവാൻ ഈ ബില്ലു് സെലക്റ്റ്കമ്മിറ്റിക്കു് അയക്കേണ്ടതാണെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ എ. താണുപിള്ള: സർ, ഇതു് സെലക്റ്റ്കമ്മിറ്റിക്കു് അയക്കുന്നതിനു് എനിക്കു വിരോധമില്ല. കേസുകൾ എളുപ്പം തീരണമെന്നേയുള്ളു. സ്മാൾകാസ് കേസുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ 1951-ലാണു് സിവിൽകോർട്ട്സിനെപ്പറ്റിയുള്ള നിയമം ഇവിടെ പാസ്സായതു്. ഇൻഡ്യൻ സിവിൽകോർട്ടു നിയമത്തെ അടിസ്ഥാനമാക്കിയാണു് അതു പാസ്സാക്കിയിട്ടുള്ളതു്. ഇതു് ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതു് ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. അതിലേയ്ക്കു് പ്രത്യേകം ഒരു ബില്ലു് കൊണ്ടുവരേണ്ടതാണു്. താഴെപ്പറയുന്ന

അംഗങ്ങളടങ്ങിയ ഒരു സെലക്റ്റ്കമ്മിറ്റിക്ക് ബിൽ അയക്കേണ്ടതാണ്.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : സർ, അങ്ങനെ സെലക്റ്റ്കമ്മററിക്ക് അയക്കുമ്പോൾ ഞാൻ പറഞ്ഞ കാര്യത്തെക്കൂടി ആലോചിക്കേണ്ടതാണെന്ന് ഒരു ഡയറക്ഷൻകൂടി കൊടുത്താൽകൊള്ളാം. ഞാൻ അഭിപ്രായപ്പെട്ടത് ഒരു പുതിയ ജ്യൂറിസ് ഡിക്ഷൻ അല്ല. മുൻപുണ്ടായിരുന്ന ഒരു ജ്യൂറിസ് ഡിക്ഷനാണ്. അത് അപകടമല്ലെന്നു കണ്ടാൽ, മുഖ്യമന്ത്രിക്കു വിരോധമില്ലെങ്കിൽ സെലക്റ്റ്കമ്മററിക്ക് അതേപ്പററി ആലോചിക്കുവാൻ നിർദ്ദേശം കൊടുക്കേണ്ടതാണ്. സ്മാൾ കാസ് റിവിഷനൽ ജ്യൂറിസ് ഡിക്ഷൻ എടുത്തു കളയണമോ വേണ്ടയോ എന്നുള്ളതിനെപ്പററിയാണ് ആലോചിക്കേണ്ടത്.

<u>ശ്രീ. എ. താണുപിള്ള</u> : ഈ സഭയ്ക്ക് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ എനിക്കു വിരോധമില്ല.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി</u> : സിവിൽകോർട്ട് ആക്റ്റിൽ ഭേദഗതി വരുത്തണമെന്നാണോ ശ്രീ. കളത്തിൽ വേലായുധൻ നായരുടെ അഭിപ്രായം?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : അല്ല. ഈ ബില്ലിൽതന്നെ ഭേദഗതി വരുത്തണമെന്നാണ്.

Shri Panampilli Govinda Menon : The Chief Minister has agreed that a direction may be given to the Select Committee that the point raised by the hon. Member Shri Kalathil Velayudhan Nair may be considered by the Committee.

<u>ശ്രീ. എ. താണുപിള്ള</u> : ഞാൻ അതിനെ എതിർക്കുന്നില്ല. വിപുലമായ അർത്ഥത്തിൽ നോക്കുമ്പോൾ അത് ഈ ബില്ലിൽ വരുന്ന ഒന്നല്ല. പിന്നെ സഭയുടെ നിർദ്ദേശം പോലെയിരിക്കും.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി</u> : ഡയറക്ഷൻ കൊടുക്കണമെന്നു പറഞ്ഞു. എന്നാൽ എന്താണ് ഡയറക്ഷൻ എന്നു പറഞ്ഞില്ല.

Mr. Speaker : The direction which has been placed before the House by the hon. Member.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി</u> : ഇവിടെ രണ്ടു ഡയറക്ഷൻ വന്നിട്ടുണ്ട്. ഒന്ന് കളത്തിൽ വേലായുധൻനായരുടേയും മറെറാന്ന് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റേയും. വേലായുധൻ നായർ പറയുന്നത് സിവിൽകോർട്ട് ബില്ല് ഭേദഗതി ചെയ്യണം എന്നാണ്. പനമ്പിള്ളി പറയുന്നത് ഇങ്ങനെ ഒരു ഭേദഗതിതന്നെ വേണമോ വേണ്ടയോ എന്ന് ആലോചിക്കണമെന്നാണ്.

<u>ശ്രീ. എ. താണുപിള്ള</u> : ഞാൻ മനസ്സിലാക്കുന്നത്, സ്മാൾകാസ് കേസുകളിലുള്ള വിധിയിന്മേൽ അപ്പീലോ പരിശോധനയോ ചെയ്യുന്നതിനും വേണ്ട വിധത്തിൽ ആലോചിക്കുവാൻകൂടി സെലക്റ്റ കമ്മററിയെ ചുമതലപ്പെടുത്തണമെന്നാണ്.

Mr. Speaker: The question is that the Travancore-Cochin Civil Courts (Amendment) Bill be referred to a Select Committee consisting of the following members:

Shri Kalathil Velayudhan Nair,

Shri N. Parameswaran Pillai,

Shri T. K. Divakaran,

Shri K. C. George,

Shri P. Viswambaran,

Shri K. Karunakaran, with direction to consider the point raised by the hon. Member Shri Kalathil Velayudhan Nair. The quorum shall be four and the bill be reported in due course.

The motion was put and carried.

TRAVANCORE-COCHIN LAND TAX BILL.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I beg to move the Travancore-Cochin Land Tax Bill.

Minister for Works and Transport **(Shri A. Achuthan):** I second it.

Shri P. S. Nataraja Pillai: Sir, I move that the Bill may be taken up for consideration. In doing so, I will just explain the scope of the Bill. The Bill is intended just to extend the basic tax which is prevalent in Travancore to Cochin area. The estimated land revenue in the Cochin area under the system in force now is Rs. 11·3 lakhs for 1954-55. When basic tax is extended to Cochin, it is estimated that there will be a fall in revenue to the tune of Rs. 3·3 lakhs. These are the financial effects of the Bill. The Bill is almost a repetition of the Travancore Land Tax Act. But in the Travancore Act, section 6 makes certain exemptions; these are omitted in the new Bill. Section 6 of the Travancore Act says:

> "This proclamation is not applicable to the following classes of lands, Sripandaravaka, kandukrishi, Sripadam lands, and free-hold tenures of the Edavakas of Edapally, Kilimanoor, Vanjipuzha and Poonjar."

This provision has been omitted in the new Bill which I have introduced here, because these lands have been taken out of the purview of the Bill and are being dealt with in another Bill which I propose to move, namely, the Special Rights in Lands Abolition Bill. That Bill deals with the lands which I have mentioned just now. Otherwise, the new Bill is but a repetition of the existing Act.

The Bill is expected to come into operation only from April 1955. Before then this House will be able to consider the Special Rights in Lands Abolition Bill. Further if any difficulty is felt, we can move an amendment if necessary. Even without that, there are provisions in the Bill which will remove any difficulty. Clause 7, for instance, provides that "Government can, by notification, exempt certain classes of land." For example it will

not apply to lands leased by Government or any class of land which Government may, by notification, either wholly or partially, exempt from the provisions of the Act. These residual powers already exist in the Bill. In case necessity arises, we can make use of them. Of course, I do not anticipate that such necessity would arise. What I feel is that before this Bill comes into operation the other Bill, namely, the Special Rights in Land Abolition Bill, will have come into force.

Sir, the integration of the two States took place years ago and ever since then, this matter has been under the consideration of this Government and of the Travancore-Cochin Legislative Assembly. A Bill on the very same lines as this was introduced in this House. It went through up to the stage of Select Committee and then by lapse of time and other situations which arose in the country, it could not be further proceeded with and could not become law. We have enforced the Agricultural Incometax in Cochin area. They do not get any substantial relief as Travancoreans have fixed basic tax. The real reason or the justification for imposing agricultural incometax in a country like ours is that we have abolished settlement tax which is based on the net income of the land-holder. The net income of a land holder is being sought to be taxed by income tax. As long as that tax also is being paid, it will not be in conformity with the principles of equity to charge a section of the Travancore-Cochin State citizens with the settlement tax which is based upon the net yield from the land and at the same time taxing the net income from land as agricultural income tax. So, that kind of inequality should, I think, not be allowed to continue further.

With these words, I request the House to pass the Bill.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബില്ലിനെ അനുകൂലിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ബിൽ സെലക്ട് കമ്മിററിക്കയക്കാതെ ഈ സെഷനിൽതന്നെ പാസ്സാക്കാൻ തീരുമാനിച്ചതിലും വളരെ അധികം സന്തോഷമുണ്ട്. ഇന്നലെ ഞങ്ങളുടെ നേതാവു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിച്ചതുപോലെ ഈ ബില്ല് രണ്ടു തവണ ഈ സഭയിൽ വന്നിട്ടും അതിനൊരു രൂപം കൊള്ളാതെ അതിനുള്ള സൗകര്യം നഷ്ടപ്പെടുകയാണുണ്ടായത്. 1952-ൽ ആണെന്നു തോന്നുന്നു ആ ബിൽ സെലക്ററ് കമ്മററിയിൽ അയച്ച അവസരത്തിൽ ദൗർഭാഗ്യവശാൽ ഞങ്ങളിൽ കുറെ അംഗങ്ങൾ സഭയിൽ നിന്നും രാജിവച്ചുപോകുകയും ശ്രീമാൻ ബാലകൃഷ്ണമേനോൻ ഈ ബിൽ കൊച്ചിപ്രദേശത്തേയ്ക്കു കൂടി നീട്ടുന്നതിനെ എതിർക്കുകയും ചെയ്തു.

Shri P. S. Nataraja Pillai: On a point of explanation, Sir. I was a member of the Select Committee. Mr. Balakrishna Menon was also a member of the Select Committee and the hon. Leader of the Opposition was also in the Select Committee. Mr. Balakrishna Menon did not specifically oppose the Bill being extended to the Cochin area. He pointed out certain difficulties and I pointed out certain other difficulties. We

wanted to have the whole position clarified and the leader of the Opposition who was the Chairman of the Committee, was trying to solve them.

Shri Panampilli Govinda Menon: That is in respect of the second Select Committee, not with reference to the first Select Committee.

ശ്രീ. കെ. കരുണാകരൻ: അദ്ദേഹം എതിർക്കുന്നതിനുണ്ടായിരുന്ന കാരണം ഞാൻ ധരിക്കുന്നതു് അദ്ദേഹത്തിന്റെ ആ പ്രദേശത്തു അതായതു തലപ്പിള്ളി താലൂക്കിൽ ഏതാനും ആളുകൾക്കു് പറമ്പിനുള്ള നികുതി കുറവാണു്. ആ ആളുകളെ മാത്രം ബാധിക്കുന്നതാണുള്ളതുകൊണ്ടാണു് അതിനെ എതിർത്തിട്ടുള്ളതു്. ഈ ബില്ലു് സെലക്റ്റ കമ്മിററിക്കു പോയി അവിടെ ഏതെങ്കിലും ആപത്തുവരാതെ ഈ സെഷനിൽതന്നെ പാസ്സാക്കാൻ ഉദ്ദേശിക്കുന്നതു വളരെ ഉചിതമായിട്ടുണ്ടു്. കൊച്ചീവിഭാഗത്തുള്ളവർ കഴിഞ്ഞ നാലു കൊല്ലമായി അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഉടനെതന്നെ ആ നഷ്ടത്തിനു പരിഹാരം ഉണ്ടാക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. കൊച്ചീവിഭാഗത്തിലുള്ള കർഷകർക്കു് ഇതൊരനുഗ്രഹമാണു്. ഇതു് ഈ സെഷനിൽ തന്നെ പാസ്സാക്കി നിയമമാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. പി. മേനോൻ: മുഖ്യമന്ത്രിയുടെ അനുഗ്രഹത്തോടുകൂടി പി. എസ്സ്. പി. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിക്കുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. പി. എസ്സ്. പി. ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബില്ലിനെ അനുകൂലിക്കുവാൻ സാധിച്ചതിൽ പ്രത്യേകം സന്തോഷമുണ്ടു്. കൊച്ചിയുടെ ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തലപ്പിള്ളി താലൂക്കിൽ, ഇന്നു നിലവിലുള്ള ഭൂനികുതി, ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിലും കുറവാണു്. അതു കൂട്ടാതിരിക്കണം. 7-ാം വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ചു് അത്തരം പ്രദേശങ്ങളെ അടിസ്ഥാനനികുതിയുടെ വ്യാപ്തിയിൽ നിന്നൊഴിവാക്കണമെന്നോർമ്മിപ്പിച്ചുകൊണ്ടു് ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ഏ. താണുപിള്ള: അപ്പോൾ നിലങ്ങൾക്കു് കരം വളരെ കുറയുകയില്ലേ എന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. എം. പി. മേനോൻ: ഉള്ളതു കൂട്ടാതിരിക്കുകയാണു് വേണ്ടതു്. കുറയ്ക്കുന്നതിൽ തെററില്ല. ഭൂനികുതി ക്രമേണ ഇല്ലായ്മ ചെയ്യുക എന്നതായിരിക്കണം പുരോഗമനപരമായ ഒരു നയം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ ബില്ലിന്റെ അടിസ്ഥാനതത്വത്തോടു് അനുകൂലിക്കുന്നു. അടിസ്ഥാനനികുതി കൊച്ചിയിലേയ്ക്കു് വ്യാപിക്കുന്ന തത്വത്തോടു് അനുകൂലിക്കുകയും അതിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു. ഇതു് ഇതിനുമുമ്പു് നടക്കേണ്ടതായിരുന്നു. എന്നാൽ ഈ ബില്ലു് ഇതുപടി ഈ അസംബ്ലിയിൽ തന്നെ പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടു് ഞാൻ അനുകൂലിക്കുന്നില്ല. ഈ ബില്ലിൽ പല ക്ലാസ്സുകളും ഭേദപ്പെടുത്തേണ്ടതുണ്ടു്, എടുത്തുകളയേണ്ടതുണ്ടു്. അതിനാൽ ഈ ബില്ലു് സെലക്റ്റ് കമ്മിററിക്കു വിടണം എന്ന ഒരു ഭേദഗതി ഞാനവതരിപ്പിക്കുന്നു. ഈ ഭേദഗതി ഈ ബില്ലു് നീട്ടുന്നതിനുള്ള അടവായിട്ടു് വ്യാഖ്യാനിക്കരുതു്.

കാരണം, ഈ ബില്ല് പാസ്സായാലും നടപ്പിൽ വരുന്നത് വരുന്ന 1955 ഏപ്രിൽ 1-ന് ആണെന്ന വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ ഒരു സെലക്റ്റ് കമ്മിററിക്ക് വച്ച് വരുന്ന സെഷനുമുമ്പ് റിപ്പോർട്ട് വരുത്തണം.

സർ, പി. എസ്. പി. ഗവൺമെൻറ് ഈ ബില്ലിനോടൊപ്പം ഒരു സെറ്റ് കാർഷിക നിയമങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുവാൻ പോകുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനം, കൃഷിക്കാർക്ക് തെല്ലെങ്കിലും ആശ്വാസം കൊടുക്കുന്നതിനാണെങ്കിൽ, ഈ ബില്ല് ഇങ്ങനെ പാസ്സായാൽ ഫലം വിപരീതമായിരിക്കും. ഇതിൽത്തന്നെ കൊച്ചി ദേവസ്വങ്ങളെ സംബന്ധിക്കുന്ന ക്ലാസ്സ്, ശ്രീപാദം, മററു വസ്തുക്കളെ സംബന്ധിക്കുന്ന ക്ലാസ്സുകൾ ഇതെല്ലാം ഇന്ന് കൃഷിക്കാരൻ ജന്മിക്ക് കൊടുക്കുന്ന ഭോഗത്തിനുപുറമേ അടിസ്ഥാനനികുതി കൂട്ടി കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഗുണം ജന്മിക്കും, കൃഷിക്കാരന് ഇരട്ടി ടാക്സും ആണ്. ഈ സംഖ്യ കൊടുക്കുവാൻ കൃഷിക്കാരന് നിവൃത്തിയില്ലാത്ത സ്ഥിതി ഉണ്ടെന്ന് കാണിക്കുവാൻ ഒരു ഉദാഹരണം ഞാൻ പറയാം. മാവേലിക്കര താലൂക്കിൽ ദേശമംഗലം പകുതിയിൽ അകവൂർമന വസ്തുക്കളിലെ കുടിയാന്മാർ കഴിഞ്ഞ എട്ടു കൊല്ലമായി ബേസിക് ടാക്സ് കൊടുക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ പ്രക്ഷോഭണം കൂട്ടി ബേഡിക് ടാക്സ് കളക്ഷൻ സ്റ്റേ ചെയ്തിരിക്കുകയായിരുന്നു. എന്നാൽ ഈ നിയമപ്രകാരം ഗവൺമെൻറ് പിന്നേയും കുടിയാനവനിൽ നിന്ന് ഈ ടാക്സ് പിരിക്കുവാൻ അവകാശം കൊടുക്കുകയാണ്. കുടിയാനവന് പ്രൊപ്രൈററി റൈററ് കിട്ടുമ്പോൾ ബേസിക് ടാക്സ് കൊടുക്കേണ്ടത് കുടിയാനവൻതന്നെയാണ്. പക്ഷേ, ആ ടാക്സ് ജന്മിക്കരത്തിൽ നിന്ന് ഇളവു ചെയ്യുവാൻ ഇടപാടുണ്ടായിരിക്കണം. ആയതിനാൽ എന്റെ ഈ ഭേദഗതി എല്ലാ അംഗങ്ങളും അനുകൂലിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. ഡബിൾ ടാക്സ് അനോമലിയിൽ നിന്ന് കൃഷിക്കാരെ രക്ഷപ്പെടുത്തുന്നതിനാണ് എന്റെ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. എം. എം. മത്തായി: ഒരു പ്രത്യേക സ്ഥലവിഭാഗത്തിൽ നിന്നും വന്നിരിക്കുന്ന ഒരു മെംബറാണ് ഞാൻ. ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിസഭയോട് ഞാൻ അനുകൂലിക്കയും ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കുകയും ചെയ്യുന്നു. സർ, ദീർഘകാലമായി ഞാൻ പ്രതിനിധീകരിക്കുന്ന കല്ലൂപ്പാറ പ്രദേശത്തുള്ള ആളുകൾ ഭൂനികുതികൊടുക്കുന്ന കാര്യത്തിൽ അനേകകാലമായി അവശതകൾ അനുഭവിച്ചുവരുന്നു. ആ കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ വന്നിട്ടുള്ള മെംബറന്മാരെല്ലാം ആക്ഷേപങ്ങളും ആരോപണങ്ങളും ഇതിനു മുൻപ് നിലവിലിരുന്ന ഗവൺമെൻറിൽ വച്ചിട്ടുള്ളതാണ്. പക്ഷേ, ഇതുവരെ യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഇടപ്പള്ളി സ്വരൂപത്തിലെ വക കല്ലൂപ്പാറപകുതിയെ സംബന്ധിച്ചിടത്തോളം ഇന്നും കുട്ടയിലും ചാക്കിലുമായിട്ടാണ് ഞങ്ങൾ കരം കൊടുത്തുകൊണ്ടിരിക്കുന്നത്. അങ്ങിനെയുള്ള ഒരു നിലയാണ് അവിടെയുള്ളത്. അതായത് ഇനം നെൽക്കരത്തിലേയ്ക്ക് ഇന്ന് അവിടങ്ങളിൽ ഒരേക്കർ ഭൂമിക്ക് 25 രൂപ വരെ കരമുള്ള ഭൂമി കല്ലൂപ്പാറപ്രദേശത്തുണ്ട്. ഒരേക്കർ ഭൂമിക്ക് 2 രൂപയും 3 രൂപയും അതോടൊപ്പം 10-ം 12-ം പറ നെല്ലും കൊടുക്കണം. അതു പിരിക്കാൻ വരുന്നതുതന്നെ രാക്ഷസനെപ്പോലെയുള്ള ഒരു മനസ

[ശ്രീ. എം. എം. മത്തായി]

പ്പടിക്കാരനാണ്. അയാൾ പറമ്പിൽ ചാക്കമായി അങ്ങിനെയിരിക്കുന്നതു് നാം ഒന്നു കാണേണ്ടതാണ്. ഇന്നു ജനങ്ങൾക്കു് സർക്കാരിനെ ഭയമില്ല. സർക്കാരിന്റെ പോലീസിനെ ഭയമില്ല. എന്നാൽ ഒരു പകുതി പാർവ്വത്യക്കാരനേയും അയാളുടെ മാസപ്പടിയേയും ഞങ്ങളുടെ സ്ഥലത്തു എല്ലാവർക്കും വലിയ ഭയമാണ്. കരം കൊടുക്കുന്നതു പോരാ അവർക്കു നെല്ലും കൊടുക്കണം. വളരെ നാളത്തെ പ്രക്ഷോഭണത്തിന്റെ ഫലമായി ഒടുവിൽ നെല്ലിനു പകരം അതിനുള്ള വില കൊടുത്താൽ മതി എന്നു വന്നു. ആ നെല്ലിനു വില നിശ്ചയിക്കുന്നതു് ഈ എട്ടു രൂപ ശമ്പളമുള്ള പാർവത്യകാരനു തോന്നുന്നവിധത്തിലുള്ള വിലയാണ് ഇപ്പോഴും കൊടുക്കുന്നതു്. അവിടത്തെ പാർവ്വത്യകാരന്മാരുടെ ശമ്പളം ഒന്നു പ്രത്യേകമാണ്. അതു സംബന്ധിച്ചു് അവിടെ വളരെ പരാതികളുണ്ടായാലും ആരോടാണ് പരാതി പറയുന്നതു്. ഇടപ്പള്ളിയിൽ ഒരു രാജാവുണ്ട്. ഞങ്ങൾ ആ രാജാവിനെ കാണാൻ പോയിട്ടുണ്ട്. ഒരിക്കൽ പഴയ നിയമസഭയിലെ മെംബറായിരുന്ന ശ്രീ. ഒ. സി. നൈനാനും അദ്ദേഹത്തിന്റെകൂടെ മററു ചിലരുമായി ഒരു ഡപ്യൂട്ടേഷൻ പോയി. തിരുമേനിയെ ഒന്നു കാണുന്നതിനായി വിവരം അറിയിച്ചപ്പോൾ കൊട്ടാരത്തിന്റെ രണ്ടാമത്തെ നിലയിൽ അദ്ദേഹം വെറും കൗപീനധാരിയായി വന്നുനിന്നു. ഡപ്യൂട്ടേഷൻ എന്നു പറഞ്ഞപ്പോൾ രാജാവ് രാമനെ വിളിച്ചു "എടാ! രാമാ! എന്താണ് ഡപ്യൂട്ടേഷൻ എന്നു പറഞ്ഞാൽ" എന്നു ചോദിക്കുകയും രാമനെ വിളിച്ചു് എടാ, രാമാ! എല്ലാവരോടും പറ പോകാൻ, എല്ലാം അറിഞ്ഞിട്ടുണ്ട്" എന്നു പറഞ്ഞു. അങ്ങനെയുള്ള തിരുമേനിയുടെ പ്രജകളായിട്ടാണ് ഞങ്ങൾ കഴിഞ്ഞുകൂടുന്നതു്.

Mr. Speaker : The hon. Member will confine his speech to the Bill.

Shri M. M. Mathai : Yes, Sir. എനിക്കുതന്നെ ഇതെല്ലാം അനുഭവമുണ്ട് സർ. ഞാൻ ഏക്കറിനു് 19½ രൂപ കരം കൊടുക്കുന്നു. അതുകൊണ്ടു് ഇങ്ങനെ ഒരു നിയമം വന്നെങ്കിൽ വസ്തു ഉടമസ്ഥന്മാർക്കു് കുറെ ആശ്വാസം ലഭിക്കുമായിരുന്നു. കല്ലൂപ്പാറ പകുതിപോലെ ഇത്ര അധികം നികുതി കൊടുക്കുന്ന സ്ഥലം വേറെ എവിടെയെങ്കിലുമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഞങ്ങൾ നെല്ലും പണവും കരമായി കൊടുക്കണം. അതു് എല്ലാ ആണ്ടിലും ഒരുപോലെ കരം കൊടുക്കണം.

ശ്രീ. ആർ. പ്രകാശം: ഇതു് ഇടപ്പള്ളി സ്വരൂപത്തെ ബാധിക്കുന്ന ഒരു കാര്യമാണെന്നു പറയുന്നു. അതെല്ലാം ഈ ബില്ലിൽ ഒഴിവാക്കിക്കൊണ്ടുള്ളതാണെന്നു് ഇവിടെ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി: അതിനായിട്ടാണ് ഈ ബിൽ ഉടനെ നടപ്പിലാക്കണമെന്നും അതോടൊപ്പം Special Rights in Lands Abolition Bill കൂടി ഇതോടൊപ്പം പാസാക്കണമെന്നും ഞാൻ പറയുന്നതു്. ഇതു മാത്രം പാസാക്കുകയാണെങ്കിൽ ഇടപ്പള്ളി സ്വരൂപത്തിനു വളരെ അധികം ഊനമുണ്ടാകുകയില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : എന്തിനെന്നാണ് ഈ ബിൽ പാസാക്കുന്നതുകൊണ്ട് അവിടെയുള്ള ആളുകൾക്ക് ഗുണമുണ്ടാകുന്നത് ?

ശ്രീ. എം. എം. മത്തായി : സർ, അടിസ്ഥാനനികുതി ഏർപ്പെടുത്തും. ഈ ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ ഇടപ്പള്ളി സ്വരൂപംവക വസ്തുക്കളുടേയും വഞ്ചിപ്പുഴവക വസ്തുക്കളുടേയുംകൂടി ബേസിക്ടാക്സ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ടെന്നുതോന്നുന്നു.

ശ്രീ. ടി. എ. മജീദ് : ആ വസ്തുക്കളെ ഒഴിവാക്കിയിരിക്കുകയല്ലേ ?

ശ്രീ. എം. എം. മത്തായി : അതറിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതേസംബന്ധിച്ചു പറയുമ്പോൾ അതു ഞാൻ കേട്ടുകൊണ്ടാണിരുന്നത്. ഈ ലാൻഡ് ടാക്സ് ബില്ലും സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലും ഒന്നിച്ചു നിയമമാകുമ്പോൾ ഈ രാജ്യത്തുള്ള എല്ലാവിധത്തിലുമുള്ള ഭൂസ്വത്തുടമസ്ഥന്മാരേയും അതു ബാധിക്കുന്നതായിരിക്കും. അതുകൊണ്ടു ഈ ബിൽ പാസാകുന്നതോടൊപ്പം സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലുംകൂടി പാസാക്കുന്നതു വളരെ ആവശ്യമായിട്ടുള്ള കാര്യമാണ്. ഈ ബിൽ മാത്രം പാസാക്കുകയും മററതു പാസാക്കാതെയും ഇരിക്കുകയാണെങ്കിൽ വളരെ കഷ്ടങ്ങൾക്കിടയാകും. അതുകൊണ്ടു ഈ ബിൽ ഉടനെ നിയമമാക്കണം. മറേറ ബില്ലുംകൂടി ഒന്നിച്ചുവതരിപ്പിച്ചു രണ്ടുംകൂടി സെലക്റ്റ് കമ്മിററിയിൽവച്ചു രണ്ടും ഒരേസമയങ്ങളിലായി പാസാക്കണം.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു പോയിൻഡ് ഓഫ് ഓർഡർ. ലാൻഡ് ടാക്സ് ബില്ലിനെപ്പററി സംസാരിക്കുമ്പോൾ, മറെറാരു ബില്ലുകൂടി പാസാക്കണമെന്നു പറയാമോ ?

മി. സ്പീക്കർ : പറയാം.

ശ്രീ. എം. എം. മത്തായി : സർ, അതുകൊണ്ടു ഈ ബിൽ മാത്രമായി ഇവിടെ പാസാക്കുന്നതു ശരിയല്ല. ഈ ബില്ലോടുകൂടി, Special Rights in Land Abolition Bill കൂടി ഇപ്പോൾ അവതരിപ്പിച്ചു പാസാക്കുകയോ, അല്ലെങ്കിൽ രണ്ടുംകൂടി സെലക്റ്റ കമ്മിററിക്കു വിടുകയോ ചെയ്യുന്നമെന്നാണ് എനിക്കു പറയാനുള്ളതു്. ഒരേ അവസരത്തിൽ പാസാക്കാനുള്ള രണ്ടു ബില്ലുകളിൽ ഒന്നു ഇപ്പോൾ പാസാക്കുകയും, മറേറതു മീർഘിപ്പിക്കുകയും ചെയ്യുന്നതായാൽ അതുകൊണ്ടു ഞങ്ങൾക്കു പ്രയോജനമില്ല. ഈ ബിൽ പാസാക്കുന്നതുകൊണ്ടു് കൊച്ചിക്കാർക്കു മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. തിരുവിതാംകൂർ നിവാസികൾക്കു ഇതുകൊണ്ടുമാത്രം ഗുണം ഇല്ലാതാണിരിക്കുന്നതു്. ഈ വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ ഞാൻ ഇത്രയും പ്രസ്താവിക്കേണ്ടിവന്നതു്.

Shri T. S. Ramaswami : Sir, while agreeing with the principles underlying this Bill, I would like to support the motion moved by the hon. Member for Shertallai that the Bill be referred to a Select Committee. My reason is this : Clause 9 says :

[Shri T. S. Ramaswami]

> "Thiruppuvaram or Melvaram charged on and payable in respect of any land shall continue to be paid to those entitled to it as heretofore in addition to the basic tax thereon payable to the Government."

Sir, this clause is quite contradictory to the principles of the Bill. I am perfectly sure that my hon. Friend from Chalakudy and my hon. Friend from Manaloor who want this Bill to be extended to Cochin, will agree with me when I say that there is iniquitous land tax, so far as thiruppuvaram lands are concerned, in the South, ranging from Thovala taluk up to Attingal covering an area of more than 8,000 acres. About this thiruppuvaram I am quoting from a report of a Committee in which my hon. Friend, the present Finance Minister, the erstwhile Advocate-General and the representative of the Sri Padmanabhaswamy Temple Trust were members. The report says:

> "On this assumption and for the reasons stated in paragraphs 1 and 2 of this Chapter, the Committee is of the view that it is inequitable and against the policy of Government to realise Thiruppuvaram in addition to Basic Tax from holders of Pandarapattom lands charged with Thiruppuvaram to Sree Pandaravaka. Therefore Thiruppuvaram due to Sree Pandaravaka should be paid by Government—Section 8 of the Land Tax Proclamation may be suitably amended."

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ബില്ലിൽ ക്ലാസ്സ് 2-ൽ 1954-ലെ ടെനൻസി ആക്റ്റ് എന്നു കാണുന്നു. അങ്ങനെയൊരു ആക്റ്റ് ഇവിടെ പാസാക്കിയതായിട്ട് അറിവില്ല. എന്തുകൊണ്ട് ഇങ്ങനെ വന്നുചേർന്നുവെന്നുള്ളതിലേയ്ക്ക് ഒരു ഇൻഫർമേഷൻ വേണ്ടിയിരിക്കുന്നു.

Shri P. S. Nataraja Pillai: Sir, at the third reading stage such clerical mistakes can be removed. That is usually the rule.

ശ്രീ. മഞ്ഞൂരാൻ: ഈ ബില്ലിന്റെ ക്ലാസ്സ് 2-ൽ പറഞ്ഞിരിക്കുന്ന ജന്മിയും കുടിയാനും ആക്റ്റ് ആണ് കൊച്ചിയിൽ ഉള്ളതായിരുന്നത്. അവിടെ കാണം ടെനൻസി ആക്റ്റാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ല് കൊച്ചിയിൽകൂടി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഞാൻ ഉന്നയിച്ച പോയിന്റിന് മറുപടി കിട്ടിയില്ല. അതിനെപ്പറ്റി ഒരു റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ: അതൊരു ക്ലറിക്കൽ മിസ്റ്റേക്കാണ്. ഈ ബില്ലിന്റെ ഫൈനൽ റീഡിംഗിൽ ശരിയാക്കിക്കൊള്ളാമെന്നാണ് മന്ത്രി പറയുന്നത്.

Shri T. S. Ramaswami: May I continue, Sir.

Mr. Speaker: Yes, you can proceed.

Shri T. S. Ramaswami: So, Sir, this fact is agreed by all concerned—by the Government, by the present Finance Minister and by the Advocate-General.

My point is only this. So far as thiruppuvaram lands are concerned, no exemption should be provided. The people are already overtaxed. My friend was saying that cultivators had to give one kotta of paddy for one kotta of paddy land. But in the south it is 5 kottas for one kotta of paddy land, that is, 55 paras of paddy. Imagine the hardship those people are facing today. In spite of the fact that the Maniamkaram Karom Enquiry Committee submitted a report recommending unanimously that this thiruppuvaram should be abolished, it is unfortunate that my hon. Friend, the Finance Minister should bring forward a bill giving exemption to thiruppuvaram lands from the provisions of this Bill. So, Sir, my submission is that thiruppuvaram should also be abolished when this bill is finally passed. With these few observations I support my hon. Friend who moved the amendment.

ശ്രീ. എ. ജെ. ജോൺ: സർ, 1121-ൽ ഇവിടെയൊരു ലാൻഡ് ടാക്സ് പ്രൊക്ലമേഷൻ ഉണ്ടായിട്ടുണ്ട്. ഇടവകഭൂമികളെ സംബന്ധിച്ചു ജന്മികരം ഇളവുചെയ്തിട്ടില്ല. ഈ സ്ഥിതിക്ക് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ലാൻഡ് ടാക്സ് ബിൽമാത്രം പാസാക്കുകയും സ്പെഷ്യൽ റൈറ്റ്സ് ഇൻ ലാൻഡ്സ് അബോളിഷൻ ബിൽ പാസാക്കാതെ ദീർഘിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഇടവകക്കാർ ബേസിക് ടാക്സും ജന്മികരവും കൊടുക്കേണ്ടതായിവരും.

ശ്രീ. എം. പി. മേനോൻ: ഈ ബില്ലിൽ, സെക്ഷൻ 7-ൽ ഈ കാര്യം വ്യവസ്ഥചെയ്യുന്നില്ലേ?

ശ്രീ. എ. ജെ. ജോൺ: സെക്ഷൻ 7-ൽ പറയുന്നതു ഇപ്രകാരമാണ്.

> "This Act is not applicable to lands held or leased by the Government or any land or class of lands which Government may, by notification in the Gazette either wholly, or partially exempt from the provisions of this Act."

ഇതിൽ പറഞ്ഞിരിക്കുന്നപ്രകാരം ഇടവകഭൂമിയെ ഒഴിവാക്കുന്നതിനു ഗവണ്മെന്റു ആക്ഷൻ എടുക്കുമോ ഇല്ലയോ എന്നുള്ളതു അറിയേണ്ട ഒരുകാര്യമാണ്. അതായതു് Special Right in Land Abolition Bill പാസ്സാക്കുന്നതുവരെ ബേസിക് ടാക്സ് ഇടവകക്കാർ കൊടുക്കേണ്ടതില്ലാ എന്നു ഒരു നോട്ടിഫിക്കേഷൻ പരസ്യം ചെയ്യണം. കൊച്ചിയിലേക്കുകൂടി ബാധകമാകത്തക്കവിധത്തിൽ ഈ ബില്ലു് ഈ വ്യവസ്ഥയോടുകൂടി ഉടനെ പാസാക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ലാൻഡ് ടാക്സ് ബില്ലിന്റെകൂടെ സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലുകൂടി പാസാക്കിയാൽതന്നെയും ജന്മിക്കരവും അതോടുകൂടെ ബേസിക് ടാക്സും കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ. എ. ജെ. ജോൺ: കൊടുക്കേണ്ടിവരികയില്ല. ഇപ്പോഴും ഇടവകയ്ക്കു കൊടുക്കുന്ന തുകയിൽ ബേസിക് ടാക്സ് കഴിച്ചു് ബാക്കിയുള്ളതും, ബേസിക് ടാക്സും കൊടുത്താൽ മതിയാകും.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ലാൻഡ് ടാക്സിനെപ്പററി ശ്രീമതി കെ. ആർ. ഗൗരി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ ബിൽ തിരുവിതാംകൂറിൽ ഇന്നു നിലവിലിരിക്കുന്ന ഒരു ബില്ലാണ്. ഇതു് കൊച്ചിയിൽക്കൂടി വ്യാപിപ്പിച്ച്, അവിടത്തെ കൃഷിക്കാർക്കു കൂടി ഗുണമുണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ട് ധനകാര്യമന്ത്രി പെട്ടെന്ന് ഇതു പാസ്സാക്കി എടുക്കാൻ വെമ്പൽകൊള്ളുകയാണ്. ബില്ലിന്റെ ടൈററിലിൽതന്നെ പറഞ്ഞിരിക്കുന്നതു്, 'ട്രാവൻകൂർ-കൊച്ചിൻ ലാൻഡ് ടാക്സ് ബിൽ' എന്നാണ്. 1121-ൽ ഇവിടെ ഒരു ലാൻഡ് ടാക്സ് ബിൽ നടപ്പിൽ വരുത്തുകയുണ്ടായി. ആ സ്ഥിതിക്ക് ബില്ലിന്റെ ടൈററിലിൽ പറയേണ്ടിയിരുന്നതു്, "ട്രാവൻകൂർ-കൊച്ചിൻ ലാൻഡ് ടാക്സ് അമെൻഡ്മെന്റ് ബിൽ" എന്നായിരുന്നു. അതുകൊണ്ട് ഇതിന്റെ ടൈററിൽതന്നെ വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ബില്ലിന്റെ വ്യാപ്തിയേയും, പ്രയോജനത്തേയുംപററി നോക്കുകയാണെങ്കിൽ, ഇതു് കൊച്ചിയിൽക്കൂടി വ്യാപിപ്പിക്കുന്നതായാൽത്തന്നെ കുടിയാൻ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ജന്മികാരത്തിനു പുറമെ, ബേസിക് ടാക്സ് കൂടി കൊടുക്കേണ്ടതായി വരുമെന്നു കാണാവുന്നതാണ്. അതുകൊണ്ടാണ് ഈ ബില്ലുമാത്രം ഇപ്പോൾ പാസ്സാക്കാൻ പാടില്ലെന്ന് ഞാൻ വാദിക്കുന്നതു്. ഇവിടെ കാണം ടെനൻസി ആക്ട്, കാമ്പൻസേഷൻ ഫോർ ടെനന്റ് ഇംപ്രൂവ്മെന്റ് ബിൽ, മുതലായ കുറെയധികം ബില്ലുകൾ കൊണ്ടുവരാൻപോകുകയാണ്. അതിനിടയിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവനും ലാൻഡ് ടാക്സ് മാത്രം ഏകീകരിക്കുന്ന ഒരു ബിൽ പെട്ടെന്നു പാസ്സാക്കിയതുകൊണ്ട് പ്രയോജനം കാണുന്നില്ല. എന്റെ സ്നേഹിതൻ പറയുന്നതുപോലെ ഈ ബില്ലിന്റെ 8-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്.

> "Jenmikaram charged on and payable in respect of any land under the Travancore Jenmi and Kudiyan Act of 1071 as subsequently amended or the Kanom Tenancy Act, 1954 shall continue to be paid to the Jenmies in addition to the basic tax thereon payable to the Government."

ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഈ ബിൽ ഇപ്പോൾ പാസ്സാകുന്ന പക്ഷം, ബേസിക് ടാക്സ് കൊടുക്കുന്നതിനു പുറമെ ജന്മിക്കു കൊടുക്കാനുള്ള മുഴുവൻ ഭോഗങ്ങളും കൊടുക്കേണ്ടതാണെന്ന് നിർബ്ബന്ധിച്ചിരിക്കുകയാണ്.

Shri P. S. Nataraja Pillai: Where is the hardship? It is not a new proposal at all. It is an old proposal. It is not an additional charge.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: അങ്ങനെ ജന്മിമാരെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടാനുള്ള ജന്മിക്കരം അതേപടി തുടർന്നുകൊണ്ടുപോകുന്നതിനുള്ള ഒരു വ്യവസ്ഥയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതേ സമയം കുടിയാനെ സംബന്ധിച്ച് വിശേഷാൽ യാതൊരു സൗജന്യവും ഈ ബില്ലിൽ കാണുന്നില്ല. കുടിയാൻ കൊടുക്കേണ്ടിവരുന്ന ജന്മിക്കരം കുറയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഇതി

മുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ ഈ ബില്ലിനെ സ്വാഗതംചെയ്യുമായിരുന്നു. എന്നാൽ ഒരു വിഭാഗം ആളുകൾക്കുമാത്രം ഇതുകൊണ്ടു ഗുണമുണ്ടായാൽ മതിയെന്നായിരിക്കും ബഹുമാനപ്പെട്ട മന്ത്രിയുടെ ഉദ്ദേശമെന്നുതോന്നുന്നു. തലപ്പിള്ളി താലൂക്കിലുള്ള കുടിയാന്മാർക്കു് ഈ ബില്ലുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമോ എന്നുള്ളതു് സംശയമാണു്. പൊതുവെ ബേസിക് ടാക്സ് നടപ്പിൽ വരുത്തുന്നതിനോടു് ഞങ്ങൾക്കു അനുകൂലമാണുള്ളതു്. അതേ അവസരത്തിൽ പറയത്തക്ക സൗജന്യം കുടിയാനെ സംബന്ധിച്ചിടത്തോളം ഇല്ലാതാണിരിക്കുന്നതു്. ഈ ബിൽ 1954 മുതൽ നടപ്പിൽ വരുത്തണമെന്നു് ഉദ്ദേശിക്കുന്നതുകൊണ്ടും, ഉടനെ തന്നെ ഇതു പാസ്സാക്കണമെന്നു് ആഗ്രഹിക്കുന്നതുകൊണ്ടുമാണു് ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്കയച്ചു് കുടിയാന്റെ രക്ഷയ്ക്കുകൂടി എന്തെങ്കിലും വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തണമെന്നു പറയുന്നതു്. സർ സി. പി. യുടെ കാലത്തു് ലാൻഡുടാക്സിനെ സംബന്ധിച്ചിടത്തോളം സെന്റിനു നാലുകാശായി വ്യവസ്ഥ ചെയ്തിരുന്നതു് കോൺഗ്രസ്സ്ഭരണം വന്നതു മുതൽ സെന്റിനു് കാലണയായി വർദ്ധിപ്പിക്കുകയാണു ചെയ്തതു്.

Mr. Speaker: Shall we sit up to 5 O'clock today? I should like to know the sense of the House.

Shri P. S. Nataraja Pillai: No, Sir. We have been sitting continuously for a number of days. It is enough if we sit till 4·30.

Shri T. V. Thomas: Yes, Sir.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഞങ്ങൾ ഭൂമിക്കു നികുതി തന്നെ പാടില്ലെന്നു വിചാരിക്കുന്ന ആളുകളാണു്. 1110-ൽ സർ സി. പി. രാമസ്വാമി അയ്യർ ഇവിടെ ഭരിച്ചിരുന്ന കാലത്തു് ബഹുമാനപ്പെട്ട മന്ത്രി മി. നടരാജപിള്ളയുംകൂടി ഉൾപ്പെട്ടിരുന്ന ഒരു കക്ഷി ലാൻഡ്റവന്യൂ ഡിമാന്റിനു ഒരു ഖണ്ഡനോപക്ഷേപം കൊണ്ടുവന്നു് ഭൂനികുതി എടുത്തുകളയണമെന്നും ഒരു പ്രോഗ്രസ്സീവ് സ്കെയിലിലുള്ള ഇൻകംടാക്സ് നടപ്പിൽ വരുത്തണമെന്നും വാദിച്ചിരുന്നു. ആ ഖണ്ഡനോപക്ഷേപത്തിൽ ഇന്ന വിധത്തിലാണു പറയേണ്ടതെന്നു് ഉപദേശിച്ചതു് ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. നടരാജപിള്ളയാണെന്നാണു് എന്റെ ഓർമ്മ. അങ്ങിനെയുള്ള ആളുകൾ ഉൾക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റു് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ മററൊന്നും ചെയ്തില്ലെങ്കിലും സർ സി. പി. രാമസ്വാമി അയ്യർ അടിസ്ഥാന നികുതിയാക്കിവച്ചിരുന്ന 4 കാശു് എന്നുള്ളതിനു പകരം രണ്ടു പൈസയാക്കിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അതൊന്നും ഇല്ലാത്തപ്പോൾ യാതൊരു വാദപ്രതിവാദവും കൂടാതെ ഇവിടെ പാസ്സാക്കുവാൻ സാദ്ധ്യമല്ല. ഈ ബിൽ ഇതേ നിലയിൽ പാസ്സാക്കിയെടുക്കുകയാണെങ്കിൽ ഭൂമിയുടമസ്ഥന്മാർ കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നതാണു്. അതുകൊണ്ടു് ഈ ബിൽ സെലക്റ്റ കമ്മിററിക്കയയ്ക്കണമെന്നും അതിനുശേഷമേ പാസ്സാക്കുവാൻ പാടുള്ളുവെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മാവേലിക്കര മെംബറും മററു ബഹുമാനപ്പെട്ട അംഗങ്ങളും ഈ ബില്ലിനെപ്പററി പറഞ്ഞ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഞാൻ രണ്ടു വാക്കു പറയുക

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

യാണ്. ഈ ബില്ലിന്റെ ഉദ്ദേശം എന്താണെന്ന് സ്റ്റേറ്റമെന്റ് ആഫ് ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്നത് ഇങ്ങനെയാണ്.

"With a view to make the land revenue assessment uniform throughout the State, it is proposed to extend the basic land tax system to Cochin area also with effect from 1st April 1955." ആ സ്റ്റേറ്റമെന്റിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം, അതിന്റെ ഒട്ടാകെ ഉദ്ദേശം തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ബേസിക്ക് ടാക്സ് സിസ്റ്റം കൊച്ചിയിലേയ്ക്കു കൂടി വ്യാപിപ്പിക്കുകയാണ്. അതേ അവസരത്തിൽ തിരുവിതാംകൂറിലെ ചില ഭാഗത്തിൽ ബഹു: രാമസ്വാമിയും, ബഹു: മാവേലിക്കര മെംബറും, ശ്രീമതി ഗൗരിയും മററും പറഞ്ഞതുപോലെ തുല്യപ്പെടുത്തേണ്ട ചില കാര്യങ്ങൾ കൂടുതലുണ്ടായിരിക്കും അല്ലെങ്കിൽ ഇല്ലായിരിക്കും. പക്ഷെ ഇവിടെ തുല്യപ്പെടുത്തേണ്ട ചിലകാര്യങ്ങൾ ഉണ്ടെന്ന കാര്യം ഉള്ളതുകൊണ്ട് ഈ ബിൽ ഏതുദ്ദേശത്തോടുകൂടി കൊണ്ടുവന്നോ ആ ഉദ്ദേശം നിറവേററാതെയിരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബഹു: മാവേലിക്കര മെംബർ 1121-ലെ പ്രാക്ളമേഷനിൽ ബേസിക് ടാക്സ് ഒരു സെൻറിന് 4 കാശു റേറ്റിലാണ് നിശ്ചയിച്ചിരുന്നതെന്നും അതിനെ കാൺഗ്രസ്സ് ഗവണ്മെൻറ് കാലണയായി ഉയർത്തിയെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയുടെ അടിസ്ഥാനത്തിൽ ഭൂമിക്കു നികുതിപോലും കൊടുക്കേണ്ടതില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായമെന്നും പറഞ്ഞു. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത്, സർ, ഭൂമിയിൽ സ്വകാര്യ ഉടമാവകാശം ഉണ്ടായിരിക്കുകയും സ്വകാര്യ ഉടമാവകാശം നിലനിറുത്തുകയും ചെയ്യുന്ന സന്ദർഭത്തിലും ഭൂമിക്കു നികുതി പാടില്ലെന്നാണോ പറയുന്നത് എന്നു അറിയുവാൻ എനിക്കാഗ്രഹമുണ്ട്.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി :</u> അതെ.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :</u> അങ്ങിനെയാണെങ്കിൽ അതു തീരെ പ്രതിലോമപരമായ ഒരു നയമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി :</u> അല്ല.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :</u> ആണെന്നാണ് എന്റെ അഭിപ്രായം. അതു വളരെ റിആക്ഷണറിയായിട്ടുള്ള ഒരഭിപ്രായമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി :</u> എങ്ങിനെ ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :</u> ഒൻപതിനായിരം ചതുരശ്രമൈൽസു മാത്രം വിസ്തീർണ്ണമുള്ള ഈ രാജ്യത്തു് എറെസ്ഥലങ്ങളും കായലും കാടും ആണ്. ജനങ്ങൾക്കു് കൃഷിചെയ്യുവാനും വസിക്കുവാനും കുറച്ചുമാത്രം ഭൂമിയുള്ള ഈ രാജ്യത്തു് 93 ലക്ഷം ജനങ്ങൾ ഉള്ളതിൽ എത്രാനും ഒരംശം ജനങ്ങൾക്കുമാത്രം ഭൂമി സ്വന്തമായി വയ്ക്കുവാൻ

വാൻ സാധിക്കുന്ന ഈ രാജ്യത്തു്, എത്ര നല്ല ഭൂനിയമങ്ങൾ ഉണ്ടായിരുന്നാലും എല്ലാവർക്കും ഭൂമി കൊടുക്കുവാൻ സാദ്ധ്യമല്ലാത്ത ഈ രാജ്യത്തു്, എത്രതന്നെ പുരോഗമനപരമായ ഒരു നയമുണ്ടായാലും 'എല്ലാ പൗരന്മാർക്കും ഒരു വീടും കൃഷിചെയ്യുവാനുള്ള ഭൂമിയും കൊടുക്കുവാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ജനസംഖ്യയും കൃഷിഭൂമിയും ഉള്ള ഈ രാജ്യത്തു്, ഏതെല്ലാം വിധത്തിലുള്ള നിയമനിർമ്മാണങ്ങളുണ്ടായാലും ഭൂമി ഏതാനും പേരുടെ സ്വത്തായിരിക്കും. ആ ഏതാനും പേരെ വളരെ ഏറെ വിപുലപ്പെടുത്തുവാൻ സാധിക്കും. അതു് 10 ആളാകാം; ലക്ഷം ആകാം; 93 ലക്ഷം ജനങ്ങൾക്കും ഭൂമി ഉടമസ്ഥത കൊടുക്കുവാൻ സാധിക്കുകയില്ല. അതു വേണമെന്നുണ്ടെങ്കിൽ ഭൂമി നാഷണലൈസ് ചെയ്യണം. നാഷനലൈസേഷൻ ഉണ്ടാകുമ്പോൾ ഭൂനികുതി ഉണ്ടാകയില്ല. അപ്പോൾ എല്ലാവർക്കുംകൂടി അനുഭവിക്കാനുള്ള ഭൂമി എത്ര കുറച്ചു തുണ്ടമായിട്ടാണെങ്കിലും ഏതാനും പേരുടേതായിട്ടേ വരികയുള്ളൂ. ആ വ്യവസ്ഥയാണു് സ്വകാര്യ ഉടമ. അങ്ങനെ സ്വകാര്യഉടമ നിലനിൽക്കുന്ന കാലത്തോളം ഒരു ചെറിയ നികുതി ചുമത്തുന്നതു ശരിയല്ലെന്നു പറയുന്നതു് വളരെ റിയാക്ഷനറിയായിട്ടുള്ള ഒരഭിപ്രായമാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഭൂമിയിലുള്ള ഉടമാവകാശം സ്ഥാപിക്കുവാൻ നികുതി കൊടുക്കലല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉൽപ്പാദനത്തിനുള്ള സൗകര്യം ഏതാനും ചില പൗരന്മാർക്കു മാത്രം കിട്ടുകയാണെങ്കിൽ അതിന്മേൽ ഒരു നികുതി ഏർപ്പെടുത്തുന്നതു് ഏററവും ന്യായമായിട്ടുള്ള ഒരു കാര്യമാണെന്നു് പല വിദഗ്ദ്ധന്മാരും പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഒരു കണ്ണക്കൂത്തുതാള വച്ചിട്ടു് കാർഷികാദായ നികുതി ഏർപ്പെടുത്തിയാൽ എന്താണു വിരോധം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാവേലിക്കര മെമ്പർ പറഞ്ഞതു് അതല്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അതേ, അതുതന്നെയാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ പറഞ്ഞതു് ഭൂനികുതിയേ പാടില്ലെന്നാണു്. ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ പറഞ്ഞിരുന്നതു് പത്തു സെൻറിനു് 1 കാശും ഇരുപതു സെൻറിനു് 2 കാശും, 30 സെൻറിനു 3 കാശും ആയിരുന്നെങ്കിൽ, അര ഏക്കറിനു താഴെയുള്ളതിനു നികുതി ഇല്ലെന്നുള്ള വിധത്തിലായിരുന്നെങ്കിൽ ഈ എഴുപതു മിനിട്ടു സമയം മെനക്കെടുത്താതിരിക്കാമായിരുന്നു.

സർ, എന്റെ അഭിപ്രായം ഇന്നത്തെ കാലാവസ്ഥയ്ക്കു ഒരു സെൻറു ഭൂമിയിന്മേൽ, അതും ഭൂമിയെക്കാൾ പ്രിയപ്പെട്ട ഒരു വസ്തു ഈ രാജ്യത്തു് ഇല്ലാതെ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, കൈവശപ്പെടുത്തുന്നതിനുള്ള കാമ്പെൻസേഷനിൽ ഒരു കാലണ നികുതി ചുമത്തുന്നതു് അത്ര വളരെ ആക്ഷേപിക്കാനുള്ള ഒരു കാര്യമാണെന്നു തോന്നീട്ടില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ബഹുമാനപ്പെട്ട മെംബർക്ക് ബേസിക്ക് ടാക്സ് 4 കാശു ആയിരുന്നതു് കാൽ അണ ആക്കിയതിനു് നീതീകരണം തരാൻ വല്ലതുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുകൊല്ലംമുൻപു നാലു കാശു് കാൽ അണ ആക്കിയ സന്ദർഭത്തിൽ അതിനെപ്പറ്റി ഇന്നു മാവേലിക്കര മെംബർ ചെയ്തതിനേക്കാൾ വളരെ ഏറെ ആക്ഷേപിച്ച ആളാണു് ഇന്നത്തെ മുഖ്യമന്ത്രി. ഞാൻ ഇന്നും ഓർക്കുന്നുണ്ടു്. അന്നു മിസ്റ്റർ എ. ജെ. ജോൺ അന്നത്തെ ധനകാര്യമന്ത്രിയുടെ നിലയിൽ ബേസിക്ക് ടാക്സ് 4 കാശു് കാൽ അണ ആക്കണമെന്നു് ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ എനിക്കു് ഇന്നുവരെ വിവരിക്കാൻ സാധ്യമല്ലാത്തവിധത്തിലുള്ള ധർമ്മരോഷത്തോടുകൂടി അദ്ദേഹം പറഞ്ഞു, ഇന്നു ഇതിനെപ്പറ്റി വേണ്ടിടത്തോളം അറിയുവാനുള്ള സന്ദർഭം ഇല്ലാത്തതുകൊണ്ടു് എതിർത്തതാണെന്നു്. ഇന്നു് അദ്ദേഹത്തിന്റെ ഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ള ബില്ലിൽ നാലു കാശു എന്നുള്ളതു് കാൽ അണ ആക്കിയതിനെക്കുറിച്ചു് ആക്ഷേപമില്ലെന്നു്. തന്നെയല്ല, പരോക്ഷമായി അതിനു സമ്മതാനുവാദം കൊടുക്കുന്നതിൽ കവിഞ്ഞൊന്നും കൊണ്ടുവന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: കോൺഗ്രസ്സ് ഗവണ്മെന്റ് ചെയ്തിട്ടുള്ള തെററുകൾ തിരുത്തുവാൻ ഈ ഗവണ്മെന്റിനു് ഉദ്ദേശമില്ല. (ചിരി) അതിലുള്ള നിർദ്ദേശവും ഈ ബില്ലിനില്ല. ബേസിക് ടാക്സ് കൊച്ചിയിലും വ്യാപിപ്പിക്കണം. അതുമാത്രമാണു് ഈ ബില്ലിന്റെ ഉദ്ദേശം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: നാലുകാശിൽനിന്നു കാലണ ആക്കിയപ്പോൾ ഉണ്ടായിരുന്ന കറൻസിയുടെ വിലയാണോ ഇന്നുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1951-ൽ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ നാണയത്തിന്റെ വില ഇന്നു് കൂടിയിരിക്കുകയാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അടിസ്ഥാനനികുതി ഏർപ്പെടുത്തുന്നതു് കാലാകാലങ്ങളിലുള്ള കറൻസിയെ അടിസ്ഥാനപ്പെടുത്തിയാണോ, വേറെ ഏതെങ്കിലും ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാനും മാവേലിക്കര മെംബറും തമ്മിലുള്ള വാദംവിട്ടു് ഞാൻ മുഖ്യമന്ത്രിയുമായിട്ടുള്ള വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും, അദ്ദേഹത്തിന്റെ ഗവണ്മെന്റിനും സെൻറിനു് നാലു കാശു എന്നുള്ളതു് കാൽ അണ ആക്കിയതു് തെററാണെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ ആ തെററു തിരുത്താത്തതു് തെററായി എന്നു പറയാതെ തരമില്ല. ഞാൻ ഇന്നു ആവശ്യപ്പെടുന്നതു് കാൽ അണ എന്നുള്ളതു് നാലുകാശാക്കണമെന്നും..................

ശ്രീ. എ. താണുപിള്ള: ഇന്നു കാശില്ല. (ചിരി)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: 1950-ൽ ഞങ്ങൾ എതിർത്തപ്പോൾ കാശുണ്ടായിരുന്നു.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ഇപ്പോഴും ഈ ബില്ലു കൊണ്ടുവന്നതു് കാരണമില്ലാതാക്കിയതിനു ശേഷമാണെന്നു കരുതരുതോ? ഇന്നത്തെ നികുതി കൂടുതൽ ആണെന്നു ഗവണ്മെന്റിനു് ഉദ്ദേശമുണ്ടെങ്കിൽ അതിനു് സൗകര്യമുണ്ടെങ്കിൽ കാൽ അണ എന്നുള്ളതു് രണ്ടു പൈസയാക്കിയാൽ കൊള്ളാം.

പിന്നെ കൊച്ചിയിലേയ്ക്കു് തിരുവിതാംകൂറിൽ നിലവിലുള്ള ബേസിക് ടാക്സ് വ്യാപിപ്പിക്കുവാൻ കൊണ്ടുവന്ന ഒരു നിയമമായതുകൊണ്ടു് രണ്ടുമൂന്നു കാര്യങ്ങളും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിൽ ആലോചിച്ചിട്ടുണ്ടോ എന്നു് അറിയുവാൻ ഞാൻ ചോദിക്കുകയാണു്. മൂന്നാമത്തെ ക്ലാസ്സിൽ ഒടുവിലത്തെ പ്രൊവൈസോയിൽ പറയുന്നുണ്ടു് ബേസിക് ടാക്സ് കൊച്ചിയിലെ ഇൻകാർപ്പറേറ്റഡ് ദേവസ്വങ്ങൾക്കു് ബാധകമാണെന്നു്. കൊച്ചിയിൽ ദേവസ്വം കൈവശപ്പെടുത്തിട്ടുള്ള വസ്തുക്കൾ എല്ലാം പുറവകയും ജന്മവും ഭൂമികളാണു്. അതിനു് ബേസിക്ക് ടാക്സിനെക്കാൾ കൂടുതൽ നികുതി ഇപ്പോഴും ഉണ്ടാകും. ഇൻകാർപ്പറേറ്റഡ് ദേവസ്വത്തിലെ കുടിയാന്മാർ ദേവസ്വത്തിൽനിന്നു പട്ടയം വാങ്ങിയിട്ടുള്ളവരാണു്. ഒരു ഭൂമിക്കു് കൊച്ചിയിലെ സെറ്റിൽമെന്റ് ആക്റ്റനുസരിച്ചു് പണ്ടാരവക പട്ടയമാക്കു് 3 രൂപയാണെങ്കിൽ ആ ഭൂമിയിന്മേൽ ദേവസ്വം പട്ടയദാർ കൊടുക്കേണ്ടതു് നാലു രൂപയാണു്. അതായതു് സർക്കാർ അസസ്സ്മെന്റ് അനുസരിച്ചു് പണ്ടാരവക മൂന്നു രൂപ കരമുള്ള ഭൂമിക്കു് ദേവസ്വത്തിലേയ്ക്കു കൊടുക്കേണ്ടതു് നാലുരൂപയാണു്. ഈ ബേസിക്ക് ടാക്സ് സിസ്റ്റം കൊച്ചിയിലേയ്ക്കു് ഇൻട്രൊഡ്യൂസ് ചെയ്യുന്നതുകൊണ്ടു് കൊച്ചിയിലെ ഇൻകാർപ്പറേറ്റഡ് ദേവസ്വത്തിനാണോ ദേവസ്വത്തിലെ കുടിയാന്മാർക്കാണോ അതു് സാധിക്കുവാൻ പോകുന്നതു്? ബേസിക്ക് ടാക്സ് കൊണ്ടുള്ള നന്മ ദേവസ്വത്തിനല്ല, ദേവസ്വത്തിലെ കുടിയാന്മാർക്കാണു് ഉണ്ടായിരിക്കേണ്ടതു്. ഇതിലുള്ള വ്യവസ്ഥ അതിനു് മതിയാകുമോ എന്നു പ്രത്യേകം ആലോചിക്കണം.

<u>ശ്രീ. എ. താണുപിള്ള:</u> ഏതു് ക്ലാസ്സിനെപ്പറ്റിയാണു് പറയുന്നതു്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> സെക്ഷൻ മൂന്നിലെ അവസാനത്തെ പ്രൊവൈസോയെപ്പറ്റിയാണു്.

Provided also that in the case of lands belonging to incorporated Devaswoms in the Cochin area the basic tax levied under this Act shall be in lieu of the land revenue assesssment charged on such lands and that the net rent on those lands due to the said Devaswoms as fixed under the provisions of the Cochin Devaswom Proclamation dated 29th Makaram 1086 and the Rules issued thereunder shall remain in force and continue to be payable to the Devaswoms.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിലെ ഇൻകോർപ്പറേറഡ് ദേവസ്വങ്ങൾ പട്ടയപ്രകാരം കുറെ വസ്തുക്കൾ കൈവശംവച്ചിട്ടുണ്ട്. ഈ ബില്ലുകൊണ്ട് നികുതി കുറവുചെയ്യുകയാണെങ്കിൽ അത് കുടിയാനവന്മാർക്ക് കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യണമെന്നല്ലാതെ ദേവസ്വത്തിന് അത് ഗുണമായിരിക്കാൻ പാടില്ല. കൊച്ചിയിലെ ദേവസ്വങ്ങൾ ഇന്ന് ഏതാണ്ട് പതിനായിരം രൂപയോളം സർക്കാരിന് നികുതി കൊടുക്കുന്നുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സമയക്ലിപ്തം എല്ലാവരെയും ബാധിക്കുന്നതാണോ അതോ കുറെ ആളുകളെമാത്രം ബാധിക്കുകയുള്ളോ?

The Assembly adjourned at 4-30 P. M. to meet again at Eleven o' clock on Saturday the 7th August 1954.